

# കേരളത്തിലെ പട്ടിക വർഗ്ഗ ജനതയുടെ സവിശേഷതകൾ ജീവിത ചുറ്റുപാടുകൾ

# Specialties and Life Settings of Tribal People in Kerala

വാല്യം – 1
**Volume-1**


ചീഫ് എഡിറ്റർ
**പി. പുഗഴേന്തി**

എഡിറ്റർ
**കെ. എസ് പ്രദീപ് കുമാർ**



പരിശീലന വിഭാഗം
കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ
പരിശീലന, വികസന പഠന വകുപ്പ് (കിർടാഡ്സ്)
കോഴിക്കോട് – 17

First Published: 20


Specialties and Life Settings of Tribal People in Kerala

# കേരളത്തിലെ പട്ടിക വർഗ്ഗ ജനതയുടെ സവിശേഷതകൾ ജീവിത ചുറ്റുപാടുകൾ

# Specialties and Life Settings of Tribal People in Kerala


ചീഫ് എഡിറ്റർ

**പി. പുഗഴേന്തി**

എഡിറ്റർ

**കെ.എസ് പ്രദീപ് കുമാർ**



പരിശീലന വിഭാഗം

കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ

പരിശീലന, വികസന പഠന വകുപ്പ് (കിർടാഡ്സ്)

കോഴിക്കോട് - 17

*Copy Right © Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes (KIRTADS), Kozhikode*

# കേരളത്തിലെ പട്ടിക വർഗ്ഗ ജനതയുടെ സവിശേഷതകൾ, ജീവിത ചുറ്റുപാടുകൾ
# Specialties and Life Settings of Tribal People in Kerala

വാല്യം - 1
Volume-1
ISBN: 9788194168515

Chief Editor
**P Pugazhendi**
Editor
**K.S Pradeep Kumar**

**Editorial Board**
Dr. P Pugazhendi, IFS, Director
Dr. K.S Pradeep Kumar, Deputy Director (Training)
Dr. Indu Menon, Lecturer
Ms. Deepa S, Lecturer
Ms. Nina V, Lecturer
Ms. Rajani R.V, Research Officer
Mr. Anish M.S, Research Assistant
Mr. Jafar K, Research Assistant

Published by
**Dr. P Pugazhendi, IFS**
**Director**
*Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes (KIRTADS), Kozhikode*

*The opinions raised in the articles of this volume are those of the individual authors and not necessarily that of KIRTADS Dept.*

*Printed at:* C-apt, Kozhikode
*Price Rs:* 250
*Number of Copy:* 1000

# ഉള്ളെഴുത്തുകൾ


| | | പേജ് |
|---|---|---|
| | മുഖക്കുറിപ്പ് | 6 |
| | ആമുഖം | 8 |

**I**

| | | |
|---|---|---|
| I.I | കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ | 16 |
| I.II | പട്ടികവിഭാഗങ്ങളും ഭരണഘടനയും | 47 |
| I.III | പട്ടികവർഗ്ഗ ഉത്തരവുകൾ | 51 |
| I.IV | ഗോത്ര പാരമ്പര്യം: 21–ാം നൂറ്റാിൽ<br>– കെ.എസ് പ്രദീപ് കുമാർ | 56 |
| I.V | വംശീയവൈദ്യവും പ്രാഥമികാരോഗ്യ സംരക്ഷണവും<br>– എൻ വിശ്വനാഥൻ നായർ | 61 |
| I.VI | പട്ടികവർഗ്ഗ വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്<br>–കെ. ശിവരാജൻ | 67 |
| I.VII | ബാസാഹേബ് അംബേദ്ക്കറുടെ വിദ്യാഭ്യാസ ദർശനങ്ങൾ<br>– ആർ. അനിരുദ്ധൻ | 73 |
| I.VIII | ഭരണഘടനാനുസൃതമായ നീതി : യാഥാർത്ഥ്യവും പ്രതീക്ഷകളും<br>– നൈന വി | 78 |
| I.IX | വിദ്യാഭ്യാസ പിന്നോക്കാവസ്ഥ : പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും,<br>കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളെ ആസ്പദമാക്കിയുള്ള<br>ഒരു വിശകലനം<br>–ദീപ. എസ് & ജാഫർ. കെ | 82 |
| I.X | വിവര വിനിമയ സാങ്കേതികവിദ്യയും സമൂഹ മാധ്യമങ്ങളും:<br>ഉപയോഗവും ദുരുപയോഗവും<br>– അനീഷ് എം. എസ് | 88 |

**II**

| | | |
|---|---|---|
| II.I | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും<br>പദ്ധതികളും | 96 |
| II.II | കിർടാഡ്സ് – ഒരു ആമുഖം | 118 |
| | കേരളത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യ –2011 സെൻസസ് | 133 |

# മുഖക്കുറിപ്പ്

കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്), കോഴിക്കോട് ആസ്ഥാനമായി കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വകുപ്പാണ്. ഇതര സംസ്ഥാനങ്ങളിലെ ഗോത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് സമാനമായി കേരളത്തിലെ ഗോത്ര ഗവേഷണ സ്ഥാപനമാണിത്. 'ട്രൈബൽ റിസർച്ച് & ട്രെയിനിംഗ് സെന്റർ' (റ്റി.ആർ & റ്റി.സി) എന്ന പേരിൽ 1970 ൽ ആണ് ഈ വകുപ്പ് സ്ഥാപിതമായത്. കേരളത്തിലെ പട്ടിക വിഭാഗ ജനതയുടെ സർവ്വോന്മുഖമായ വികസനത്തിനായി ഗവേഷണ വികസന വിലയിരുത്തൽ പഠനങ്ങൾ, പരിശീലന പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ മുഖ്യ പ്രവർത്തന മേഖല. സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ ജനതയുടെ മെച്ചപ്പെട്ട ജീവിതം ലക്ഷ്യമാക്കി ഗോത്ര വർഗ്ഗക്കാരായ യുവതീയുവാക്കൾ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, സാഹിത്യകാരന്മാർ, കലാകാരന്മാർ തുടങ്ങിയവർക്കും ഗോത്ര സമൂഹങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലും വകുപ്പുകളിലുമുള്ള സർക്കാർ ജീവനക്കാർക്കുമായി, ഗോത്രജനതയുടെ ജീവിത സാഹര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനുതകുന്ന പരിശീലന പരിപാടികൾ നടത്തുക എന്നത് വകുപ്പിന്റെ ഒരു പ്രധാന പ്രവർത്തന മേഖലയാണ്. ഇതിനായി വകുപ്പിൽ പ്രത്യേകമായി ഒരു പരിശീലന വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

പരിശീലന വിഭാഗം വർഷം തോറും സംസ്ഥാനത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ ജനതയുടെ ഉന്നമനത്തിനായി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റു പൊതു മേഖലാ സ്ഥാപനങ്ങളുടെയും ധനസഹായത്തോടെ, വിവിധങ്ങളായ പരിശീലന പരിപാടികളും ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. അത്തരം പരിപാടികളിൽ കൈകാര്യം ചെയ്യുന്ന വിവിധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കി കൈപ്പുസ്തകങ്ങൾ എല്ലാ വർഷവും അച്ചടിക്കാറുണ്ട്. 2019-20 സാമ്പത്തിക വർഷം വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളെ ഉദ്ദേശിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

വകുപ്പിലെ ഗവേഷണ-വിലയിരുത്തൽ പഠനങ്ങൾക്കും പരിശീലന പരിപാടികൾക്കും മ്യൂസിയം ആദികലാ പ്രവർത്തനങ്ങൾക്കും മറ്റും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും നിസീമമായ പിന്തുണയും നൽകിവരുന്ന ബഹുമാനപ്പെട്ട പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമം, സാംസ്കാരികം പാർലമെന്ററീ കാര്യം വകുപ്പ് മന്ത്രി ശ്രീ. എ.കെ ബാലൻ അവർകൾക്ക് വകുപ്പിന്റെ അകമഴിഞ്ഞ കൃതജ്ഞതയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തികൊള്ളുന്നു. വകുപ്പിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും സർവ്വവിധ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സഞ്ജയ് ഗാർഗ്, ഐ.എ.എസ് നോടുള്ള അതിയായ കടപ്പാട് അറിയിക്കുന്നു.

കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ആവിശ്യമായ പ്രബന്ധങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും മുൻകൈയെടുത്ത വകുപ്പിലെ ജീവനക്കാരായ ഡോ. കെ. എസ് പ്രദീപ് കുമാർ, ഡെ.ഡയറക്ടർ (പരിശീലനം), ശ്രീമതി ഇന്ദുമേനോൻ , ലെക്ച്ചറർ, ശ്രീമതി. എസ്. ദീപ, ലെക്ച്ചറർ, ശ്രീമതി. നൈന വി, ലെക്ച്ചറർ, ശ്രീമതി. രജനി ആർ.വി, റിസർച്ച് ഓഫീസർ, ശ്രീ. അനീഷ് എം. എസ്, റിസർച്ച് അസിസ്റ്റന്റ്, ശ്രീ. ജാഫർ കെ, റിസർച്ച് അസിസ്റ്റന്റ്, എന്നിവരോടും ടൈപ്പിങ്ങ് ജോലി നിർവ്വഹിച്ച വകുപ്പിലെ ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) ശ്രീമതി.സന്ധ്യ, ടൈപ്പിസ്റ്റ് (ഹയർ ഗ്രേഡ്) ശ്രീ. അനൂപ് എന്നിവരോടും സഹായങ്ങൾ നൽകിയ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരോടുമുള്ള നന്ദി അറിയിക്കുന്നു. പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രബന്ധങ്ങളിലെ അഭിപ്രായങ്ങൾ അവ തയ്യാറാക്കിയവരുടേതാണെന്നും വകുപ്പിന്റേതല്ല എന്നും അറിയിക്കുന്നു.

ചേവായൂർ

02.02.2020

**ഡോ. പി. പുഗഴേന്തി, ഐ.എഫ്.എസ്**

ഡയറക്ടർ

# ആമുഖം

സവിശേഷ സാമൂഹിക-സാംസ്കാരിക സ്വത്വം കാത്തു സൂക്ഷിക്കുന്നവരാണ് സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾ. മറ്റു ജന വിഭാഗങ്ങളിൽ നിന്നും ഏറെക്കുറെ 'ഒറ്റപ്പെട്ട്'/'ഒറ്റപ്പെടുത്തി' വനത്തിനുള്ളിലോ, വനപ്രദേശത്തിനു സമീപത്തോ തനതായ ആചാരാനുഷ്ഠാനങ്ങളോടെയും ജീവിതചര്യയോടും കൂടി പ്രധാനമായും വേട്ടയാടൽ, വനവിഭവശേഖരണം, പുനം കൃഷി എന്നിവയിലൂടെ ഉപജീവനോപാധി കണ്ടെത്തുകയും ചെയ്തുവന്നിരുന്നതിനാലാവാം വേറിട്ട സ്വത്വം ആർജ്ജിക്കുന്നതിനും അവ നിലനിറുത്തുന്നതിനും ഗോത്ര ജനത സമൂഹങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടാവുക. എന്നാൽ നാളേറെ കഴിഞ്ഞപ്പോൾ ഗോത്ര ജനത മാത്രം അധിവസിച്ചിരുന്ന ഭൂപ്രദേശങ്ങളിലേക്ക് പലപ്പോഴായി മറ്റു ജനവിഭാഗങ്ങൾ കടന്നുവന്നതിന്റെ ഫലമായി പരമ്പരയാ ജീവിച്ചു വന്നിരുന്ന സ്വാഭാവിക ചുറ്റുപാടുകളിൽ നിന്നും മാറി താമസിക്കുന്നതിന് ഗോത്ര ജനത നിർബന്ധിക്കപ്പെട്ടു. മാറിയ ജീവിത സാഹചര്യങ്ങളിൽ, കാർഷികവും കാർഷികേതരവുമായ കൂലിവേല, സർക്കാർ-അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജോലി എന്നിവയിലൂടെയും മറ്റും ഉപജീവനം കണ്ടെത്തുന്നതിനും തങ്ങളുടേതു മാത്രമായ ഭാഷയെയും സാംസ്കാരിക സവിശേഷതകളെയും ആചാരാനുഷ്ഠാനങ്ങളെയും പിന്തുടരുവാനുള്ള സ്വാഭാവിക സാഹചര്യങ്ങൾ ഇല്ലാതായതിനാൽ, തികച്ചും വിഭിന്നമായ ജീവിത രീതികൾ പിന്തുടരുന്നതിന് നിർബന്ധിതരാവുകയും ചെയ്യുന്ന സാഹചര്യം ഏറിയും കുറഞ്ഞും പല ഗോത്ര ജന സമൂഹങ്ങളിലും സങ്കേതങ്ങളിലും ഇന്നു നിലവിലുണ്ട്.

ഗോത്ര ജനതയിലെ ബഹുഭൂരിപക്ഷവും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. നഗര പ്രദേശങ്ങളിലെ ഗോത്ര ജനതയുടെ പ്രാതിനിധ്യം 10.7 ശതമാനം മാത്രമാണ്. ഗ്രാമങ്ങളിലാവട്ടെ കുന്നിൻ പ്രദേശങ്ങളിലോ, വനപ്രദേശങ്ങളിലോ, ഉൾവനത്തിലോ ആണ് ഗോത്ര സമൂഹങ്ങളുടെ മിക്ക താമസ ഇടങ്ങളും സങ്കേതങ്ങളും കാണുവാൻ സാധിക്കുക. ചുരുക്കി പറഞ്ഞാൽ ഗ്രാമങ്ങളിലും വനപ്രദേശങ്ങളിലുമായി പ്രകൃതിയെ അറിഞ്ഞ്, പ്രകൃതിയുടെ ഭാഗമായാണ് ബഹുഭൂരിപക്ഷം ഗോത്ര സമൂഹങ്ങളും ഇന്ന് ജീവിക്കുന്നത്. എന്നാൽ അത്തരമൊരു ജീവിതം ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളുടെയും ദ്രുതഗതിയിൽ മാറുന്ന ലോകക്രമത്തിന്റെയും ഫലമായി ഉടലെടുക്കുന്ന ജീവിത ചുറ്റുപാടുകളോട് വേണ്ട രീതിയിൽ പൊരുത്തപ്പെട്ട് ജീവിക്കുന്നതിന് പല ഗോത്ര സമൂഹങ്ങൾക്കും കഴിയാത്ത സാഹചര്യം മിക്ക ഗോത്ര സങ്കേതങ്ങളിലും സമൂഹങ്ങളിലും നിലനിർത്തുന്നുണ്ട്. സമൂഹത്തിൽ പൊതുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക, സാമ്പത്തിക, സാങ്കേതിക മേഖലകളിലെ മാറ്റങ്ങളുമായി പൊരുത്തപ്പെട്ട് ജീവിക്കുവാൻ ഗോത്ര സമൂഹങ്ങൾക്ക് കഴിയാതിരിക്കുന്നതിനുള്ള പ്രധാന കാരണം അനേക വർഷങ്ങളിലൂടെ മറ്റു ജനവിഭാഗങ്ങളാൽ രൂപപ്പെടുത്തിയ, തങ്ങൾക്കു തികച്ചും അപരിചിതമായ ഉപജീവന ഉപാധികളെയും ആചാരാനുഷ്ഠാനങ്ങളെയും മറ്റും ഉൾക്കൊണ്ട് ജീവിക്കുവാൻ ചുരുങ്ങിയകാലയളവിൽ ഗോത്രജനത നിർബന്ധിക്കപ്പെട്ടു എന്നതാണ്.

ഈയൊരു സാഹചര്യത്തിലാണ് മാറിവരുന്ന ലോകക്രമത്തിന് അനുസൃത മായി ഗോത്ര ജനസമൂഹങ്ങളെ പ്രാപ്തരാക്കുന്നതിലേക്ക് വിവിധങ്ങളായ പരിശീലന പരി പാടികൾ ഗോത്ര സമുദായംഗങ്ങൾക്കും സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്കുമായി സംഘടിപ്പിക്കുന്നത്. 2019-20 വർഷത്തെ പരിശീലന പരിപാടികളെ ഉദ്ദേശിച്ചുള്ള ഈ കൈപ്പുസ്തകത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്. ആദ്യ ഭാഗത്ത് പത്ത് പ്രബന്ധങ്ങളാ ണുള്ളത്. ആദ്യ പ്രബന്ധം 'കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ', സംസ്ഥാന ത്തിലെ ഗോത്ര ജനസമൂഹങ്ങളെക്കുറിച്ചുള്ള ഒരു ലഘു വിവരണം ലഭിക്കുന്നതിന് ഉതകു ന്നതാണ്. 'പട്ടികവിഭാഗങ്ങളും ഭരണഘടനയും' എന്ന ലേഖനം ഇന്ത്യൻ ഭരണഘടന സമൂഹത്തിലെ ദുർബല വിഭാഗക്കാർക്ക്, വിശേഷിച്ചും പട്ടിക വിഭാഗ ജനങ്ങൾക്ക് നൽ കുന്ന, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ സംരക്ഷണങ്ങളെകുറിച്ച് പ്രതി പാദിക്കുന്നു. 6.9.1950 ലെ പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി ഉത്തരവ് 1950 [(The Constitution (ST) Order 1950(C022)] മുതൽ, സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശ ങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ വിവിധ ഉത്തരവുകളുടെ സവിശേഷകളെകുറിച്ചാണ് 'പട്ടികവർഗ്ഗ ഉത്തരവുകൾ' ളിൽ പ്രതിപാദിക്കുന്നത്.

'ഗോത്ര പാരമ്പര്യം: 21-ാം നൂറ്റാണ്ടിൽ', മാറിവരുന്ന ജീവിത സാഹചര്യങ്ങൾ, ഗോത്ര പാരമ്പര്യത്തിന്റെ പ്രസക്തി, ഗോത്ര ജനതയുടെ കാർഷിക പൈതൃകത്തിന്റെ പ്രാധാന്യം, പാരമ്പര്യ സാമൂഹിക നിയന്ത്രണ സംവിധാനത്തിന്റെ സവിശേഷത തുട ങ്ങിയ കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്. എൻ വിശ്വനാഥൻ നായരുടെ പ്രബന്ധത്തിൽ ഗോത്ര പാരമ്പര്യ ചികിത്സാരീതിയുടെ പ്രാധാന്യം ഗോത്ര ജനതയുടെ ആരോഗ്യ സംര ക്ഷണത്തിൽ അവയ്ക്കുള്ള സ്ഥാനം, പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സേവന രംഗത്ത് വംശീയവൈദ്യത്തിന്റെ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. പട്ടിക വർഗ്ഗവികസനത്തിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ പങ്ക്, സ്കൂളിൽ നിന്നുള്ള കൊഴി ഞ്ഞുപോക്കിന്റെ കാരണങ്ങൾ, പട്ടികവർഗ്ഗ വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്നിവയാണ് 'പട്ടികവർഗ്ഗ വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്' എന്ന ലേഖന ത്തിന്റെ ഉള്ളടക്കം. ബാബാസാഹേബ് അംബേദ്കറുടെ വിദ്യാഭ്യാസ ദർശനത്തിന്റെ സവിശേഷതകൾ, സാമൂഹിക പരിവർത്തനത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തുടങ്ങിയ വിഷയങ്ങളാണ് ആർ. അനിരുദ്ധന്റെ പ്രബന്ധത്തിൽ പ്രതിപാദിക്കുന്നത്. 'ഭരണഘടനാനുസൃതമായ നീതി : യാഥാർത്ഥ്യവും പ്രതീക്ഷകളും' എന്ന ലേഖനം 'സ്വത ന്ത്ര്യ ഇന്ത്യയിൽ പട്ടികജാതി പട്ടിവർഗ്ഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളി കൾ' സംബന്ധിച്ച് 2018 -ൽ കേരള സംസ്ഥാന നിയമസഭ സംഘടിപ്പിച്ച സാമാജിക രുടെ ദേശീയ കോൺഫറൻസിൽ പ്രൊഫ. (ഡോ) ഗോപാൽ ഗുരു നടത്തിയ പ്രഭാഷ ണത്തെ അധികരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. നിലവിലെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിൽ അംബേദ്ക്കർ ദർശനത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചും പ്രബന്ധം ചർച്ച ചെയ്യുന്നുണ്ട്.

പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ (പി.വി.ടി.ജി) സവിശേഷതകൾ, വിദ്യാഭ്യാസ അവസ്ഥ, പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങൾ, അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ എന്നിവയാണ് 'വിദ്യാഭ്യാസ പിന്നോക്കാവസ്ഥ : പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും, കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളെ ആസ്പദമാക്കിയുള്ള ഒരു വിശകലനം' എന്ന ലേഖനത്തിന്റെ ഉള്ളടക്കം. അനീഷ് എം.എസ് ന്റെ പ്രബന്ധം വിവര വിനിമയ സാങ്കേതികവിദ്യയുടെ പ്രാധാന്യം സമൂഹ മാധ്യമങ്ങളുടെ പ്രസക്തി, ഉപയോഗങ്ങൾ, നവമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ദുരുപയോഗങ്ങൾ എന്നിവയാണ് ചർച്ച ചെയ്യുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ വിവിധങ്ങളായ പദ്ധതികൾ, കിർടാഡ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങളാണ് പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് നൽകിയിരിക്കുന്നത്.


സംസ്ഥാനത്തിലെ ഗോത്ര ജനതയുടെ സവിശേഷതകളെക്കുറിച്ചും ജീവിത സാഹചര്യങ്ങളെക്കുറിച്ചും പട്ടിക വർഗ്ഗ സമൂഹങ്ങളുടെ വികസനത്തിൽ വിവിധ സാമൂഹിക–സാംസ്കാരിക ഘടകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുമുള്ള കൃത്യമായ ധാരണ നൽകുന്നതിന് പുസ്തകം സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

ചേവായൂർ | **ഡോ. കെ.എസ് പ്രദീപ് കുമാർ**


02.02.2020 | ഡെ. ഡയറക്ടർ (പരിശീലനം)

# ഭാഗം

# I




ചിത്രം: 1 ഗോത്ര സമൂഹങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം[i]




ചിത്രം: 2 ഗോത്ര സങ്കേതങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം [ii]

# 1.1 കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ പ്രധാനമായും അധിവസിക്കുന്നത് വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലാണ്. പട്ടികവർഗ്ഗ ജനസംഖ്യയുടെ 35.85 ശതമാനവും അധിവസിച്ചു പോരുന്നത് വയനാട് ജില്ലയിലാണ്. 2002– ലെ ഭരണഘടനാ ഭേദഗതി അനുസരിച്ച് കേരളത്തിൽ 35 പട്ടിക വർഗ്ഗ വിഭാഗ ങ്ങളാണുള്ളത്. 2011–ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. ഇത് കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. ആയതിൽ 2,38,203 ആളുകൾ പുരുഷന്മാരും 2,46,636 പേർ സ്ത്രീകളുമാണ്. 1035 ആണ് (1000 പുരുഷന്മാർക്ക് 1035 സ്ത്രീകൾ) സെൻസസ് അനുസരിച്ചുള്ള ഗോത്ര സമൂഹങ്ങളി ലെ സ്ത്രീ–പുരുഷ അനുപാതം. ആകെ ജനസംഖ്യുടെ 75.8 ശതമാനം അളുകൾ സാക്ഷര രാണ്. പുരുഷ സാക്ഷരത 80.8 ഉം സ്ത്രീ സാക്ഷരത 71.1 ന്നുമാണ്. ഇതിൽ നിന്നും സാക്ഷ രതയിൽ സ്ത്രീകൾ പുരുഷന്മാരെക്കാളും 9.7 ശതമാനം പിന്നോക്കമാണ് എന്നത് വ്യക്തമാവുന്നുണ്ട്. 2008 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കിയ സംസ്ഥാന ത്തിലെ പട്ടികവർഗ്ഗ ജനതയുടെ സാമൂഹിക–സാമ്പത്തിക പദവി സംബന്ധിച്ച കണക്ക്



ചിത്രം: 3 മുതുവാൻ ജനതയുടെ വെള്ളക്കൽ കുടി[iii]

പ്രകാരം സംസ്ഥാനത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,26,208 ആണ്. പ്രസ്തുത സർവ്വേ പ്രകാരമുള്ള സ്ത്രീ–പുരുഷ അനുപാതം 1031 ആണ്. 2013 ലാണ് മറാട്ടി സമുദായത്തെ പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ മറാട്ടി സമുദായത്തിന്റെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരവും 2008 ലെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരവും ഉള്ള പട്ടികവർഗ്ഗ ജനസംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. 2001 ലെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ മറാട്ടി ജനസംഖ്യ 27824 ആണ്.

## 1. അടിയാൻ

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പനമരം, ബാവലി, കാട്ടിക്കുളം, തിരുനെല്ലി, തൃശ്ശിലേരി തുടങ്ങിയ സ്ഥലങ്ങളിലാണ് അടിയ സമുദായക്കാർ അധിവസിച്ചു വരുന്നത്. വയനാട്ടിലെ തോൽപ്പെട്ടി, കാരമേട് തുടങ്ങിയ വനാന്തർഭാഗങ്ങളിലും അടിയാൻ ജനത താമസിക്കുന്നുണ്ട്. അടിയരുടെ യഥാർത്ഥ സമുദായ പേര് 'റാവുള്ളവർ' എന്നാണ്. എന്നാൽ മറ്റു വിഭാഗക്കാർ "അടിമപ്പണി" ജീവിതം അടിച്ചേൽപ്പിക്കുകയും അടിയാൻ എന്ന പേരു നൽകുകയുമാണുണ്ടായത്. ഇപ്പോഴാകട്ടെ കർഷകത്തൊഴിലാളികളാണ് അടിയരിലധികവും. അനുഷ്ഠാനത്തിന്റെ ഭാഗമായി ഗദ്ദിക എന്ന കലാരൂപം



ചിത്രം: 4 ഗദ്ദികയുടെ വേദിയിലെ അവതരണം[iv]

അവതരിപ്പിക്കാറുണ്ട്. ഗദ്ദിക മൂന്ന് തരത്തിൽ ഉണ്ട്. മാരിനീക്കൽ എന്നറിയപ്പെടുന്ന ഗദ്ദിക, രോഗം മാറ്റാനും, ദുരിതങ്ങൾ ശമിപ്പിക്കാനും, പ്രേതബാധ ഇല്ലാതാക്കാനുമെല്ലാം നടത്തുന്നു. രോഗം മാറിക്കഴിഞ്ഞാൽ നന്ദിസൂചകമായി ദേവീദേവൻമാർക്കായി പൂജഗദ്ദിക നടത്തുന്നു. നാടിന്റെ ഐശ്വര്യത്തിനായി ഓരോവീട്ടിലും ചെന്നുറഞ്ഞു നേർച്ചവാങ്ങി, രോഗത്തെ ആവാഹിച്ചെടുക്കുന്നതാണ് നാട്ടുഗദ്ദിക. പുരുഷൻമാരാണ ഗദ്ദികയിൽ പങ്കെടുക്കുന്നത്. ശിവസ്തുതിയോടെ ഗദ്ദിക ആരംഭിക്കുമ്പോൾ സ്ത്രീവേഷധാരികളായ മറ്റു ഗദ്ദികക്കാർ വട്ടത്തിൽ ചുവടുവെയ്ക്കുന്നു. ചുവാനി, സിദ്ധപ്പൻ, മലക്കാരി എന്നീ അടിയ ദൈവങ്ങളെ പ്രകീർത്തിച്ച നിരവധി വാഴ്ത്തുപാട്ടുകൾ പാടി ഗദ്ദികക്കാരൻ ഉറഞ്ഞുതുള്ളുന്നു, അട്ടഹസിക്കുന്നു. അടിയഭാഷയിലുള്ള പാട്ടുകൾക്കൊപ്പം തുടി, ചീനി എന്നിവ അകമ്പടിവാദ്യങ്ങളൊരുക്കുന്നു. വസൂരിയുടെ ദേവതയായ മാരിയമ്മയുടെ വേഷമായ രക്തനിറപ്പട്ടും തിളങ്ങുന്ന ആഭരണങ്ങളും അണിയുന്നു.

നാട്ടുഗദ്ദിക വർഷത്തിലൊരിക്കലാണ് നടത്തുന്നത്. കൊട്ടിയൂർ അമ്പലത്തിലെ ഉത്സവം കഴിഞ്ഞ് വരുന്ന ചൊവ്വാഴ്ചയാണ് നാട്ടുഗദ്ദിക ആരംഭിക്കുന്നത്. കൊട്ടം കുളം മാരിയമ്മൻ കാവിൽ നിന്നാണ് നാട്ടുഗദ്ദിക ആരംഭിക്കുന്നത്. എല്ലാ സമുദായക്കാരുടെയും വീട്ടിൽ പോയി രോഗത്തെ ആവാഹിച്ചെടുത്ത് നാടിന് ശാന്തി ലഭിക്കാൻ വേണ്ടിയാണ് നാട്ടുഗദ്ദിക നടത്തുന്നത്. അടിയരുടെ അനുഷ്ഠാനകലയായ ഗദ്ദികയെ ജനകീയമാക്കിയത് സമുദായംഗമായ ഗദ്ദിക കലാകാരനായ പി. കെ. കാളൻ ആയിരുന്നു. അദ്ദേഹം കേരള ഫോക്‌ലോർ അക്കാദമിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിരുന്നു. 2011 സെൻസസ് പ്രകാരം 11,526 ആണ് അടിയരുടെ ആകെ ജനസംഖ്യ. അതിൽ 5,515 പേർ പുരുഷന്മാരും 6,011 പേർ സ്ത്രീകളുമാണ്.

## 2. അരനാടൻ

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ വഴിക്കടവ്, പുതിരിപ്പാടം, ഒരിലവെട്ടം, ചോക്കാട്, മൂത്തേടം, തീക്കടി, കാളികാവിലെ അടക്കാക്കുണ്ട്, കരുളായിലെ മൈലംപ്പാറ, കൊട്ടുപ്പാറ തുടങ്ങിയ സ്ഥലങ്ങളിലാണ് അരനാടൻ വിഭാഗക്കാർ കൂടുതലായും താമസിക്കുന്നത്. അംഗസംഖ്യയിൽ വളരെ കുറഞ്ഞ ഈ ഗോത്രവർഗ്ഗക്കാരെ ഏറനാടൻ എന്നും വിളിക്കുക പതിവുണ്ട്. വനവിഭവ ശേഖരണവും മറ്റ് തൊഴിലുകളുമാണ് പ്രധാന ജീവനോപാധികൾ. ഏറനാടിന്റെ ആദികാല ജനസമൂഹമായ അരനാടൻ വിഭാഗത്തിന്റെ ജനസംഖ്യ ഇന്ന് വളരെയധികം കുറഞ്ഞ് വരികയാണ്. 2011 സെൻസസ് പ്രകാരം 283 ആണ് അരനാടരുടെ ആകെ ജനസംഖ്യ. അതിൽ 129 പേർ പുരുഷന്മാരും 154 പേർ സ്ത്രീകളുമാണ്. അരനാടൻ സമുദായത്തിന്റെ ആദികാല അനുഷ്ഠാന കലാരൂപമാണ് നാളിവെക്കൽ, കളിയാട്ടം തുടങ്ങിയവ. ഈ കലാരൂപങ്ങൾ അനുഷ്ഠാനത്തിന്റെ ഭാഗമായിട്ടാണ് അവതരിപ്പിക്കാറ്. ദൈവ പ്രീതിക്ക് വേണ്ടിയാണ് കളിയാട്ടം കളിക്കുന്നത്. ചെണ്ടക്കൊട്ട്, കുഴൽ വിളി എന്നിവ ഇതിന്റെ ഭാഗമായി നടക്കാറുണ്ട്. മരിച്ചുപോയ ആത്മാവിനെ തിരിച്ച് വിളിപ്പിക്കാൻ വേണ്ടിയാണ് നാളിവെക്കൽ നടത്താറുള്ളത്.

പാട്ടും നൃത്തവും കൂടിയ കലാരൂപമാണ് കളിയാട്ടം. ഊരിലെ കല്യാണവും മരണവുമായി ബന്ധപ്പെട്ടും ഈ കലാരൂപം സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യമായി തലമുറകളായി കളിച്ച് വരുന്ന കളിയാട്ടം പുതുതലമുറയിൽ ആരും കളിക്കാറില്ല. നാടൻ പാട്ടുകൾ ഈ കലാഅവതരണത്തിന്റെ ഭാഗമായി പാടാറുണ്ട്.

## 3. ചോലനായിക്കൻ

മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലെ ചുങ്കത്തറ, കരുളായി ഫോറസ്റ്റ് റെയ്ഞ്ചുകളിലെ സംരക്ഷിത വനങ്ങളിലാണ് പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽ (പി.വി.ടി.ജി.)പ്പെടുന്ന ചോലനായിക്കൻ ഗോത്രജനത താമസിക്കുന്നത്. ചുങ്കത്തറ മേഖലയിൽ അളക്കൽ, അമ്പിളിമല, ഒലിക്കാത്തോട്, മഞ്ചക്കടവ്, പാട്ടക്കരിമ്പ് തുടങ്ങിയവിടങ്ങളിലും കരുളായിലെ കരിമ്പുഴ, പാണപ്പുഴ, കുപ്പമല, പൂച്ചപ്പാറ, താളിപ്പുഴ, കോരമ്പുഴ, മീൻമുട്ടി എന്നീ സ്ഥലങ്ങളിലുമാണ് ചോലനായിക്കർ പ്രധാനമായും അധിവസിച്ച് വരുന്നത്. 2002ലെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ചോലനായിക്കരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉൾവനങ്ങളിൽ പ്രകൃതി ദത്തമായ കരിങ്കല്ല് ഗുഹകളിൽ (അളകൾ) മുൻകാലങ്ങളിൽ, ചില അവസരങ്ങളിൽ താമസിച്ചിരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിൽപ്പനയുമാണ് ഇവരുടെ മുഖ്യ ഉപജീവന മാർഗ്ഗം. 2011 സെൻസസ് പ്രകാരം 124 ആണ് ചോലനായിക്കരുടെ ആകെ ജനസംഖ്യ. ഇതിൽ 72 പേർ പുരുഷന്മാരും 52 പേർ സ്ത്രീകളുമാണ്.

## 4. ഇരവാലൻ

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മൂലത്തറ വില്ലേജിലും മറ്റു സമീപ പ്രദേശങ്ങളിലുമാണ് ഇരവാലൻ സമുദായക്കാർ താമസിക്കുന്നത്. പരമ്പരാഗതമായി വേട്ടയറിയുന്നവരായിരുന്നു ഇരവാലർ. ഒരു കാലത്ത്'വില്ലുവേടർ'എന്നും ഇവരെ വിശേഷിപ്പിച്ചിരുന്നു. കർഷകത്തൊഴിലാളികളായിരുന്ന ഇരവാലർ മുൻകാലങ്ങളിൽ ജന്മിമാർക്ക് അടി



ചിത്രം: 5 ചോലനായിക്കരുടെ മാഞ്ചേരി സങ്കേതം[v]

മപ്പണി ചെയ്യാൻ നിർബന്ധിക്കപ്പെട്ടവരായിരുന്നു. സാക്ഷരതയുടെ കാര്യത്തിൽ ഏറെ പുറകിലാണ് ഈ സമുദായം. പ്ലാച്ചിമട കൊക്കക്കോള കമ്പനിയ്ക്ക് എതിരായി ധീരമായി പൊരുതിയ മയിലമ്മ ഈ വിഭാഗത്തിലെ അംഗമായിരുന്നു. 2011 ലെ സർവ്വെ പ്രകാരം 4797 ആണ് ഇരവാലരുടെ ജനസംഖ്യ. ഇതിൽ 2,362 പേർ പുരുഷന്മാരും 2,435 പേർ സ്ത്രീകളുമാണ്.

## 5. ഹിൽപുലയ

ഇടുക്കി ജില്ലയിൽ മറയൂർ പ്രദേശത്ത് അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് ഹിൽപുലയ. വനവിഭവങ്ങൾ ശേഖരിക്കുന്ന കുറുമ്പ പുലയരും കർഷകത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കരവഴി പുലയരും ഒന്നുചേർന്ന സമുദായമാണ് ഹിൽപുലയ. ദേവികുളം താലൂക്കിലെ അഞ്ചുനാട്, പാലപ്പെട്ടി, കരിമുട്ടി, അലംപെട്ടി, ചമ്പക്കാട്, ഈച്ചപ്പെട്ടി, പുരവയൽ, കൊട്ടപ്പാലം തുടങ്ങിയ അധിവാസ കേന്ദ്രങ്ങളിലാണ് ഇവരുടെ താമസം. 2011 ലെ സെൻസസ് പ്രകാരം 2959 ആണ് ഹിൽപുലയരുടെ ജനസംഖ്യ. ഇതിൽ 1461 പേർ പുരുഷന്മാരും 1498 പേർ സ്ത്രീകളുമാണ്. തമിഴിനോട് സാദൃശ്യമുള്ള ഭാഷ സംസാരിക്കുന്ന ഈ വിഭാഗക്കാരിൽ ഭൂരിഭാഗവും കൃഷിത്തൊഴിലാളികളാണ്. ബാക്കിയുള്ളവർ വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നു. 49.94% ആണ് ഹിൽപുലയരുടെ സാക്ഷരതാ നിരക്ക്. ഹിൽപുലയരുടെ പാരമ്പര്യ കലാരൂപമായ ആട്ടം വേദിയിലെ അവതരണം എന്നനിലയിലും പ്രചുരപ്രചാരം നേടിയിട്ടുണ്ട്.



ചിത്രം: 6 ആട്ടം: വേദിയിലെ അവതരണം[vi]

# 6. ഇരുളർ, ഇരുളൻ

പാലക്കാട് ജില്ലയിലെ വാളയാർ റെയിഞ്ചിലെ അയ്യപ്പൻപൊട്ട, കരിത്താലിവട്ടം, കൊല്ലകുന്ന്, മൂപ്പൻചോല, പൂഴിക്കുന്ന്, ചാവിടിപാറ, ഇടശ്ശേരി, നടുപ്പതി, പാറപ്പെട്ടി തുടങ്ങിയവിടങ്ങളിലും അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലും അധിവസിച്ചുവരുന്ന ഒരു ഗോത്രവിഭാഗം. ഊരിലെ പാരമ്പര്യ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്ന സമുദായമാണ് ഇരുളർ. 2011 ലെ സെൻസസ് പ്രകാരം 23721 അംഗസംഖ്യയുള്ള ഇരുളവിഭാഗക്കാർ സംഖ്യാബലംകൊണ്ട് മുമ്പിൽ നിൽക്കുന്ന ഗോത്രവർഗ്ഗക്കാരാണ്. 11,766 പേർ പുരുഷൻമാരും 11,955 പേർ സ്ത്രീകളുമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ് ഇരുളർ. 10,204 പേർ മാത്രമാണ് സാക്ഷരരായിട്ടുള്ളത്. മുൻകാലങ്ങളിൽ കൃഷിക്കാരായിരുന്ന ഇരുളസമുദായക്കാർ ഭൂമി അന്യാധീനപ്പെട്ടതോടെ നാമമാത്ര തൊഴിലാളികളോ കൃഷിത്തൊഴിലാളികളോ ആയി മാറി. ആചാരനുഷ്ഠാനങ്ങളുടെ ഭാഗമായി ഇരുളർ പ്രത്യേക രീതിയിലുള്ള നൃത്തം അവതരിപ്പിക്കാറുണ്ട്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധരും ഉൾപ്പെടെ നൂറുകണക്കിനാളുകൾ നൃത്തത്തിൽ പങ്കെടുക്കും വൃത്താകൃതിയിലാണ് ആട്ടത്തിന്റെ രംഗാവതരണം നടക്കുക. നൃത്തത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായാലുടൻ വാദ്യസംഘം കളത്തിലെത്തും മൺപൊറയ്, ദവിൽ, കുഴൽ, ഇലത്താളം തുടങ്ങിയ സംഗീതോപകരണങ്ങളുമായാണ് ഇവരുടെ വരവ്. കളത്തിന്റെ മധ്യത്തിൽ നിൽക്കുന്ന വാദ്യക്കാർ താളം മുഴക്കി തുടങ്ങുമ്പോൾ കാണികൾക്കിടയിലൂടെ നർത്തകരും അവതരണത്തറയിലെത്തുന്നു. കൂത്തിൽ പങ്കെടുക്കുന്ന സ്ത്രീകൾക്ക് മാറിനു മുകളിൽ കയറ്റിക്കുത്തിയ ഒറ്റമുണ്ടാണ് വേഷമെങ്കിൽ പുരുഷന്മാർ സാധാരണ വേഷമാണ് ധരിക്കുക. വൃത്താകൃതിയിൽ ഇടകലർന്നു നിന്നാണ് സ്ത്രീ പുരുഷന്മാർ ചുവടുവെയ്ക്കുന്നത്.



ചിത്രം: 7 അട്ടപ്പാടിയിലെ ഒരു ഇരുള സങ്കേതം[vii]

# 7. കാടർ

കൊച്ചിയിലെ കാടർ എന്നറിയപ്പെട്ടിരുന്ന അതീവ ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ട കാടർ പ്രധാനമായും പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വനപ്രദേശങ്ങളിലാണ് അധികമായും താമസിച്ചുവരുന്നത്. പാലക്കാട് ജില്ലയിലെ കുരിയാർകുട്ടി, പറമ്പിക്കുളം ഡാം സൈറ്റ്, എർത്ത് ഡാം, തേക്കടി, കൽച്ചാടി, ചെറുനീലി, തളിയക്കല്ല് എന്നിവിടങ്ങളിലും തൃശ്ശൂരിലെ മലക്കപ്പാറ, ഷോളയാർ, ആനക്കയം, വാച്ചുമരം, പൊരിങ്ങൽകുത്ത്, പൊകയിലപ്പാറ, വാഴച്ചാൽ, ആനപന്തം എന്നിവിടങ്ങളിലുമാണ് കാടർ പ്രധാനമായും താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 2949 ആണ് കാടരുടെ അംഗസംഖ്യ. ഇവരിൽ 1454 പുരുഷൻമാരും 1495 സ്ത്രീകളുമാണ്. തടിയേതര വനവിഭവ ശേഖരണത്തിലൂടെയാണ്



ചിത്രം: 8 കാടരുടെ മുക്കംപുഴ സങ്കേതം[viii]

കാടരിൽ ഭൂരിഭാഗവും ഉപജീവനം കണ്ടെത്തുന്നത്. കാടർ സമുദായത്തിന്റെ അനുഷ്ഠാന കലാരൂപമാണ് ആട്ടം. ഈ കലാരൂപം അനുഷ്ഠാനത്തിന്റെ ഭാഗമായായിട്ടാണ് അവതരിപ്പിക്കുന്നത്. കല്യാണം, മരണാനന്തര ചടങ്ങ് (പതിനാറാം അടിയന്തിരം), വയസ്സറിയൽ ചടങ്ങ് തുടങ്ങിയ സമയത്താണ് ഇത് അവതരിപ്പിക്കാറുള്ളത്. കാടരുടെ ആട്ടം നൃത്തവും പാട്ടും കൂടി കലർന്നതാണ്. കാടർ ആട്ടത്തിന്റെ ഉത്ഭവം അവരുടെ സമുദായത്തിന്റെ ഉത്ഭവത്തോടൊപ്പം തന്നെ പഴക്കമുണ്ട്. ആട്ടത്തിന്റെ ചരിത്രം ദൈവാരാധനയെയും മലദേവതകളെയും ആരാധിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. കലാരൂപത്തിന്റെ പാട്ടുകൾ പ്രധാനമായും കുഴലിലൂടെയാണ് അവതരിപ്പിക്കുന്നത്. കമ്മൽ (മരം), വള, പൊട്ട്, മുത്തുണി തുടങ്ങിയവയാണ് കലാരൂപത്തിൽ പാരമ്പര്യമായി സ്ത്രീകൾ ഉപയോഗിക്കുന്ന ചമയങ്ങൾ. പുരുഷന്മാർക്ക് പ്രത്യേക ചമയങ്ങൾ ഇല്ല.

## 8. കാണിക്കാരൻ, കാണിക്കാർ

തെക്കൻ ജില്ലകളായ കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ താമസിക്കുന്ന ഒരു പ്രധാന ഗോത്രവർഗ്ഗമാണ് കാണിക്കാർ. തമിഴ്നാട്ടിലെ കന്യാകുമാരിയിലും കേരളത്തിലെ തിരുവനന്തപുരത്ത് പരുത്തിപ്പള്ളി, കുളത്തുപ്പുഴ, പാലോട് റെയ്ഞ്ചിലെ കോട്ടൂർ, ക്ലാമല, പാലോട് റിസർവ് വനം, കൊല്ലം ജില്ലയിലെ ഏത്രൂർ റിസർവ് വനം എന്നിവിടങ്ങളിലുമാണ് കാണിക്കാർ കൂടുതലായും താമസിക്കുന്നത്. കാണിക്കാരിൽ പകുതിയിലേറെ പേർ വനാന്തരങ്ങളിലാണ് ജീവിക്കുന്നത്. കാണിക്കാരിൽ പലരും കൃഷിത്തൊഴിലാളികളോ നാമമാത്ര കൃഷിയിൽ ഏർപ്പെടുന്നവരോ ആണ്. 2011 സെൻസസ് പ്രകാരം 21,251 പേരാണ് കാണിക്കാർ ഗോത്ര സമൂഹത്തിൽപ്പെട്ടവർ. 9,975 പേർ പുരുഷൻമാരും 11,276 സ്ത്രീകളും. കാണിക്കാരിൽ 15364 പേർ സാക്ഷരരാണ്. 2008 ലെ പട്ടിക വർഗ്ഗ വകുപ്പിന്റെ സർവ്വെ പ്രകാരം 19,455 ആണ് കാണിക്കാരുടെ ആകെ ജനസംഖ്യ. കാണിക്കാരുടെ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത് മുട്ടികാണി (മൂപ്പൻ) ആണ്. കാണിക്കാരുടെ എല്ലാ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട നിൽക്കുന്ന ഒന്നാണ് ചാറ്റ്. ചാറ്റ് പാട്ടിലൂടെയാണ് മിക്കവാറും എല്ലാ അനുഷ്ഠാനങ്ങളും നടത്തപ്പെടുന്നത്. തലമുറകളായി പകർന്നുവരുന്ന ഒരുമഹത്തായ വാമൊഴിസാഹിത്യമാണ് ചാറ്റുപാട്ട്. കാണിക്കാരുടെ ആരാധന, ചികിത്സ, ഉൽസവം എന്നിവക്കെല്ലാം ചാറ്റു പാട്ട് നടത്താറുണ്ട്. ഓരോ അവസരത്തിലും പാടുന്ന ചാറ്റുപാട്ട് ഓരോരോ പേരിലാണ് അറിയപ്പെടുന്നത്. ആപത്ത് തിർക്കാൻ 'പിണിചാറ്റ്', കുടുംബദോഷം അകറ്റാൻ 'കരിംകാളിചാറ്റ്', ആയുർദോഷം അകറ്റാൻ 'മണ്ണെയ്ത്ത്ചാറ്റ്', മരിച്ചു പോയവരുടെശാപങ്ങൾ അകറ്റാൻ 'മരണംചാറ്റ്', ഉൽസവസമയത്ത് അമ്പലങ്ങളിൽ ദൈവങ്ങളെ ആവാഹിക്കുവാൻ 'കൊടുതിചാറ്റ്', കുഞ്ഞിന്റെയും അമ്മയുടേയും ആരോഗ്യത്തിന് വേണ്ടി 'പേറ്റ്ചാറ്റ്' എന്നിവ അവയിൽ ചിലതാണ്. ചാറ്റ് പാട്ടിന് നേതൃത്വം നൽകുന്ന ആളിനെ പ്ലാത്തി എന്നാണ് വിളിക്കുക. കാണിക്കാരുടെ വീടിനെ 'കാണിക്കുടി' 'പെര' എന്നീ പേരുകളിൽ പറയാറുണ്ട്. തമിഴ്കലർന്ന മലയാളം ആണ് കാണിക്കാരുടെ ഭാഷ. കേരളത്തിലെ മറ്റുഗോത്ര സമൂഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസവും, വികസനവും കൂടുതൽ കൈവരിച്ചിട്ടുള്ളവരാണ് കാണിക്കാർ. വളരെ ഫലപ്രദമായ ചികിത്സാവിധികളും പാരമ്പര്യ വൈദ്യവും കാണിക്കാർക്കുണ്ട്.

## 9. കരിംപാലൻ

കോഴിക്കോട് ജില്ലയിലെ കാക്കൂർ, നന്മണ്ട, ചേളന്നൂർ, പൂനൂർ, താമരശ്ശേരി എന്നിവിടങ്ങളിലും കണ്ണൂരിലെ തളിപ്പറമ്പ്, ആലക്കോട് ഭാഗങ്ങളിലും വയനാട് ജില്ലയിലെ ചില ഭാഗങ്ങളിലും താമസിക്കുന്ന ഒരു പട്ടികവർഗ്ഗ വിഭാഗം. 2002 ഭരണഘടനാ ഭേദഗതി നിലവിൽ വരുംവരെ കരിംപാലൻ സംസ്ഥാനത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടിരുന്നു. 2011 ലെ സെൻസസ് പ്രകാരം 14098 ആണ് കരിംപാലരുടെ എണ്ണം. 6902



ചിത്രം: 9 കരിംപാലരുടെ എറോചാടത്ത് തറവാട് വീട്[lx]

പേർ പുരുഷന്മാരും 7196 ആളുകൾ സ്ത്രീകളും. മറ്റു പട്ടികവർഗ്ഗങ്ങളെ അപേക്ഷിച്ച് സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയപരമായും ശാക്തീകരിക്കപ്പെട്ട വിഭാഗമാണ് കരിംപാലൻ. കാടു വെട്ടിയും കൃഷി ചെയ്തും വേട്ടയാടിയുമാണ് കരിംപാലൻ ജീവിച്ചിരുന്നത്. അതിനുശേഷം നാടുവാഴികളുടെ അടിയാന്മാരായി. ഇന്ന് കരിംപാലരിൽ ഭൂരിഭാഗം പേരും കൃഷിക്കാരും കർഷകത്തൊഴിലാളികളും പ്ലാന്റേഷൻ തൊഴിലാളികളുമാണ്.

## 10. കാട്ടുനായിക്കൻ

അതീവ ദുർബല ഗോത്രവർഗ്ഗത്തിൽ ഉൾപ്പെടുത്തിയ കാട്ടുനായ്ക്കർ വയനാട് ജില്ലയിൽ കൽപ്പറ്റ പ്രദേശത്തെ മേപ്പാടി, മുട്ടിൽ, പടിഞ്ഞാറത്തറ, പൊഴുതന, തരിയോട്, വേങ്ങപ്പള്ളി, വൈത്തിരി, മാനന്തവാടിമേഖലയിലെ പനമരം, തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട, സുൽത്താൻ ബത്തേരി പ്രദേശത്തെ അമ്പലവയൽ, മീനങ്ങാടി, മുള്ളൻകൊല്ലി, നെന്മേനി, നൂൽപ്പുഴ, പൂതാടി, പുൽപ്പള്ളി; മലപ്പുറം ജില്ലയിലെ നിലമ്പൂർ, പോത്തുകല്ല്, കരുളായ്, ചോക്കാട്, മൂത്തേടം, അമരമ്പലം, കാളികാവ്, വണ്ടൂർ, പെരിന്തൽമണ്ണ; പാലക്കാട് ജില്ലയിലെ അലനല്ലൂർ, മണ്ണാർക്കാട് എന്നിവിടങ്ങളിലാണ് കൂടുതലായും താമസിക്കുന്നത്. തേൻകുറ



ചിത്രം: 10 വയനാട്ടിലെ ഒരു കാട്ടുനായിക്കൻ സങ്കേതം[×]

ബൻ/ജേനുകുറുമ്പൻ എന്നീ പേരിൽ പട്ടികവർഗ്ഗ ലിസ്റ്റിൽ 37–ാമതായ് ഉൾപ്പെടുത്തിയ ഗോത്രവർഗ്ഗവും കാട്ടുനായ്ക്കൻ തന്നെയാണ്. 2011 സെൻസസ് പ്രകാരം 18,199 പേരിൽ 9,039 പേർ പുരുഷന്മാരും 9,160 പേർ സ്ത്രീകളുമാണ്. വേട്ടയാടിയും നായാടിയുമാണ് ആദിമ കാലങ്ങളിൽ കാട്ടുനായിക്കർ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. തേൻ, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിലും കാട്ടുനായിക്കർ വിദഗ്ധരാണ്. ഇന്ന് കാട്ടുനായിക്കരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന സമുദായമാണ് കാട്ടുനായിക്കരുടേത്. 2007 ലെ കിർടാഡ്സ് നടത്തിയ സർവ്വെ പ്രകാരം കാട്ടുനായിക്കരുടെ ജനസംഖ്യ 18,576 ആണ്. എന്നാൽ 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 19,995 ആണ് ഇവരുടെ ജനസംഖ്യ. കോൽക്കളി, തോട്ടിയാട്ട എന്നിവ കാട്ടുനായിക്കരുടെ അനുഷ്ഠാന കലാരൂപങ്ങളാണ്. പൊതു വേദികളിലും ഈ പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കാറുണ്ട്.

## 11. കൊറഗർ

കേരളത്തിൽ കാസർഗോഡ് ജില്ലയിലാണ് പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗമായ കൊറഗർ അധിവസിക്കുന്നത്. മധൂർ, കാറഡുക്ക, കുറ്റിക്കോൽ, ബേഡഡുക്ക,



ചിത്രം: 11 കൊറഗ സങ്കേതം[xi]

ദേലമ്പാടി, പൈവളിഗെ, പുത്തിഗ, എൻമകജെ, ബദിയടുക്ക, കുമ്പള, ബെള്ളൂർ, മഞ്ചേശ്വരം, വോർക്കടി, മംഗൽപാടി, മീഞ്ച എന്നീ പ്രദേശങ്ങളിലാണ് കൊറഗരിൽ ഭൂരിഭാഗവും താമസിച്ചുവരുന്നത്. കൊറഗർ ദക്ഷിണ കർണ്ണാടകയിലും താമസിച്ചുവരുന്നു. വളരെയധികം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയരായിട്ടുള്ളവരാണ് കൊറഗർ. 'തൊട്ടുകൂടായ്മ'യുടെയും 'തീണ്ടിക്കൂടായ്മ' യുടെയും തിക്തഫലങ്ങൾ അനുഭവിച്ചവർ. 2011 സെൻസസ് പ്രകാരം 1582 ആണ് കൊറഗരുടെ ആകെ ജനസംഖ്യ. ഇതിൽ 778 പേർ പുരുഷന്മാരും 804 പേർ സ്ത്രീകളുമാണ്. ആദ്യകാലത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കൊറഗർ പിന്നോക്കമായിരുന്നു. എന്നാൽ ഇന്ന് അതിൽ ഉയർച്ച കണ്ടുവരുന്നുണ്ട്.

## 12. കുടിയ, മേലേക്കുടി

കാസർഗോഡ് ജില്ലയിൽ അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് കുടിയ. മലക്കുടി, മലയക്കുടി, മലൈക്കുടി, മലഗുഡിയ എന്നീ പേരുകളിലെല്ലാം പ്രാദേശികമായി ഈ ഗോത്ര സമൂഹം അറിയപ്പെടുന്നു. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തി പ്രദേശങ്ങളായ പനത്തടിയിലെ കമ്മാടി, മഞ്ചേശ്വരത്തെ പൈവളികെ എന്നീ സ്ഥലങ്ങളിലാണ് ഇവരിൽ ഭൂരിഭാഗവും താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 785

പേരാണ് ഈ ഗോത്രവിഭാഗത്തിൽ ഉള്ളത്. അതിൽ 403 പേർ പുരുഷന്മാരും 382 പേർ സ്ത്രീകളുമാണ്. പരമ്പരാഗതമായി പുനംകൃഷിക്കാരും കാട്ടുമൃഗങ്ങളെ വേട്ടയാടുന്നവരുമായിരുന്നു ഇവർ. ഇപ്പോൾ ഉപജീവനത്തിനായ് പ്രധാനമായും കൃഷിയെ ആശ്രയിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട് നിരവധി ആഘോഷങ്ങൾ മലക്കുടിയക്കാർ നടത്താറുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് 'ഓബെല'. 'ഓബെല' എന്ന തുളുവാക്കിന്റെ അർത്ഥം കൃഷി എന്നാണ്. ഒരു വർഷത്തിൽ മൂന്ന് പ്രാവശ്യമാണ് നെല്ല് കൃഷി ചെയ്യുന്നത്. 'ഏനലി', 'സുഖി', 'കൊളക്കെ' എന്നീ മാസങ്ങളിലാണ് കൃഷി ചെയ്യുന്നത്. നെല്ല്, റാഗി, ചോളം, കിഴങ്ങ്, ചേമ്പ്, സ്വർണ്ണഗെഡെ അഥവാ ചേന എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. കൃഷിയ്ക്ക് വിത്ത് വിതയ്ക്കുമ്പോഴും നടുമ്പോഴും എല്ലാം പ്രത്യേക പാട്ടുകളും നൃത്തങ്ങളും ഉണ്ട്. കൃഷി ചെയ്യുന്നതിനനുസരിച്ച് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കുന്ന രീതിയാണ് മലക്കുടിയർക്കുള്ളത്. കുടിയ സമുദായത്തിൽ പല ബരി (കുലം)കളുണ്ട്. ബരിയുടെ തലവനെ ഗുരിക്കാര എന്ന് പറയുന്നു. ആചാരാനുഷ്ഠാനങ്ങളിൽ ഗുരിക്കാര പങ്കെടുക്കാറുണ്ട്. ഗുരിക്കാര പാരമ്പര്യമായി തുടരുന്ന സ്ഥാനമാണ്. കുടിയരുടെ ഇടയിൽ പ്രധാനമായും രണ്ടു ഉപ വിഭാഗങ്ങളാണുള്ളത്. ഊർമലൈ (ഊർ കുടിയ) ഇവരെ പൂമലൈ കുടിയ എന്നും വിളിക്കാറുണ്ട്. മറ്റൊന്ന് തേൻമല കുടിയ എന്നുമാണ്. അഡിക കുടിയ എന്നൊരു വിഭാഗം കൂടിയുണ്ട്. ഈ വിഭാഗങ്ങൾ പല കുലങ്ങളായി പിരിഞ്ഞിരിക്കുന്നു.




ചിത്രം: 12 മേലേക്കുടിയരുടെ പരമ്പരാഗത നൃത്തത്തിന്റെ വേദിയിലെ അവതരണം[xii]

## 13. കുറിച്യൻ / കുറിച്ചിയൻ

കേരളത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി, തിരുനെല്ലി, കുഞ്ഞോം, പേരിയ എന്നിവിടങ്ങളിലും കണ്ണൂർ കോഴിക്കോട് എന്നീ ജില്ലകളുടെ ചില ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് കുറിച്യർ. മറ്റു ഗോത്രസമുദായങ്ങളെ അപേക്ഷിച്ച് സാമൂഹികമായി കുറച്ചുകൂടി ഉയർന്നു നിൽക്കുന്ന കൂട്ടരാണ് കുറിച്യൻ. മറ്റു സമുദായങ്ങളുമായി അകലം തുടർന്നിരുന്ന സമ്പ്രദായം കുറിച്യർക്കിടയിലുണ്ടായിരുന്നു. ഭൂരിഭാഗം കുറിച്യരും കൃഷിക്കാരാണ്. കുറിച്യരിൽ പലർക്കും സ്വന്തമായി കൃഷിഭൂമിയുണ്ട്. ഇന്നും കൃഷിതന്നെയാണ് കുറിച്യരുടെ മുഖ്യ ജീവനോപാധി. ബ്രിട്ടീഷ്കാർക്കെതിരായി പഴശ്ശി രാജാവിനോടൊപ്പം യുദ്ധം ചെയ്തു വീരമൃത്യു വരിച്ച തലയ്ക്കൽ ചന്തു കുറിച്യൻ സമുദായംഗമാണ്.

പാരമ്പര്യമായി അമ്പലത്തിലെ തിറയുത്സവ സമയത്ത് കുറിച്യൻ പുലിപ്പാട്ട് നടത്തുന്നു. ചെണ്ടകൊട്ടിയാണ് പുലിപ്പാട്ട് അവതരിപ്പിക്കുന്നത്. പശു, പശുക്കിടാവ്, പുലി, വേട്ടക്കാരൻ തുടങ്ങിയവരാണ് ഇതിലെ കഥാപാത്രങ്ങൾ. പുലി കിടാവിനെ ആക്രമിക്കാൻ വരുന്നതും കിടാവിന് വേണ്ടനിർദ്ദേശങ്ങൾ പശു നൽകുന്നതുമാണ് പുലിപ്പാട്ടിലെ ഉള്ളടക്കം. ഒടുവിൽ വേട്ടക്കാരൻ പുലിയെ വെടിവെയ്ക്കുന്നതിലൂടെ പുലിപ്പാട്ട് അവസാനിക്കുന്നു. പുരുഷൻമാർ മാത്രമാണ് ഇതിൽ പങ്കെടുക്കുന്നത്. കലാരൂപം അവതരിപ്പിക്കുമ്പോൾ വലിയ ചമയങ്ങൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ല. സാധാരണപോലെ ഒരു വെള്ളമുണ്ട് ഉടുത്ത ശേഷം അതിനുമേലെ പട്ട് ഉടുക്കുന്നു. വാദ്യോപകരണമായി ചെണ്ട മാത്രമാണ് ഉപയോഗിക്കുന്നത്.

## 14. മുള്ളു കുറുമൻ/കുറുമർ/ മുള്ള കുറുമൻ/മല കുറുമൻ

2002 വരെ വയനാട് ജില്ലയിലെ മുള്ളു കുറുമരെയും വെട്ട കുറുമരെയും (ഊരാളി കുറുമർ) കുറുമർ എന്ന പൊതുപേരിലാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ കൊടുത്തിരുന്നത്. എന്നാൽ 2002 ലെ ഭരണഘടനാ ഭേദഗതിപ്രകാരം മുള്ളു കുറുമനെയും ഊരാളി കുറുമനെ വെട്ടക്കുറുമനെന്ന പേരിലും രണ്ടു



ചിത്രം: 13 കുറിച്യരുടെ തനത് ഭക്ഷ്യ വിഭവം[xiii]

വ്യത്യസ്ത വിഭാഗങ്ങളായി കണക്കാക്കുന്നു. മുള്ളു കുറുമൻ, കുറുമർ, മല കുറുമൻ, മുള്ള കുറുമൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. 2011 സെൻസസിൽ മുള്ളു കുറുമരുടെ ജന സംഖ്യ 24,505 ആണ്. അതിൽ 12,148 പേർ പുരുഷന്മാരും 12,357 പേർ സ്ത്രീകളുമാണ്. വയനാടിലെ ബത്തേരി, മീനങ്ങാടി, പൂതാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, നെന്മേനി, മേപ്പാടി, കല്പറ്റ, മുപ്പെനാട് എന്നീ പ്രദേശങ്ങളിലും തമിഴ്നാട്ടിലെ ഗൂഡല്ലൂരിന്റെ പടിഞ്ഞാറുഭാഗത്തുമാണ് മുള്ളുകുറുമർ പ്രധാനമായും താമസിക്കുന്നത്. പണ്ടുകാലത്ത് മുള്ളു കുറുമൻ കൃഷി ചെയ്തും വേട്ടയാടിയും മീൻപിടിച്ചുമാണ് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. എന്നാലിന്ന് ഇവരിൽ ഭൂരിഭാഗവും കൃഷിയെയും കാർഷികേതര തൊഴിലിനെയും ആശ്രയിക്കുന്നു. വയനാട്ടിലെ ഇതര പട്ടികവർഗ്ഗ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയാൽ മുള്ളുക്കുറുമർ സമുദായം നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായി കാണാം.

## 15.കുറുമ്പർ

പാലക്കാട് ജില്ലയിൽ അട്ടപ്പാടി മലനിരകളിൽ താമസിച്ചുവരുന്ന ഒരു പ്രത്യേക ദുർബല ഗോത്രജനത. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണിത്. 2011 ലെ സെൻസസ് പ്രകാരം 2,586 കുറുമ്പരാണുള്ളത്. 1,302 പുരുഷന്മാരും 1,284 സ്ത്രീകളും. കുറുമ്പരിൽ ഏതാണ്ട് 847 പേർ മാത്രമേ സാക്ഷരരായിട്ടുള്ളൂ. തടിയേതര വിഭവശേഖരണവും ഒരു ജീവനോപാധിയാണ്. ആനവായ്, മേലെ ഭൂതയാർ, താഴെ ഭൂതയാർ, കടുകമണ്ണ, ഗലസി, തുടുക്കി, ഗൊട്ടിയാർകണ്ടി, തടിക്കുണ്ട്, മുരുഗള, തുടങ്ങിയവയാണ് കുറുമ്പരുടെ പ്രധാന ഊരുകൾ. പാരമ്പര്യമായി ഊരിലെ എല്ലാവരും ഒന്നിച്ച് ഒരിടത്താണ് താമസിക്കുന്നത്. എന്നാൽ, സമീപകാലങ്ങളിലായി ചില ഊരുകളിൽ അവരവരുടെ കൃഷിസ്ഥലത്തിനോട് ചേർന്ന് ഒറ്റയ്ക്ക് വീടുവെച്ച് താമസിക്കുന്നവരുമുണ്ട്. വനത്തിനുള്ളിൽ പണ്ടുമുതലെ പഞ്ചക്കാട് കൃഷി (പുനം കൃഷി) ചെയ്തു വരുന്നവരാണ് കുറുമ്പർ. കൃഷികാര്യങ്ങൾ നോക്കുന്നത് മണ്ണൂക്കാരനാണ്. മണ്ണൂക്കാരന് പുറമെ ഊരിലെ എല്ലാ കാര്യങ്ങളും നോക്കുന്നതിന് മൂപ്പനും, മൂപ്പനെയും മണ്ണൂക്കാരനെയും ഊരിലെ വിവരങ്ങൾ അറിയിക്കുന്നതിനും മറ്റുമായി കുറുതല,




ചിത്രം: 14 മുള്ളുകുറുമരുടെ തനത് ഭക്ഷ്യ വിഭവങ്ങൾ[xiv]

ഭണ്ഡാരി എന്നിവരും ഓരോ ഊരിലുമുണ്ട്. മൂപ്പനും മണ്ണൂക്കാരനും കുറുതല ഭണ്ഡാരിയും സാധാരണ ഗതിയിൽ വേറെ വേറെ കുരിമ്പ്കളിൽ (കുലം/ഇല്ലം) പെടുന്നവരായിരിക്കും. ഓരോ ഊരിലും രണ്ടിലധികം പ്രധാന കുരിമ്പ്കൾ പൊതുവിൽ കണ്ടുവരുന്നുണ്ട്. കൃഷി, വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയോടനുബന്ധിച്ച് കുറുമ്പർ പാട്ടും നൃത്തവും അവതരിപ്പിക്കാറുണ്ട്. തയ് (ജനുവരി) മാസത്തിൽ കാട്(കൃഷിസ്ഥലം) ഉണങ്ങുമ്പോൾ വെട്ടി പങ്കിനി (മാർച്ച് ) മാസത്തിൽ തീയ്യിടും. മണ്ണൂക്കാരന്റെ കരദൈവ (പാരമ്പര്യ ദൈവം)ത്തിന്റെ പേയ്ട്ടിൽ എല്ലാവരും കുമ്പിട്ട് തൊഴുതിട്ടാണ് കാടുവെട്ടുവാൻ പോകുന്നത്. കൃഷിസ്ഥലത്ത് എത്തി അവിടെയുള്ള കരദൈവത്തെ തൊഴുത് മണ്ണൂക്കാരൻ ഒന്ന് രണ്ട് ചെടി മുറിക്കും. പിന്നീട് രണ്ട് ദിവസം കഴിഞ്ഞ് എല്ലാവരും അവരവരുടെ കാട് വെട്ടും. പരസ്പരം പറഞ്ഞാണ് തീയ്യിടുക. തീയിട്ട അന്ന് വൈകുന്നേരം എല്ലാവരുടെ വീട്ടിലും റായി (റാഗി), സാമെ (ചാമ), തിവാരി (തുവര) എന്നിവകൊണ്ട് 'കരിപുല ചോറ്' വയ്ക്കും. കരദൈവത്തിന് സമർപ്പിച്ച ശേഷമാണ് ചോറ് കഴിക്കുക.

## 16. മഹാമലസർ

കേരളത്തിലെ പാലക്കാട് ജില്ലയിലും, തമിഴ്നാട്ടിൽ കോയമ്പത്തൂർ ജില്ലയിലും കാണപ്പെടുന്ന ഗോത്ര വിഭാഗക്കാരാണ് മഹാമലസർ. ഇവരെ മലമലസർ എന്നും വിളിക്കാറുണ്ട്. മുൻകാലങ്ങളിൽ കാടിനുള്ളിൽ പലയിടങ്ങളിലും മാറി മാറി താമസിക്കുകയായിരുന്നു പതിവ്. ഒരിടത്തും സ്ഥിരമായി താമസിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല.



ചിത്രം: 15 കുറുമ്പരുടെ അധിവാസ മേഖല[xv]

യാത്രക്കിടയിൽ തങ്ങേണ്ടി വരുന്ന സ്ഥലത്ത് കച്ചകൊണ്ട് കുടിലുകൾ കെട്ടി താമസിച്ചിരുന്നു. ഒരു വശത്തു നിന്ന് വരുന്ന കാറ്റിനേയും മഴയേയും ചെറുക്കാനുള്ള ശേഷി മാത്രമെ അവയ്ക്കു ഉണ്ടായിരുന്നുള്ളൂ. മലയിൽ അലയുന്നവർ എന്ന അർത്ഥത്തിൽ ആകാം ഈ ഗോത്ര ജനതയ്ക്ക് മലമലസർ എന്നും മഹാമലസർ എന്നും പേര് വന്നത്.

മഹാമലസരുടെ മൂപ്പനെ പെരിയതമ്പി എന്നാണ് വിളിക്കുന്നത്. മൂപ്പൻ സ്ഥാനം പാരമ്പര്യമായികിട്ടുന്നതല്ല. അവർക്കിടയിൽ തലമുതിർന്നവനും, ധീരത, നായാട്ടിലുള്ള സാമർത്ഥ്യം, കാടിനെക്കുറിച്ചുള്ള അറിവ് എന്നീ യോഗ്യതകൾ ഉള്ളതുമായ വ്യക്തിയാണ് പെരിയതമ്പി ആകുന്നത്. സമുദായത്തിൽ പെരിയ തമ്പിയുടെ സ്ഥാനം വളരെ വലുതാണ്. സഞ്ചാര പരിപാടികൾ തീരുമാനിക്കുന്നതും സംഘങ്ങളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും പെരിയ തമ്പി ആണ്. പെരിയതമ്പിയുടെ അറിവോ സമ്മതമോ കൂടാതെ സമൂഹത്തിൽ യാതൊന്നും സംഭവിച്ചുകൂടാ. പെരിയതമ്പി സമ്മതിച്ചാലേ വിവാഹം 'വിവാഹം' ആവുകയുള്ളൂ. വിവാഹം വേർപ്പെടുത്തണം എങ്കിലും പെരിയ തമ്പിയുടെ അനുവാദം വേണം. പെരിയതമ്പിയില്ലാത്ത ശവ സംസ്കാരം മുറ പ്രകാരമുള്ളത് ആകുകയില്ല, (നെട്ടൂർ പി ദാമോദരൻ:1974).

ഇപ്പോൾ പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിലാണ് മഹാമലസരുടെ സങ്കേതങ്ങൾ. നാൽപ്പതോളം കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ട്. 2011 സെൻസസ് പ്രകാരം മഹാമലസരുടെ അംഗസംഖ്യ 154 ആണ്. ഇതിൽ 71 പേർ പുരുഷന്മാരും 83 പേർ സ്ത്രീകളുമാണ്. മഹാമലസരിലെ സ്ത്രീ:പുരുഷ അനുപാതം 1000 : 932 ആണ്. സർക്കാർ അനുവദിച്ച നൽകിയ ഭൂമിയിൽ കൃഷി ചെയ്താണ് മഹാമലസർ നിലവിൽ ജീവിക്കുന്നത്. ഇപ്പോഴും ഉപജീവനത്തിനായി തേനും മറ്റ് വനോത്പന്നങ്ങളും ശേഖരിക്കുന്നു.

## 17. മലൈ അരയൻ, മല അരയൻ

മലൈ അരയനും മല അരയനും രണ്ടു വ്യത്യസ്ത സമുദായങ്ങളായാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവ രണ്ടും ഒരു സമുദായത്തിന്റെ 2 വ്യത്യസ്ത പേരുകൾ മാത്രമാണ് കേരളത്തിലെ പ്രധാന പട്ടികവർഗ്ഗവിഭാഗമായ മല അരയൻ കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ കാഞ്ഞിരപ്പള്ളി, മുട്ടം, മേലുകാവ്, തൊടുപുഴ, കോതമംഗലം എന്നിവിടങ്ങളിലാണ് അധിവസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം മലഅരയരുടെ അംഗസംഖ്യ 33216 ആണ്. ഇതിൽ 16622 പേർ പുരുഷന്മാരും 16594 പേർ സ്ത്രീകളുമാണ്. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ മുൻപന്തിയിൽ നിൽക്കുന്ന സമുദായമാണ് മലഅരയ. മലയരയരിൽ വലിയൊരുവിഭാഗം ക്രിസ്തുമത വിശ്വാസികളാണ്. കൃഷിയാണ് മുഖ്യതൊഴിൽ. വലിയ ഭൂവുടമകളും ഇവർക്കിടയിലുണ്ടായിരുന്നു. ഐ.എ.എസ് ഉൾപ്പെടെയുള്ള തസ്തികകളിൽ സംവരണത്തിന്റെ ഫലമായി എത്തിപ്പെടുവാൻ മലഅരയർക്ക് കഴിഞ്ഞിട്ടുണ്ട്.

## 18. മലൈ പണ്ടാരം

കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അച്ചൻകോവിൽ, മുള്ളുമല, ഗവി, മൂഴിയാർ, ആങ്ങമൂഴി, ചാലക്കുഴി, പമ്പ എന്നിവിടങ്ങളിൽ താമസിച്ചുവരുന്ന ഒരു ഗോത്രവിഭാഗം. വളരെ കുറഞ്ഞ അംഗസംഖ്യയുള്ള സമുദായമാണിത്. 2011 ലെ സെൻസസ് പ്രകാരം 2,422 ആണ് ജനസംഖ്യ. (1,227 പുരുഷന്മാർ, 1,195 സ്ത്രീകൾ). 60.2 ശതമാനമാണ് സാക്ഷരതാ നിരക്ക്. വനവിഭവശേഖരണമാണ് പ്രധാന തൊഴിൽ. സമീപ കാലങ്ങളിലായി പല സങ്കേതങ്ങളിലും സ്ഥിരകൃഷി ചെയ്തുവരുന്നുണ്ട്. ഇപ്പോഴും സ്ഥിരമായി ഒരു സ്ഥല ത്തുതന്നെ താമസിക്കുവാൻ ഉൾവനപ്രദേശങ്ങളിൽ താമസിക്കുന്നവർ വിമുഖത കാണി ക്കുന്നു.



ചിത്രം: 16 മലൈപണ്ടാരം ജനതയുടെ കുര്യോട്ടുമല സങ്കേതം[xvi]

## 19. മലൈ വേടൻ, മല വേടൻ

പത്തനംതിട്ട, ഇടുക്കി, കൊല്ലം, കോട്ടയം എന്നീ ജില്ലകളിൽ നാരായണമൂഴി, കുമാരപുരം, ഒറ്റക്കാൽ, അച്ചൻകോവിൽ, തെന്മല റേഞ്ചിലെ ഉറുകുന്ന്, റാന്നി വനം, റാന്നി റെയ്ഞ്ചിലെ ചെളാനാവയൽ, കടുമീൻചിറ, വടശ്ശേരിക്കര റെയ്ഞ്ചിലെ ഒളിക്കല്ല് എന്നിവിടങ്ങളിൽ മല വേടൻ ജനത താമസിക്കുന്നുണ്ട്. 2011 ലെ സെൻസസ് പ്രകാരം

8,149 അംഗങ്ങളുണ്ട് ഈ സമുദായത്തിൽ. 3,901 പേർ പുരുഷൻമാരും 4,248 പേർ സ്ത്രീകളുമാണ്. പരമ്പരാഗതമായി തടിയേതര വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം കണ്ടെത്തിയവരായിരുന്നു മലവേടർ. മുൻ കാലങ്ങളിൽ വേട്ടയാടി ഉപജീവനം കഴിച്ചിരുന്നതിനാലാവാം മലവേടർക്ക് ആ പേര് കിട്ടയത് എന്ന് കരുതുന്നു. കാടിനോട് ചേർന്നുള്ള സ്ഥലങ്ങളിലാണ് മലവേടരുടെ സങ്കേതങ്ങൾ അധികമായി കാണപ്പെടുന്നത്. മല വേടരുടെ ഉൽപ്പത്തിയെക്കുറിച്ച് മലവേടർക്കിടയിൽ ഒരു ഐതിഹ്യം ഉണ്ട്. പരമശിവൻ വേടനായി അവതരിച്ച് കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്ത് കൂട്ടുകാരായി വേടൻമാരുടെയും ഉള്ളാടന്മാരുടെയും പൂർവ്വികരായിരുന്നു കൂടെ ഉണ്ടായിരുന്നത്. വേടനായ പരമശിവന് കാട്ടുമൃഗങ്ങളുമായി ഏറ്റുമുട്ടേണ്ടി വന്നപ്പോൾ ഓടിക്കളഞ്ഞവൻ ഉള്ളാടന്മാരും കൂടെ നിന്നവർ വേടന്മാരും ആയി എന്നതാണ് ഉൽപ്പത്തി ഐതിഹ്യം. ഇന്ന് നാമമാത്ര തൊഴിലിലേർപ്പെട്ടിരിക്കുന്നവരോ തൊഴിൽ രഹിതരോ ആണിവരിൽ ഭൂരിഭാഗവും. മലയാള ഭാഷയോട് ഏറെ സാമ്യമുള്ള ഭാഷയാണ് മലവേടർ സമുദായത്തിനുള്ളത്. പണ്ടുകാലത്ത് അവർ ഉപയോഗിച്ചിരുന്ന ഭാഷയിൽ തമിഴും മലയാളവും ഇടകലർന്നിരുന്നു. മുൻകാലങ്ങളിൽ തനത് ഭാഷ ഉപയോഗിച്ചിരുന്ന മലവേടരിൽ സമ്പർക്ക ഭാഷയായ മലയാള ഭാഷയുടെ സ്വാധീനം പ്രായോഗികതലത്തിൽ കൂടിവരികയും തദ്വാരാ തനത് ഭാഷാപ്രായോഗം കുറയുകയും ചെയ്തിരിക്കുന്നു. മലദൈവങ്ങളെയാണ് മലവേടർ പ്രധാനമായും ആരാധിക്കുന്നത്. ആരാധന രീതികളുമായി ബന്ധപ്പെട്ടുള്ള, പുറമാടിയാട്ടം, മുടിയാട്ടം, കോൽക്കളി എന്നിവയാണ് മലവേടൻമാരുടെ പ്രധാന കലകൾ. വർഷത്തിലൊരിക്കൽ ഉച്ചാൽ ഉൽസവത്തിനാണ് മുടിയാട്ടം നടത്തുന്നത്. മലദേവിയെ പ്രതീപ്പെടുത്താൻ വേണ്ടിയാണ് മുടിയാട്ടം നടത്തി വരുന്നത്. കായ്കനികൾ ഭക്ഷിച്ച് ഏഴ് ദിവസത്തെ വ്രതം അനുഷ്ഠിച്ച് കളിക്കുന്ന ഈ അനുഷ്ഠാനം തിരണ്ടു കല്ല്യാണ സമയത്തും, മറ്റ് ആഘോഷ വേളകളിലും രോഗ ശമനത്തിനു വേണ്ടിയും നടത്തപ്പെടുന്നു. വളരെയധികം ആവിഷ്ക്കാര ഭംഗിയും ആസ്വാദന മികവും ഉള്ളവയാണ് ഈ കലാരൂപങ്ങളെങ്കിലും അർഹിക്കുന്ന പ്രോത്സാഹനമോ പരിഗണനയോ ഇതുവരെ ഈ കലകൾക്കോ അവയുമായി ബന്ധപ്പെട്ട കലാകാരൻമാർക്കോ ലഭിച്ചിട്ടില്ല. ഗോത്ര കലകളൊക്കെ അന്യം നിന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മലവേടരുടെ കലാരൂപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതും അവ രേഖപ്പെടുത്തേണ്ടതും വളരെ അത്യാവശ്യമാണ്.

## 20. മലക്കുറവൻ

2011 ലെ സെൻസസ് പ്രകാരം മലക്കുറവരുടെ ജനസംഖ്യ 175 മാത്രമാണ്. 88 പേർ പുരുഷന്മാരും 87 പേർ സ്ത്രീകളും. 2001 നെ അപേക്ഷിച്ച് ജനസംഖ്യയിൽ സാരമായ കുറവ് കാണപ്പെടുന്നുണ്ട്. അന്വേഷണത്തിൽ യഥാർത്ഥ മലക്കുറവൻ സമുദായക്കാരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. മലക്കുറവൻ സമുദായമാണെന്ന് അവകാശപ്പെട്ടവരിൽ ഭൂരിഭാഗവും പട്ടികജാതിയൽ ഉൾപ്പെട്ട കുറവൻ സമുദായക്കാരായിരുന്നു.

## 21. മലപണിക്കർ

2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെ ലിസ്റ്റിൽ ചേർക്കപ്പെട്ട ഒരു ഗോത്രവർഗ്ഗമാണിവർ. മലപ്പുറം ജില്ലയിലെ ഏറനാട്ടിൽ വണ്ടൂർ ബ്ലോക്കിലും നിലമ്പൂർ ബ്ലോക്കിലും, എടക്കര, താഴത്തുപാടം, വേങ്ങര, അമരമ്പലം, മഞ്ചേരി, കാളികാവ്, മൂത്തേടം, വാഴക്കാട്, നിലമ്പൂർ, വണ്ടൂർ, ആനക്കയം, മമ്പാട്, കാവനൂർ എന്നിവിടങ്ങളിലും താമസിച്ചുവരുന്നു. 2002 ൽ കിർടാഡ്സ് നടത്തിയ പഠനത്തിൽ 850 ഓളമാണ് മലപണിക്കരുടെ ജനസംഖ്യ. 180 കുടുംബങ്ങളിലായി 395 പുരുഷന്മാരും 415 സ്ത്രീകളുമാണുള്ളത്. 2011 സെൻസസ് പ്രകാരം 1023 (പുരുഷന്മാർ 474, സ്ത്രീകൾ 549) ആണ് മലപണിക്കരുടെ ജനസംഖ്യ. പരമ്പരാഗതമായി വേട്ടയാടലും കിഴങ്ങുശേഖരണവുമായിരുന്നു തൊഴിലുകൾ. പിന്നീട് പുനംകൃഷിയിലേക്കും അവിടെനിന്ന് കോവിലകം ജന്മിമാരുടെ പണിക്കാരായും മലപണിക്കൻമാർ മാറി.

## 22. മലസർ

പാലക്കാട് ജില്ലയിലെ നെന്മാറയിൽ നെല്ലിയാമ്പതി, പോത്തുമുടി, തൂത്തൻപാറ, കൊല്ലങ്കോട്, ചിറ്റൂർ താലൂക്കിലെ ചില ഭാഗങ്ങൾ പറമ്പിക്കുളം വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ സുങ്കം റേഞ്ച് എന്നിവിടങ്ങളിൽ മലസർ താമസിക്കുന്നു. 2011 ലെ കണക്കനുസരിച്ച് 3,195 ആണ് മലസരുടെ അംഗസംഖ്യ (1,607 പുരുഷന്മാർ, 1,588 സ്ത്രീകൾ). ജനസംഖ്യയുടെ മൂന്നിലൊന്നു മാത്രമാണ് സാക്ഷരരായിട്ടുള്ളവർ. വനവും വന്യമൃഗങ്ങളുമായി ബന്ധപ്പെട്ടാണ് മലസറുടെ ജീവിതം. അതുകൊണ്ടുതന്നെ വനസംബന്ധിയായ ജോലികളും, വനവിഭവശേഖരണവുമാണ് മലസർ വിഭാഗത്തിന്റെ പ്രധാന ഉപജീവനമാർഗ്ഗം. ജനസംഖ്യാപരമായ കുറവ് മൂലം പറമ്പികുളം വനമേഖലയിലെ മറ്റു ഗോത്രസമൂഹങ്ങളുമായി ഇടപഴകിയാണ് മലസരുടെ ജീവിതം. ജനനം, മരണം, വിവാഹം, എന്നിവയുമായി ബന്ധപ്പെട്ട് മലസർ തങ്ങളുടെ നൃത്ത രൂപങ്ങൾ അവതരിപ്പിക്കാറുണ്ട്. വളരെ കുറച്ച് ഊരുകൾ മാത്രമേ ഉള്ളൂ എന്നത് കലാപരമായ നിലനിൽപ്പിനെയും ബാധിച്ചിട്ടുണ്ട്.

## 23. മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ)

കണ്ണൂർ ജില്ലയിലെ ചെറുപുഴ, വയക്കര, തിരുമേനി, കോഴിച്ചാൽ, തടിക്കടവ്, പടിയൂര്, പ്രാപ്പൊയിൽ, രാജഗിരി എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ ബടെഡുക്ക, കുറ്റിക്കോൽ, പനത്തടി, കള്ളാർ, ബളാൽ, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കോടാം ബേളൂർ എന്നിവിടങ്ങളിലും താമസിച്ചുവരുന്നു. 2002 വരെ മലവേട്ടുവൻ ഒ.ഇ.സി. ലിസ്റ്റി (1964 മുതൽ) ലാണ് ഉൾപ്പെട്ടിരുന്നത്. 2011 ലെ കണക്കനുസരിച്ച് 17869

ആണ് ജനസംഖ്യ (8852 പുരുഷന്മാർ, 9017 സ്ത്രീകൾ). തേൻശേഖരണം, വേട്ടയാടൽ, മീൻപിടുത്തം എന്നിവയിൽ മലവേട്ടുവർക്ക് പ്രത്യേക വിരുത് തന്നെയുണ്ട്. ചൂരൽ, കാട്ടുവള്ളി എന്നിവകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുവാനും അറിയാം. പുനം കൃഷിയായിരുന്നു മറ്റൊരു ജീവിതോപാധി.



ചിത്രം: 17 മലവേട്ടുവരുടെ മംഗലം കളി: വേദിയിലെ അവതരണം[xvii]

## 24. മലയൻ/നാട്ടുമലയൻ/കൊങ്ങമലയൻ

കൊങ്ങ മലയനും നാട്ടുമലയനുംകൂടി ചേർന്നതാണ് മലയൻ ഗോത്ര ജനത. കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ പട്ടികജാതി മലയരുമായി മലയർക്ക് ബന്ധമില്ല. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, പീച്ചി തുടങ്ങിയവിടങ്ങളിലും എറണാകുളം പാലക്കാട് ജില്ലകളിലും എറണാകുളത്തെ മലമ്പ്രദേശങ്ങളിലും താമസിക്കുന്നു. 2011 സെൻസസ് പ്രകാരം മലയരുടെ ജനസംഖ്യ 5917 (2290 പുരുഷന്മാർ, 3027 സ്ത്രീകൾ) ആണ്. ചീനിക്കായ, തേൻ, പച്ചമരുന്നുകൾ, മുള, വിറക് എന്നിവയുടെ ശേഖരണം തന്നെയാണ് ഇന്നും പ്രധാന ജീവനോപാധി. വീരഭദ്രനും ഭദ്രകാളിയുമാണ് മലയരുടെ പ്രധാന ആരാധനാ മൂർത്തികൾ. ഭദ്രകാളിയുടെ മറ്റൊരു ഭാവമായ മാരിയമ്മയെയും ആരാധിക്കാറുണ്ട്. മുഖം മൂടികൾ ധരിച്ച് പാട്ടുപാടി 'തീയാട്ടം' എന്ന ചടങ്ങു നടത്താറുണ്ട്. അതീന്ദ്രിയ ശക്തികളുടെ പ്രീതിക്കുവേണ്ടി 'ഉച്ചബലി' എന്ന ചടങ്ങും നടത്തുന്നു. പഴയകാല സംഘജീവിതവും കൂട്ടായ്മയും മലയർക്കിടയിൽ കുറെയൊക്കെ ഇപ്പോഴും നില

നിൽക്കുന്നുണ്ട്. അതുപോലെ ഓരോ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ കലാരൂപങ്ങൾ കാണപ്പെടുന്നു. 'സൊല്ലേലം കളി,' 'പോലി കളി', 'കവരകളി', 'മുടിയാട്ടം,' 'കുമ്മികളി' എന്നിവ സങ്കേതങ്ങളിൽ അവതരിപ്പിക്കുന്ന ചില കലാരൂപങ്ങളാണ്.



ചിത്രം: 18 മലയരുടെ കതിര്കേറ്റൽ ഉത്സവം[xviii]

## 25. മന്നാൻ

ഇടുക്കി ജില്ലയിലാണ് ഭൂരിഭാഗം മന്നാൻമാരും താമസിക്കുന്നത്. 2011 സെൻസസ് പ്രകാരം 9,780 ആണ് ഇവരുടെ ജനസംഖ്യ. 4,792 പുരുഷന്മാരും 4,988 സ്ത്രീകളും. തൊടുപുഴ, ഉടുമ്പൻചോല, പീരുമേട്, ചാറ്റുപ്പാറ, മച്ചിപ്ലാവ്, അടിമാലി, കട്ടപ്പന, കോഴിമല, മുറിക്കാശ്ശേരി, നെടുംകണ്ടം, കുമളി പ്രദേശങ്ങളിലായി 6859 ഓളം പേർ താമസിക്കുന്നുണ്ട്. കൃഷി തന്നെയാണ് പ്രധാന തൊഴിൽ. കൊട്ടയും വട്ടിയും പായും നെയ്തും മുഖേന ജീവിതമാർഗ്ഗം കണ്ടെത്തുന്നവരുമുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ രാജപദവി എപ്പോഴും നിലനിർത്തുന്ന സമുദായമാണ് മന്നാൻ. കിലയും പട്ടികവർഗ്ഗ വകുപ്പും നടത്തിയ സർവ്വെ പ്രകാരം 9345 ആണ് ജനസംഖ്യ. കോഴിമലയിലെ രാജമന്നാനാണ് സമുദായത്തിന്റെ നേതൃത്വം. (ഓരോ 'കുടി'യുടെയും പ്രധാന 'അധികാരി' അദ്ദേഹത്തിനു കീഴിലുള്ള കാണിക്കാരനാണ്.) ചതുപ്പ് പ്രദേശങ്ങളിൽ മാറി മാറി കൃഷി ചെയ്യുകയും കര ഭൂമിയിൽ കൂട്ടമായി താമസിക്കുകയും ചെയ്തിരുന്നു. മന്നാൻ സമുദായം കൂട്ടമായി താമ

സിച്ചിരുന്ന സ്ഥലം 'മന്നാംകണ്ടം' എന്നറിയപ്പെട്ടിരുന്നു. ഇവർക്ക് അവരുടെതായ തനതു കലയും സംസ്കാരിക സവിശേഷതകളും ഉണ്ട്. 'കൂത്ത്'' എന്ന അനുഷ്ഠാന കലാരൂപം എല്ലാ തനിമയോടും കൂടി ഇന്നും ആചരിച്ചു വരുന്നു. ഈറ്റ കൊണ്ട് നിർമ്മിച്ച മനോഹരമായ 'കുര' കളിലാണ് പണ്ട് സമുദായക്കാർ താമസിച്ചിരുന്നത്. കൂട്ടുകുടുംബ വ്യവസ്ഥയിൽ മരുമക്കത്തായം നിലനിന്നിരുന്നു. ലിഖിതമല്ലെങ്കിലും ഈ കീഴ്വഴക്കങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.


ചിത്രം: 19 മന്നാൻമാരുടെ പാരമ്പര്യവീട്[xix]

## 26. മാവിലൻ

കണ്ണൂർ ജില്ലയിലെ പെരിങ്ങോം, വയക്കര, ആലപ്പടപ്പ്, ഉദയഗിരി, നടുവിൽ, ശ്രീകണ്ഠാപുരം, പയ്യാവൂർ, എരുവശ്ശേരി എന്നിവിടങ്ങളിലും കാസഗോഡ് ജില്ലയിലെ പനത്തടി, കള്ളാർ, കോടോം, ബേളൂർ, ബളാൽ, കുറ്റിക്കോൽ, ബന്തടുക്ക, എളേരി (ഈസ്റ്റ്, വെസ്റ്റ്) അജാനൂർ, കിനാനൂർ, ചീമേനി എന്നിവിടങ്ങളിലും അധിവസിക്കുന്ന ഒരു ഗോത്രവിഭാഗം. 2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് പട്ടികജാതിക്കാരായിരുന്ന മാവിലർക്ക് പട്ടികവർഗ്ഗ പദവി ലഭിച്ചത്. 2011 സെൻസസ് പ്രകാരം 14972 പുരുഷന്മാരും 15895 സ്ത്രീകളും ചേർന്ന് 30867 പേരാണ് മാവിലൻ സമുദായത്തിൽ ഉള്ളത്. കെണിവെച്ച് മൃഗങ്ങളെയും പക്ഷികളെയും പിടിക്കലും മീൻ പിടുത്തവും തേൻ ശേഖരണവും, 'കുമേറ്'' എന്ന പുനം കൃഷിയുമായിരുന്നു ആദ്യകാലത്തെ മുഖ്യ ജീവനോപാധി.

ഈറ്റ, മുള എന്നിവ ഉപയോഗിച്ച് വസ്തുക്കളുണ്ടാക്കുവാനും പച്ചമരുന്നു ചികിത്സയിലും വിദഗ്ധരാണ്. മാവിലരിൽ പലരും മികച്ച തെയ്യം കലാകാരന്മാരാണ്.



ചിത്രം: 20 മുതുവാന്മാരുടെ സാവടി[xx]

## 27. മുതുവാൻ

കേരളത്തിൽ പശ്ചിമഘട്ടത്തിൽ പ്രത്യേകിച്ച് ഇടുക്കി, എറണാകുളം ജില്ലകളിലാണ് മുതുവാന്മാർ അധിവസിക്കുന്നത്. കോട്ടഗിരി, കുണ്ടള, ചെങ്കുളം, മുട്ടം, കൊപ്പക്കാട്, പാലക്കാടുപെട്ടി, കോട്ടപ്പാറ, കാന്തല്ലൂർ, ഇടമലക്കുടി, കണ്ടത്തുകുടി, ചീങ്കുത്തി, കുറത്തികുടി, നാച്ചിവയൽ, വാരിയംകുടി, കമ്പനിക്കുടി, വെള്ളിയാംപാറ, വട്ടവട, ലക്കം, സൂര്യനെല്ലി, അടിമാലി, മൂന്നാർ, നേരിയമംഗലം, ചിന്നക്കനാൽ, മാങ്കുളം തുടങ്ങിയവയാണ് പ്രധാന അധിവാസ കേന്ദ്രങ്ങൾ. കൃഷിയാണ് പ്രധാന ഉപജീവനമാർഗ്ഗം. പുനംകൃഷി രീതിയായിരുന്നു മുൻകാലങ്ങളിൽ. കൃഷിയോടൊപ്പം വനവിഭവശേഖരണവും ഉണ്ട്. ആൺകുട്ടികൾക്കുള്ള ചാവടി (സത്രം) സമ്പ്രദായവും പെൺകുട്ടികൾക്കുള്ള തീണ്ടാരിപ്പുര/വാലായ്മപുര (തിണ്ണവീട്) സമ്പ്രദായവും മുതുവാൻ സമുദായത്തിന്റെ സവിശേഷതാണ്. അവിവാഹിതരായ ആൺകുട്ടികൾക്കും ചെറുപ്പക്കാർക്കുമുള്ള പൊതു ശയനമുറി ആണ് ചാവടി (സത്രം). സമുദായത്തിന്റെ ചിട്ടകളും, നിയമവ്യവസ്ഥകളും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യാനുള്ള സാമൂഹിക പാഠങ്ങളും മര്യാദകളും കൈമാറ്റം ചെയ്യുന്ന

തിൽ ചാവടി പുരകളുടെ പങ്ക് വലുതാണ്. പാരമ്പര്യ ചിട്ടവട്ടങ്ങൾ പിന്തുടരുന്ന സങ്കേതങ്ങളിൽ സ്ത്രീകൾ പ്രസവം, ആർത്തവം എന്നിവയുമായി ബന്ധപ്പെട്ട് കുടികളിൽ നിന്നും മാറി തീണ്ടാരിപ്പുര/വാലായ്മപ്പുര (തിണ്ണവീട്) കളിൽ താമസിക്കാറുണ്ട്. ഒരു സങ്കേതത്തിന് നേതൃത്വം കൊടുക്കുന്നത് കാണിയാണ്. കാണിക്ക് പുറമെ തലൈവനും മിക്ക സങ്കേതങ്ങളിലും ഉണ്ട്. സമുദായംഗങ്ങൾ പല കൂട്ടങ്ങളിൽ (കുലം) പെടുന്നു. ഒരു കൂട്ടത്തിലുള്ളവർ മറ്റ് കൂട്ടങ്ങളിൽ നിന്നുമാണ് വധൂ/വരന്മാരെ കണ്ടെത്തുക. കോഴിക്കോട് മലപ്പുറം ജില്ലകളിലെ കിഴക്കൻഭാഗത്ത് വസിക്കുന്നവരും മുതുവാൻ സമുദായമാണെന്ന് കണക്കാക്കപ്പെടുന്നു.

## 28. മുഡുഗർ

പാലക്കാട് അട്ടപ്പാടിയിൽ ഭവാനിപ്പുഴയുടെ തീരത്തു താമസിക്കുന്ന ഒരു ജനവിഭാഗം. പുനംകൃഷിയായിരുന്നു ആദ്യകാലത്തെ മുഖ്യ ഉപജീവനമാർഗ്ഗം. വനവിഭവ ശേഖരണവും ജീവനോപാധിയാണ്. 2008 ൽ പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം മുഡുഗരുടെ ജനസംഖ്യ 4668 ആണ്. ആയതിൽ 2225 പേർ പുരുഷന്മാരും 2433 ആളുകൾ സ്ത്രീകളുമാണ്. ഭാഷയിലും ജീവിത ശൈലിയിലും തമിഴ് സംസ്കാരവുമായി ബന്ധം മുഡുഗരുടെ സാമൂഹിക ചുറ്റുപാടുകളിൽ പ്രത്യക്ഷമാണ്. കാർഷികവൃത്തിയും വനവിഭവശേഖരണമാണ് മുഡുഗരുടെ പ്രധാന ഉപജീവനമാർഗ്ഗം. മൂപ്പൻ, ദണ്ഡാരി, കുറന്തല എന്നിങ്ങനെയുള്ള ഭരണ വ്യവസ്ഥയ്ക്ക് ഇപ്പോഴും മാറ്റം വന്നിട്ടില്ല. പൂർവികാചാരം അനുസരിച്ച് ശിവരാത്രി ദിവസം മല്ലീശ്വരമുടിയിൽ വിളക്ക വെയ്ക്കുന്നതിനുള്ള അവകാശം മുഡുഗർക്കാണ്. മലമുകളിൽ തിരിതെളിഞ്ഞാൽ മാത്രമെ അടിവാരത്തെ മല്ലീശ്വരന് കോവിലിൽ കൂട്ടുത്സവം ആരംഭിക്കുകയുള്ളൂ. തനതായ ആചാരങ്ങളും ജീവിതരീതിയും ഇപ്പോഴും അനുവർത്തിക്കുന്ന ഗോത്ര സമൂഹമാണ് മുഡുഗർ.

## 29. പള്ളിയൻ/പള്ളിയാർ/പളിയൻ

2002 ലെ ഭരണഘടനാ ഭേദഗതി നിലവിൽ വരും വരെ പള്ളിയൻ, പള്ളിയാർ, പളിയൻ എന്നിവരെ മൂന്നു വ്യത്യസ്ത ഗോത്രവിഭാഗങ്ങളായാണ് കണക്കാക്കിയിരുന്നത്. 2011 സെൻസസിൽ അതിനാൽ മൂന്ന് വിഭാഗങ്ങളിലായാണ് പളിയരുടെ ജനസംഖ്യ കൊടുത്തിരിക്കുന്നത്. പള്ളിയരുടെ ആകെ ജനസംഖ്യ 1464 ആണ്. ഇതിൽ 736 പേർ പുരുഷന്മാരും 728 പേർ സ്ത്രീകളുമാണ്. ഇടുക്കി ജില്ലയുടെ കിഴക്ക ഭാഗങ്ങളിൽ പ്രത്യേകിച്ച് കുമളി റേഞ്ചിലെ ചക്കപ്പള്ളം, ആനക്കര, പുളിയൻമലയിലും, തേക്കടി റേഞ്ചിലും പീരുമേട്, ഉടുമ്പൻ ചോല എന്നിവിടങ്ങളിലുമാണ് താമസിക്കുന്നത്. പുനംകൃഷി, വേട്ടയാടൽ, മീൻപിടുത്തം, വനവിഭവശേഖരണം എന്നിവയായിരുന്നു ആദ്യകാലത്തെ ജീവനോപാധി. ഇന്നാകട്ടെ ഭൂരിഭാഗം പേരും തേയില പ്ലാന്റേഷൻ തൊഴിലാളികളാണ്. ഉത്സവസമയത്തും വിളവെടുപ്പിന്റെ സമയത്തും പരമ്പരാഗതമായി നൃത്തം അവതരിപ്പിക്കാറുണ്ട്. വിളവെടുപ്പ് കഴിഞ്ഞ

ശേഷം പളിയരുടെ കുലദൈവമായ എളാത്ത് പളിച്ചിയമ്മയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി മൂപ്പന്റെ മുമ്പിൽ പാടി നൃത്തം ചെയ്യുന്നു. പ്രസ്തുത നൃത്തം ആട്ടം എന്ന പേരിലും അറിയപ്പെട്ടിരുന്നു. കൂടുതൽ ചമയങ്ങൾ ഉള്ള കലാനിർവ്വഹണമാണ് പളിയരുടെ ആട്ടം. കുടിമൂപ്പന്റെ നേതൃത്വത്തിൽ എല്ലാ പരമ്പരാഗത സങ്കേതങ്ങളിലും ഈ നൃത്തങ്ങൾ നടത്താറുണ്ട്. സ്ത്രീ – പുരുഷന്മാർ വൃത്താകൃതിയിൽ ഇടകലർന്ന് ചുവടുവെയ്ക്കുന്നു. വാദ്യത്തിനൊപ്പം പാട്ടിന്റെ കൂടി താളത്തിന് അനുസരിച്ചാണ് ആട്ടം നടത്തുന്നത്. കൂത്തിനിറങ്ങുന്നവർ തനിച്ചും പരസ്പരവും കൈകൾ കൂട്ടിയടിക്കും. നർത്തകരിൽ ഒരാൾ തന്നെയാണ് മുൻപാട്ട് പാടി കൊടുക്കുന്നത്. ഊരുമൂപ്പൻ, തണ്ടക്കാരൻ, തലയാണി എന്നിവരാണ് പാരമ്പര്യമായി സമുദായത്തിന് നേതൃത്വം കൊടുക്കുന്നത്.



ചിത്രം: 21 കുമളിയിലെ പളിയ സങ്കേതം[xxi]

## 30.പണിയൻ

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവുമധികം അംഗങ്ങളുള്ള ജനവിഭാഗങ്ങളാണിവർ. 2011 സെൻസസ് അനുസരിച്ച് 88,450 ആണ് ആകെ ജനസംഖ്യ, (42,775 പുരുഷന്മാർ, 45,675 സ്ത്രീകൾ). വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ്

കൂട്ടതലായും അധിവസിക്കുന്നത്. മാനന്തവാടി, വൈത്തിരി, സുൽത്താൻബത്തേരി, തൊണ്ടർനാട്, കല്പറ്റ, പൂതാടി, പനമരം, കോട്ടത്തറ, പേരിയ കുപ്പാടിത്തറ, എടവക തുടങ്ങിയവയാണ് പ്രധാന അധിവാസകേന്ദ്രങ്ങൾ. വയനാട്ടിലെ ഭൂപ്രഭുക്കരുടെ വയലുകളിലും കാപ്പിത്തോട്ടങ്ങളിലും മറ്റും വളരെ അടുത്ത കാലംവരെ 'അടിമപ്പണി' ചെയ്യേണ്ടി വന്ന ജനസമൂഹമാണ് പണിയൻ. ഇപ്പോൾ പലരും കൃഷിചെയ്തും കൃഷിത്തൊഴിലാളികളായും ജീവിച്ചുവരുന്നു. പണിയൻ സമുദായക്കാരുടെ മുൻകാല ചരിത്രം പരിശോധിച്ചാൽ വയനാട്ടിലേക്കുള്ള കുടിയേറ്റക്കാരുടെ വരവിന് മുൻപ് വനത്തിനുള്ളിൽ വേട്ടയാടിയും പുനംകൃഷി ചെയ്തും യഥേഷ്ടം ജീവിച്ചിരുന്നവരാണ് പണിയൻ എന്നത് വ്യക്തമാണ്. പിന്നീട് കുടിയേറ്റ ജനത അവരെ 'അടിമ ജോലിക്കാർ' ആക്കുകയും തങ്ങളുടെ വയലുകളിലും തോട്ടങ്ങളിലും ജോലിക്ക് നിയോഗിക്കുകയും ചെയ്യുകയാണുണ്ടായത്. വസ്ത്രധാരണ രീതികളിലും, ആഭരണങ്ങൾ, മറ്റുവേഷവിധാന രീതികളിലും പണിയർക്ക് അവരുടെ തായ ഒരു രീതിയുണ്ട്. സാധാരണ സ്ത്രീകൾ ഒരു മുണ്ട് ദേഹത്ത് ചുറ്റും. ഒരു മുണ്ട് ഉടുക്കുകയും ചെയ്യും. കല്ലുമാല, കറുത്ത വള, കുപ്പി വള തുടങ്ങിയവ ആഭരണങ്ങളായി ഉപയോഗിക്കുന്നു.



ചിത്രം: 22 വയനാട്ടിലെ ഒരു പണിയൻ സങ്കേതം[xxii]

## 31. തച്ചനാടൻ, തച്ചനാടൻ മൂപ്പൻ

വയനാട്ടിലെ മേപ്പാടി, അമ്പലവയൽ, കല്പറ്റ, മുട്ടിൽ എന്നീ പഞ്ചായത്തുകളിലാണ് ഇവർ താമസിച്ചുവരുന്നത്. 2002ലെ ഭേദഗതിയിലൂടെ പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർക്കപ്പെട്ടതിനാൽ 2001 സെൻസസ് പ്രകാരമുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. കൃഷി, വേട്ടയാടൽ, മീൻപിടുത്തം, തേൻശേഖരണം, കൊട്ട മെടയൽ, പക്ഷിപിടുത്തം എന്നിവയിൽ ഇവർ മിടുക്കന്മാരായിരുന്നു. 2011 സെൻസസ് പ്രകാരം 1745 ആണ് ഇവരുടെ ആകെ ജനസംഖ്യ. ഇതിൽ 859 പേർ പുരുഷന്മാരും 886 പേർ സ്ത്രീകളുമാണ്. വയനാട് ജില്ലയിലെ തച്ചനാടൻ മൂപ്പൻ ഗോത്ര വിഭാഗക്കാർക്ക് തമിഴ് ഗോത്രങ്ങളുടെ ജീവിതച്ചുറ്റുപാടുകളുമായി സാമ്യം പുലർത്താറുണ്ട്. മാന്ത്രികാനുഷ്ഠാനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന ഗോത്ര വിഭാഗമാണ് തച്ചനാടൻ മൂപ്പൻ. വിവാഹം, ജനനം, മരണം രോഗചികിത്സകൾക്കും, മരണാനന്തര ചടങ്ങുകൾക്കും അനുഷ്ഠാന കർമ്മങ്ങൾ നടത്താറുണ്ട്. അംഗസംഖ്യയിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും ആചാരനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിൽ കാര്യമായ മാറ്റം വന്നിട്ടില്ല. 'ഇരട്ടമൂപ്പാരി'യിൽ കേന്ദ്രീകരിക്കുന്ന ഭരണസംവിധാനമാണ് തച്ചനാടൻ മൂപ്പർക്കിടയിൽ ഉള്ളത്. അതിൽ പ്രധാനി 'മൂത്താളി' (മുതലി) എന്നറിയപ്പെടുന്ന വലിയ മൂപ്പനാണ്. രണ്ടാം സ്ഥാനത്ത് 'എളേരി' എന്നറിയപ്പെടുന്ന ചെറിയ മൂപ്പൻ. കാട്ടുകമ്പും ഈറ്റയിലയും മണ്ണും ഉപയോഗിച്ചുള്ള വേറിട്ടൊരു പാരമ്പര്യ ഗൃഹനിർമ്മാണ ശൈലിയാണ് തച്ചനാടൻമൂപ്പന് ഉള്ളത്. തച്ചനാടൻ മൂപ്പൻ ഗോത്രവിഭാഗക്കാർ തങ്ങളുടെ പരമ്പരാഗത നൃത്തമായ അടിയന്തിരകളി, തിറകെട്ട്, കുറത്തിനാടകം എന്നിവയെല്ലാം തന്നെ ഇപ്പോഴും സങ്കേതങ്ങളിൽ അവതരിപ്പിക്കാറുണ്ട്.

## 32. ഉള്ളാടൻ/കൊച്ചുവേലൻ

ഉള്ളാടരിൽ ഭൂരിഭാഗവും പത്തനംതിട്ടയിലെ റാന്നി, എരുമേലി, പരുവ, വടശ്ശേരിക്കര, കരിമല, പമ്പ, കൊട്ടുമുടി, രാജ്മ്പാറ, പെരുത്താനരുവി, പൊന്നമ്പലമേട്, പമ്പക്കടവ്, ചിറ്റമ്പലമേട്, മങ്കല, ആലുങ്കൽ എന്നിവിടങ്ങളിലാണ് താമസിക്കുന്നത്. ഇടുക്കിയിൽ തൊട്ടുപുഴയിലും, കൊല്ലത്തും, ആലപ്പുഴയിലും, എറണാകുളത്തും, തൃശ്ശൂരും താമസിക്കുന്നവരുമുണ്ട്. വനവിഭവശേഖരണം, ചെറുവള്ളങ്ങൾ, കൊട്ട, ചവിട്ടി എന്നിവയുടെ നിർമ്മാണം തുടങ്ങിയവയാണ് ഇവരുടെ പരമ്പരാഗത തൊഴിലുകൾ. എന്നാൽ ഇന്ന് ഭൂരിഭാഗം ആളുകളും കർഷകത്തൊഴിലാളികളായി മാറിയിരിക്കുന്നു. പട്ടികവർഗ്ഗ ലിസ്റ്റിൽ 34 ആയി ചേർത്തിട്ടുള്ള ഉള്ളാടൻ സമുദായം കൊച്ചുവേലൻ എന്നും ചില സ്ഥലങ്ങളിൽ അറിയപ്പെടുന്നുണ്ട്. 2011 സെൻസസ് പ്രകാരം ഉള്ളാടരുടെ ജനസംഖ്യ 16,230 ആണ്. അതിൽ 7,877 പേർ പുരുഷന്മാരും 8,353 പേർ സ്ത്രീകളുമാണ്.

# 33. ഊരാളി

ഇടുക്കി ജില്ലയിലാണ് ഊരാളി ജനത കൂടുതലായും താമസിക്കുന്നത്. വയനാട്ടിലെ വെട്ടക്കുറുമ (ഊരാളിക്കുറമർ) രുമായി ഇവർക്കു യാതൊരു ബന്ധവുമില്ല. ഈ വ്യത്യാസം മനസ്സിലാക്കാതെ വയനാട്ടിലെ ഊരാളി'വിഭാഗത്തെ ഇടുക്കി ഊരാളിയുടെ കൂടെ ചേർത്ത് സെൻസസ് നടത്തുകയുണ്ടായി. 2011 സെൻസസ് പ്രകാരം 11,179 ആണ് ഇവരുടെ ആകെ ജനസംഖ്യ. ഇതിൽ 5,602 പേർ പുരുഷന്മാരും 5,577 പേർ സ്ത്രീകളുമാണ്. തമിഴും മലയാളവും കലർന്ന ഭാഷയാണ് ഊരാളി ഗോത്രവിഭാഗക്കാർ സംസാരിക്കുന്നത്. വനവിഭവശേഖകരണം ഒരു പ്രധാന ഉപജീവനമാർഗ്ഗമാണ്. സ്ത്രീകൾ കൊട്ട, പായ തുടങ്ങിയവ നെയ്യുന്നതിൽ വിദഗ്ധരാണ്. തമിഴ്നാടൻ കാട്ടുകളിൽ നിന്ന് നൂറ്റാണ്ടുകൾക്ക് മുൻപേ പശ്ചികഘട്ടത്തിൽ എത്തിയ ഗോത്രജനതയുടെ പിൻമുറക്കാരാണ് ഊരാളി വിഭാഗക്കാർ എന്ന് കരുതുന്നു. മുളക്കൂട്ടങ്ങളുക്കുമീതെ ഏറുമാടം നിർമ്മിക്കുന്നതിലും പച്ചമരുന്നു ചികിത്സാരീതികളിലും വിദഗ്ധരാണ് ഊരാളി വിഭാഗക്കാർ. മൂപ്പൻ സമ്പ്രദായയും, കൂട്ടമായി താമസിക്കുന്ന ഗ്രാമജീവിതവുമാണ് ഊരാളികളിൽ കാണാൻ സാധിക്കുന്നത്.



ചിത്രം: 23 ഇടുക്കിയിലെ ഒരു ഊരാളി സങ്കേതം[xxiii]

ഊരാളി ഗോത്ര സമുദായത്തിന്റെ തലവനെ 'കാണി' അല്ലെങ്കിൽ 'കാണിക്കാരൻ' എന്ന് അറിയപ്പെടുന്നു. വിശേഷ അവസരങ്ങളായ വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളിലും സമുദായാംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനും കാണിക്കാരന്റെ സാന്നിദ്ധ്യവും പങ്കാളിത്തവും അത്യാവശ്യമാണ്. ഉത്സവം, വിവാഹം, മാറ്റകൃഷിയ്ക്കുവേണ്ടി നിലം ഒരുക്കൽ തുടങ്ങിയവയ്ക്ക് ദിവസം കുറിയ്ക്കുന്നതിന് കാണിയുടെ നിർദ്ദേശം സ്വീകരിക്കും. മതപരമായ ചടങ്ങുകളുടെ ചുമതല വഹിക്കുന്നത് 'പ്ലാത്തി'യാണ്. അദ്ദേഹം പരമ്പരാഗത വൈദ്യത്തിൽ പ്രാവീണ്യം നേടിയയാളുമായിരിക്കും. സമുദായാംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ കാണിയെ അറിയിക്കുന്നത് 'പ്ലാത്തി'യാണ്. കാണി, പ്ലാത്തി പദവികൾ പരമ്പരാഗതമായി ലഭിക്കുന്നവയാണ്. വിവാഹതലേന്നും, ജനനം, ഓണം, വിഷു എന്നീ വിശേഷദിവസങ്ങളിലും ഊരാളി സമുദായക്കാർ തങ്ങളുടെ തനതുകലാരൂപമായ കൂത്ത് നടത്തിവരുന്നു. അഭിനയപ്രധാനമായ ഒരു കലാരൂപം കൂടിയാണ് ഊരാളി കൂത്ത്. ഊരാളി സമുദായക്കാർ മരിച്ചാൽ മൃതദേഹം അടക്കം ചെയ്യുകയാണ് പതിവ്.

## 34. വെട്ടകുറുമൻ

2002 ഭരണഘടനാ ഭേദഗതി പ്രകാരം ലിസ്റ്റിൽ വന്ന സമുദായമാണ് വെട്ടക്കുറുമൻ. പ്രാദേശികമായി ചില ഭാഗങ്ങളിൽ ഊരാളിക്കുറുമനെന്ന പേരിലുംകൂടി അറിയപ്പെടുന്നു. വയനാട്ടിൽ തിരുനെല്ലി പനമരം, പൂതാടി, നൂൽപ്പുഴ, മുള്ളൻകൊല്ലി, കണിയാമ്പറ്റ, അമ്പലവയൽ, നെന്മേനി പഞ്ചായത്തുകളിലാണ് വെട്ടകുറുമർ താമസിക്കുന്നത്.



ചിത്രം: 24 കുട്ടത്തമ്മയുടെ ഉത്സവക്കാഴ്ച[xxiv]

മൺപാത്രനിർമ്മാണം, ഇരുമ്പ് പണി, മരപ്പണി, കൊട്ടനിർമ്മാണം എന്നിവയിൽ അതീവ വൈദഗ്ധ്യമുള്ളവരാണ് ഇവർ. കുറിച്യർ, മുള്ളുക്കുറുമർ തുടങ്ങിയവർക്കും കൃഷിക്കും മറ്റുമുള്ള ആയുധങ്ങൾ, മൺപാത്രങ്ങൾ, അമ്പ് തുടങ്ങിയവയും ഉണ്ടാക്കിക്കൊടുത്തിരുന്നത് വെട്ടക്കുറുമരാണ്. എന്നാൽ ഇന്ന് അത്തരം കുലത്തൊഴിലിനെ പുതിയ തലമുറക്കാർ കയ്യൊഴിഞ്ഞിരിക്കുന്നു. ഭൂരിഭാഗവും കാർഷികതൊഴിലോ കൂലിവേലയോ ചെയ്താണ് ജീവിതമാർഗ്ഗം കണ്ടെത്തുന്നത്. 2011 സെൻസസ് പ്രകാരം 739 ആണ് വെട്ടകുറുമരുടെ ആകെ ജനസംഖ്യ. അതിൽ 346 പേർ പുരുഷന്മാരും 393 പേർ സ്ത്രീകളുമാണ്.

## 35. വയനാട് കാടർ

വയനാട്, കോഴിക്കോട് ജില്ലകളിൽ താമസിക്കുന്ന ഒരു ഗോത്ര വിഭാഗമാണ് വയനാടൻ കാടർ അഥവാ വയനാട് കാടർ. കോഴിക്കോട് കോടഞ്ചേരി, കൂടരഞ്ഞി എന്നിവിടങ്ങളിലും വയനാട് വെള്ളമുണ്ട, പടിഞ്ഞാറത്തറ, തരിയോട്, പൊഴുതന, പിണങ്ങോട്, എടവക തൊണ്ടർനാട് എന്നിവിടങ്ങളിലുമാണ് വയനാട് കാടർ അധിവസിച്ചുവരുന്നത്. തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ കാടരുമായ് ഇവർക്ക് യാതൊരു ബന്ധവുമില്ല. 1948 ൽ മദ്രാസ് ഗവൺമെന്റ് വയനാട് കാടരെ ഗോത്രവർഗ്ഗമായി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. 2002 ലെ ഭരണഘടനാ ഭേദഗതിയിൽ വയനാട് കാടരെ പട്ടികവർഗ്ഗ ലിസ്റ്റിൽ 6–ാമതായ് കാടരൊടൊപ്പം ചേർത്തിരിക്കുന്നു. 1991 വരെയുള്ള സെൻസസുകളിൽ വയനാട് കാടരുടെ ജനസംഖ്യാ വിവരങ്ങൾ ഒന്നുംതന്നെയില്ല. 2011 സെൻസസ് പ്രകാരം 2,949 ആണ് വയനാട് കാടരുടെ ആകെ ജനസംഖ്യ. ഇതിൽ 1,454 പേർ പുരുഷന്മാരും 1,495 പേർ സ്ത്രീകളുമാണ്. വയനാടൻ കാടരുടെ കുലദൈവം കരിയാത്തനാണ്. കരിയാത്തനെ കൂടാതെ കരിമ്പിൻ ഭഗവതി, മഞ്ഞളി ഭഗവതി, കരിവില്ലി എന്നീ ദൈവങ്ങളാണ് ഉള്ളത്. വയനാട് കാടർ തങ്ങളുടെ മലദൈവങ്ങളെ കുടിയിരുത്തുന്ന സ്ഥലത്തിന് 'തുടങ്ങായി' എന്നാണ് പറയുന്നത്. മലക്കാരിയ്ക്ക് വേണ്ടിയുള്ള പൂജ കർമ്മങ്ങൾ നടത്തിയിരുന്നതും മലക്കാരിയെ കുടിയിരുത്തുന്ന കാവുകളിൽ 'കോമരം' തുള്ളാനായി വയനാട് കാടരെ വിളിക്കുന്നത് പതിവായിരുന്നു. പണ്ട് കാലം മുതൽക്കുതന്നെ വയനാടൻ കാടർ സമുദായക്കാർ കല്ല്യാണം, കുടുംബ ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കോൽക്കളി കളിയ്ക്കാറുണ്ട്. പ്രധാനമായും രണ്ട് തരത്തിലുള്ള കോൽ ആണ് ഇതിനുപയോഗിക്കുന്നത്. ആണുങ്ങൾ മാത്രമാണ് കോൽക്കളി കളിക്കാറുള്ളത്. കോൽ അടിയ്ക്കുന്നതിനു പ്രത്യേകം പരിശീലനം  മെയ്വഴക്കവും അത്യാവശ്യമാണ്. കാൽ രണ്ട് ചുവട് വച്ച് മുന്നിലോട്ടും പിന്നോട്ടും നടന്നാണ് കോൽ അടിക്കുന്നത്.

## 36. മറാട്ടി

2001 ലെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ മറാട്ടി ജനസംഖ്യ 27824 ആണ്. കാസർഗോഡ് ജില്ലയിലാണ് മറാട്ടി വിഭാഗം കൂടുതലായും അധിവസിക്കുന്നത്. കർണ്ണാടകത്തോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകളായ കള്ളാർ, പനത്തടി,

ദേലംപാടി, മഞ്ചേശ്വരം, അഡൂർ, എൻമകജെ തുടങ്ങിയവിടങ്ങളിലാണ് മുഖ്യമായും മറാട്ടി ഗോത്ര ജനത അധിവസിക്കുന്നത്. മുൻകാലങ്ങളിൽ പുനംകൃഷി നടത്തിയും വേട്ട യാടിയുമായിരുന്നു ഉപജീവനം കഴിച്ചിരുന്നത്. ഇന്ന് പ്രധാനമായും കാർഷികത്തൊഴി ലാളികളായും, കാർഷികേതര തൊഴിലാളികളായും, കൃഷിക്കാരായും ജോലിചെയ്യുന്നു. മറാട്ടി ജനതയിൽ ചെറിയൊരു വിഭാഗം സർക്കാർ ജോലിക്കാരാണ്. ഗോന്തോൾ പൂജ, തുളസിപൂജ തുടങ്ങിയ ആചാരങ്ങൾ മറാട്ടി സമുദായത്തിൽ നിലനിൽക്കുന്നുണ്ട്. മറാട്ടി വിഭാഗത്തിന് സ്വന്തമായി ഒരു സംസാരഭാഷയുണ്ട്.

**പട്ടിക: 1 ഗോത്ര ജനത: ജനസംഖ്യാ വിശകലനം**

| ക്രമ നം. | ജനസംഖ്യാ മാനദണ്ഢം | സമുദായങ്ങൾ |
|---|---|---|
| 1 | 500 ൽ താഴെ | അരനാടൻ (247), ചോലനായിക്കൻ (409), മഹാമലസർ (143) |
| 2 | 500–1000 | വയനാട് കാടർ, മേലക്കുടി, മലപണിക്കർ |
| 3 | 1000–2000 | കാടർ, മലൈപണ്ടാരം, പളിയൻ, തച്ചനാടൻ മൂപ്പൻ, കൊറഗർ |
| 4 | 2000–5000 | ഇരവാലൻ, ഹിൽപുലയ, മലവേടൻ, മലസർ, മുഡുഗർ, കുറുമ്പർ |
| 5 | 5000–10,000 | മലയൻ, മന്നാൻ, വെട്ടകുറുമൻ, ഊരാളി |
| 6 | 10,000–20,000 | അടിയാൻ, കാണിക്കാർ, മുതുവാൻ, ഉള്ളാടൻ, മലവേട്ടുവൻ, കരിംപാലൻ, കാട്ടുനായിക്കൻ |
| 7 | 20,000–50,000 | മറാട്ടി, ഇരുളർ, കുറിച്യർ, മുള്ളുകുറുമർ, മലഅരയർ, മാവിലൻ |
| 8 | 50,000 ത്തിന് മുകളിൽ | പണിയൻ |

അവലംബം: 2008 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ

പട്ടിക ഒന്നിൽ നിന്നും മൂന്ന് ഗോത്ര സമൂഹങ്ങളുടെ ജനസംഖ്യ 500 ൽ താഴെയാണെന്നത് വ്യക്തമാണ്. അതുകൊണ്ടുതന്നെ സമീപവാസികളായ മറ്റ് പട്ടിക വർഗ്ഗ സമൂഹങ്ങളിൽ നിന്നും ഇതര ജനവിഭാഗങ്ങളിൽ നിന്നും പ്രസ്തുത സമുദായത്തിൽപ്പെട്ടവർ വധൂ–വരന്മാരെ കണ്ടെത്തുന്നുണ്ട്. ആ ഒരു പ്രവണത സമീപഭാവിയിൽ അരനാടൻ, ചോലനായിക്കൻ, മഹാമലസർ വിഭാഗക്കാരുടെ ജനസംഖ്യയിൽ വളരെയധികം കുറവുണ്ടാവുന്നതിന് കാരണമാവും. 500 നും 1000 ത്തിനും ഇടയിൽ ജനസംഖ്യയുള്ള വയനാട് കാടർ, മേലക്കുടി, മലപണിക്കർ ജനതയുടെ ജനസംഖ്യ കുറയാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

# I.II പട്ടിക വിഭാഗങ്ങളും ഭരണഘടനയും

ഭരണഘടനയുടെ 342(1)ാം വകുപ്പ് പ്രകാരം ഇന്ത്യൻ രാഷ്ട്രപതി അതതു സംസ്ഥാനങ്ങളിലെ/കേന്ദ്രഭരണപ്രദേശങ്ങളിലെ ഗവർണ്ണർമാരുമായി ചർച്ച ചെയ്ത് ഒരു പരസ്യവിജ്ഞാപനത്തിലൂടെ ഗോത്രവർഗ്ഗം (Tribe) അല്ലെങ്കിൽ ഗോത്രവർഗ്ഗ സമൂഹങ്ങൾ അല്ലെങ്കിൽ അവയിലെ വിഭാഗങ്ങൾ എന്നിവയേതെന്ന് തീരുമാനിച്ച് നിജപ്പെടുത്തേണ്ടതും ആ സംസ്ഥാനം/ കേന്ദ്രഭരണപ്രദേശം എന്നിവയെ സംബന്ധിച്ചടത്തോളം നിജപ്പെടുത്തിയ വിഭാഗങ്ങളെ പട്ടികവർഗ്ഗക്കാരായി കണക്കാക്കേണ്ടതുമാണ്. ഭരണഘടനയുടെ 366(25) വകുപ്പാകട്ടെ 342–ാം വകുപ്പുപ്രകാരം പട്ടികയിൽ ഉൾപ്പെടുത്തിയ ഈ വിഭാഗങ്ങളെ പട്ടികവിഭാഗങ്ങൾ എന്നു വിളിക്കുന്നു.

342(2)ാം വകുപ്പാകട്ടെ ഒരു പ്രത്യേക വിഭാഗത്തെ പട്ടികയിൽ ഉൾപ്പെടുത്താനും പട്ടികയിൽനിന്നും പുറത്താക്കുവാനുമായുള്ള നിയമനിർമ്മാണം നടത്തുവാനുള്ള അധികാരം ഇന്ത്യൻ പാർലമെന്റിനു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ ലിസ്റ്റിൽ മാറ്റങ്ങൾ വരുത്താനുള്ള അധികാരം അതിനാൽ പാർല്മെന്റിൽ നിക്ഷിപ്തമായിരിക്കുന്നു.

'പ്രാക്തനമായ' സ്വഭാവ സവിശേഷതകൾ, വ്യതിരിക്തമായ സംസ്കാരം, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, മറ്റു സമുദായങ്ങളുമായി ഇടപഴകുവാനുള്ള വൈമനസ്യം, പിന്നോക്കാവസ്ഥ തുടങ്ങി അഞ്ച് സുപ്രധാനമായ മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഒരു സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. ഇത്തരം മാനദണ്ഡങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഭരണഘടനയിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടില്ല.

1931 ലെ സെൻസസ്, 1955 ലെ കാക്കാ കലേൽക്കറുടെ നേതൃത്വത്തിലെ ആദ്യപിന്നോക്ക സമുദായ കമ്മീഷൻ, 1965ലെ എസ്.സി/എസ്.ടി പുനർവിന്യാസ ഉപദേശക കമ്മിറ്റി (ലോകൂർ കമ്മിറ്റി), 1967ലെ പാർലമെന്റ് ജോയിന്റ് കമ്മിറ്റിയുടെ ഭരണഘടനാഭേദഗതി ബിൽ (SC/ST Orders (Amendmdnt) Bill), 1969 ലെ ചന്ദാ കമ്മിറ്റി തുടങ്ങിയവയിലൂടെയെല്ലാം ഈ മാനദണ്ഡങ്ങൾക്ക് സാധുത ലഭിക്കുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടന സമൂഹത്തിലെ ദുർബല വിഭാഗക്കാർക്ക് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ സംരക്ഷണങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അവരുടെ പിന്നോക്കാവസ്ഥക്ക് മാറ്റം വരുത്തുകയും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുവാനായി ചില അവകാശങ്ങളും ഭരണഘടന നൽകുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

| 1. സാമൂഹികം | |
|---|---|
| ആർട്ടിക്കിൾ 14 : | എല്ലാ പൗരന്മാർക്കും നിയമത്തിനുമുന്നിൽ തുല്യത ഉറപ്പു നൽകുന്നു. |
| ആർട്ടിക്കിൾ 15 (4): | സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വർഗ്ഗങ്ങളിൽപ്പെട്ട പൗരന്മാരുടേയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തിന് വേണ്ടി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ആർട്ടിക്കിൾ 15 (4) കേന്ദ്ര സംസ്ഥാന സർക്കാരുകളെ അധികാരപ്പെടുത്തുന്നുണ്ട്. |
| ആർട്ടിക്കിൾ 16: | നിയമത്തിനും തൊഴിലിനുമുള്ള അവസരസമത്വം എല്ലാ പൗരന്മാർക്കും ഉറപ്പു നൽകുന്നുണ്ട്. |
| ആർട്ടിക്കിൾ 16(4): | ശരിയാം വിധം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായാംഗങ്ങൾക്കു വേണ്ടി ജോലി സംവരണം ചെയ്യുവാനും നിയമനം നടത്തുവാനുമുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ആർട്ടിക്കിൾ 16 (4) സ്റ്റേറ്റിനെ അധികാരപ്പെടുത്തുന്നുണ്ട്. |
| ആർട്ടിക്കിൾ 16 (4എ): | പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ചുള്ളതാണ്. ഇവരുടെ സ്ഥാനക്കയറ്റത്തിന് സഹായകരമാകത്തക്കവിധത്തിൽ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഈ ആർട്ടിക്കിൾ സ്റ്റേറ്റിനെ ചുമതലപ്പെടുത്തുന്നു. |
| ആർട്ടിക്കിൾ 338എ: | ആർട്ടിക്കിൾ അനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് ഭരണഘടന നൽകിയിട്ടുള്ള സംരക്ഷണങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷണം, വിലയിരുത്തൽ, നിർദ്ദേശങ്ങൾ നൽകൽ തുടങ്ങിയവ ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ നിർവ്വഹിക്കേണ്ടതാകുന്നു. |
| ആർട്ടിക്കിൾ 339 (1): | പട്ടികവർഗ്ഗ മേഖലകളുടെ ഭരണത്തെക്കുറിച്ചും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തെക്കുറിച്ചും വിശകലനം ചെയ്യുവാൻ ഒരു കമ്മീഷനെ ചുമതലപ്പെടുത്തുന്നു. |
| ആർട്ടിക്കിൾ 340 : | സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരുടെ അവസ്ഥയെപ്പറ്റി അന്വേഷിക്കാനും തൊഴിൽ രംഗത്ത് അവർ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അന്വേഷിക്കുവാനും നിർദ്ദേശം നൽകി, അത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും അവരുടെ അവസ്ഥ മെച്ചപ്പെടുത്തുവാനുമായി ഒരു കമ്മീഷനെ നിയമിക്കേണ്ടതാകുന്നു. |

| | |
|---|---|
| **2. സാമ്പത്തികം** | |
| ആർട്ടിക്കിൾ 46: | ദുർബല വിഭാഗക്കാരുടെ പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യങ്ങളെ ഓരോ സംസ്ഥാനവും പ്രത്യേക ശ്രദ്ധയോടെ വീക്ഷിക്കുകയും അവരെ സാമൂഹ്യ അനീതിയിൽ നിന്നും മറ്റെല്ലാ തരത്തിലുമുള്ള ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കേണ്ടതുമാകുന്നു എന്ന് ഈ ആർട്ടിക്കിൾ പറയുന്നു. |
| **3. രാഷ്ട്രീയപരം** | |
| ആർട്ടിക്കിൾ 244 (1): | അസ്സാം, മേഘാലയ, ത്രിപുര, മിസ്സോറാം എന്നീ സംസ്ഥാനങ്ങളിലൊഴികെ ഓരോ സംസ്ഥാനത്തെയും ഗവർണർമാർ പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗമേഖലകളുടെയും നിയന്ത്രണത്തെക്കുറിച്ചും ഭരണത്തെക്കുറിച്ചും വിശദീകരിക്കുന്ന ഒരു അസൽ റിപ്പോർട്ട് രാഷ്ട്രപതിക്ക് നൽകേണ്ടതാകുന്നു.<br>പട്ടികവർഗ്ഗക്കാരുടെ മുന്നേറ്റത്തിനും വികസനത്തിനുമായി ഒരു ട്രൈബൽ അഡ്വൈസറി കൗൺസിൽ സ്ഥാപിക്കുകയും വേണം. |
| ആർട്ടിക്കിൾ 244 (2): | ആറാം ഷെഡ്യൂളിലൂടെ അസ്സാം മേഘാലയ, ത്രിപുര, മിസോറാം എന്നിവിടങ്ങളിലെ ഭരണത്തിനായി ചില പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അവയിൽതന്നെ ചില ജില്ലകൾക്കും പ്രദേശങ്ങൾക്കും സ്വയംഭരണാവകാശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കൗൺസിൽ, സ്വയംഭരണ കൗൺസിൽ, പ്രാദേശിക കൗൺസിൽ എന്നിവയുമുണ്ട്. |
| ആർട്ടിക്കിൾ (330,332): | പട്ടികവിഭാഗക്കാർക്ക് അവരുടെ ജനസംഖ്യയുടെ അനുപാതത്തിൽ ലോകസഭയിലും സംസ്ഥാന നിയമസഭകളിലും സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. |
| ആർട്ടിക്കിൾ 343(ഡി): | ഓരോ പഞ്ചായത്തിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സീറ്റ് സംവരണം ചെയ്തിരിക്കുന്നു.1996 ലെ പഞ്ചായത്ത് ആക്ട് ആസൂത്രണങ്ങളിലും തീരുമാനമെടുക്കലിലുമെല്ലാം പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തണമെന്ന് അനുശാസിക്കുന്നു. |



ചിത്രം: 25 ആസ്സാമിലെ ഖാസി ഗോത്ര സങ്കേതം[XV]

# I.III പട്ടികവർഗ്ഗ ഉത്തരവുകൾ

സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളുമായി ബന്ധപ്പെട്ട ഒമ്പത് ഉത്തരവുകളാണ് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയത്. അതിൽ 1968ലെ പട്ടികവർഗ്ഗ ഉത്തരവ് (ഗോവ, ഡാമൻ&ഡ്യൂ) ഇപ്പോൾ നിലവിലില്ല. ഇന്ത്യാ ഗവൺമെന്റിന്റെ പ്രഥമ ഉത്തരവായ 6.9.1950 ലെ പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി ഉത്തരവ് 1950 [(The Constitution (ST) Order 1950(C022)] പ്രകാരം സംസ്ഥാനത്തെ ആദ്യത്തെ പട്ടികവർഗ്ഗലിസ്റ്റ് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് നിലവിൽവന്നു. 1950–ൽ കേരള സംസ്ഥാനം രൂപീകൃതമായിട്ടുണ്ടായിരുന്നില്ല. പഴയ മലബാർ ജില്ലയാവട്ടെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് അന്ന് 16 പട്ടികവർഗ്ഗങ്ങളുള്ളതായി സർക്കാർ വിജ്ഞാപനമിറക്കി. ആ സമുദായങ്ങൾ താഴെ പറയുന്നവയാണ്.

1. ഹിൽപുലയ
2. കാടർ
3. കാണിക്കാർ
4. കൊച്ചുവേലൻ
5. മലഅരയൻ
6. മലമ്പണ്ടാരം
7. മലവേടൻ
8. മലയൻ
9. മലയരയൻ
10. മന്നാൻ
11. മുതുവാൻ
12. പളൈയൻ
13. പള്ളിയാർ

14. ഉള്ളാടൻ (മലവാസികൾ)

15. ഊരാളി

16. വിഷവാൻ തുടങ്ങിയവയാണ്.

## എസ്.സി/എസ്.ടി (മോഡിഫിക്കേഷൻ) ഓർഡർ 1956

1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകരിച്ചതോടെ 1950ലെ ഭരണഘടനാ ഉത്തരവിനെ ഭേദഗതി ചെയ്ത് പുതിയ പട്ടികവർഗ്ഗ ലിസ്റ്റ് തയ്യാറാക്കേണ്ടത് അത്യാവശ്യമായി വന്നു. ഈ ഉത്തരവ് *പട്ടികജാതി/പട്ടികവർഗ്ഗ (മോഡിഫിക്കേഷൻ) ഉത്തരവ് 1956* എന്ന് അറിയപ്പെട്ടു. 1961, 1971 വർഷങ്ങളിലെ സെൻസസ് 1956 ലെ പുതുക്കിയ വിജ്ഞാപനത്തിനനുസൃതമായ് നടത്തുകയും ചെയ്തു.

## 108/1976–ാം നമ്പർ പട്ടികജാതി / പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി 1976

1956 ലെ പട്ടികവർഗ്ഗ ലിസ്റ്റിൽ പ്രാദേശികമായാണ് പല സമുദായക്കാരേയും ഉൾപ്പെടുത്തിയിരുന്നത്. ഇതിലെ അപ്രായോഗികതകൾ പരിഹരിക്കുവാൻ 1976ൽ പട്ടികജാതി / പട്ടികവർഗ്ഗ ഭരണഘടനാഭേദഗതി ഉത്തരവ് നിലവിൽ വന്നു. 1981, 1991, 2001 വർഷങ്ങളിലെ സെൻസസുകൾ നടത്തിയതും ഈ ലിസ്റ്റ് പ്രകാരമാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ ഭരണഘടനാഭേദഗതി ഉത്തരവ് 2002 (2003ലെ 10–ാം നമ്പർ ആക്ട്) (The SC/ST Orders (Amendment) Act 2002 (Act 10 of 2003)

2002 ൽ, 1976 ലെ പട്ടികവർഗ്ഗ ലിസ്റ്റ് വീണ്ടും ഭേദഗതി ചെയ്തു. ഇതുപ്രകാരം ഒൻപത് പുതിയ സമുദായങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അഞ്ച് സമുദായങ്ങളെ ലിസ്റ്റിൽനിന്നും ഒഴിവാക്കുകയും ചെയ്തു. മലവേട്ടുവൻ, മാവിലൻ; തേൻകുറുമ്പൻ/ജേനുക്കുറുമ്പൻ, തച്ചനാടൻ / തച്ചനാടൻ മൂപ്പൻ, ചോലനായ്ക്കൻ, കരിംപാലൻ, വെട്ടക്കുറുമൻ, മലപണിക്കർ എന്നിവയാണ് പുതുതായി ഉൾപ്പെട്ട വിഭാഗക്കാർ. അതേസമയം കൊണ്ട

റെഡ്ഡി, കൊണ്ടകപ്പൂസ്, കമ്മാര, കൊട, മറാട്ടി എന്നീ സമുദായങ്ങളെ ലിസ്റ്റിൽനിന്നും നീക്കം ചെയ്യുകയും ചെയ്തു. ഈ ലിസ്റ്റുപ്രകാരം 35 സമുദായങ്ങളാണ് പട്ടികവർഗ്ഗക്കാരായിട്ടുള്ളത്.

1976ലെ ലിസ്റ്റുമായ് വിശകലനം ചെയ്യുമ്പോൾ ചെറിയ മറ്റു ചില മാറ്റങ്ങളുംകൂടി 2002 ലിസ്റ്റിൽ കാണാം. 2002ൽ 4–ാമതായി ചേർത്ത ഹിൽപുലയ വിഭാഗത്തോടൊപ്പം മലപുലയൻ, കുറുമ്പപുലയൻ, കരവഴി പുലയൻ, പാമ്പപുലയൻ എന്നീ പേരുകൾകൂടി ചേർത്തിരിക്കുന്നു. മാവിലനും കരിമ്പാലനും പട്ടികജാതി ലിസ്റ്റിൽനിന്നും പട്ടികവർഗ്ഗ ലിസ്റ്റിലേക്ക് ഉൾപ്പെടുത്തിയ സമുദായങ്ങളാണ്.

76 –ലെ ലിസ്റ്റിൽ കുറുമൻ എന്നപേരിൽ രണ്ട് സമുദായങ്ങളെയാണ് ഉൾപ്പെടുത്തിയത്. വയനാട്ടിലെ മുള്ളുക്കുറുമരും, ഊരാളിക്കുറുമരും നരവംശശാസ്ത്രപരമായി ഈ രണ്ടു വിഭാഗക്കാരും വെവ്വേറെ ആയതിനാൽ 2002 ലെ ലിസ്റ്റിൽ കുറുമരെ രണ്ടു പ്രത്യേക വിഭാഗമാക്കി മാറ്റി. മുള്ളുക്കുറുമരെ 2002 ലിസ്റ്റിൽ 17–ാമതായി കുറുമർ, മുള്ളുക്കുറുമർ, മുളളുകുറുമൻ, മലക്കുറുമൻ എന്നിങ്ങനെ വ്യത്യസ്ത നാമങ്ങളിൽ ചേർത്തപ്പോൾ 42ാമതായി വെട്ടക്കുറുമരെയും ലിസ്റ്റിൽ ഉൾപ്പെടുത്തി. വെട്ടക്കുറുമർ പ്രാദേശികമായി ചിലഭാഗങ്ങളിൽ ഊരാളിക്കുറുമർ എന്ന പേരിൽ അറിയപ്പെടുന്നു. 2001 സെൻസസുകളിലെല്ലാം ഊരാളിക്കുറുമരെ പേരിലെ സാദൃശ്യംകൊണ്ട് മാത്രം ഇടുക്കി ഊരാളികളോടൊപ്പം ചേർത്ത് തെറ്റായി എണ്ണമെടുത്തതായും കാണാം. മലയൻ വിഭാഗത്തോടൊപ്പം പുതിയ ലിസ്റ്റിൽ നാട്ടുമലയൻ, കൊങ്ങമലയൻ എന്നീ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

2002 ലെ ലിസ്റ്റിൽ വരുത്തിയ മറ്റു ചില ഭേദഗതികൾ പല വ്യത്യസ്ത പേരുകളിൽ 1976 ലിസ്റ്റിലുണ്ടായ സമുദായക്കാരെ ഒന്നുചേർത്ത് ഒറ്റപേരിൽ ഉൾപ്പെടുത്തിയെന്നതാണ് പള്ളേയൻ, പള്ളിയൻ, പള്ളിയാർ വിഭാഗങ്ങളെ (30,31,32 നമ്പർ 1976) 30–ാ മതായ് ഒരുമിച്ച് ലിസ്റ്റിൽ ചേർത്തു. അതേസമയം, 2002 ലിസ്റ്റിൽ നരവംശശാസ്ത്രപരമായി ഒരേ വിഭാഗക്കാരായ ചിലസമുദായങ്ങളെ രണ്ടു പേരിൽ ചേർത്തതായും കാണാം. മലയരയർ (26) മലൈഅരയൻ / മലഅരയൻ (20) അതിനുദാഹരണമാണ്. കാട്ടുനായ്ക്ക വിഭാഗത്തിന്റെ തന്നെ ഉപവിഭാഗമായ ചോലനായ്ക്കരെ പുതുതായി ചേർത്തു. കാട്ടുനായ്ക്കരെതന്നെ തേൻകുറുമ്പൻ, ജേനുക്കുറുമ്പൻ എന്നീ പേരുകളിൽ 37–ാമതായി ചേർത്തിട്ടുണ്ട്. ഉള്ളാടൻ വിഭാഗത്തിന്റെതന്നെ മറ്റൊരു പേരാണ് കൊച്ചുവേലൻ.

മറ്റൊരു ശ്രദ്ധേയമായ കാര്യം പേരിലെ സാദൃശ്യംമൂലം ചില സമുദായങ്ങൾ ഒരേ നമ്പരിൽ ഉൾച്ചേർക്കപ്പെട്ടതാണ്. ഉദാഹരണമായി പാലക്കാട് ജില്ലയിലെ മുഡുഗരും ഇടുക്കിയിലെ മുതുവാനും ഒറ്റ സമുദായമല്ല. കാടർ, വയനാട്ടു കാടർ എന്നിങ്ങനെ 5–ാംമതായി ചേർത്ത സമുദായങ്ങൾ ഭൂമിശാസ്ത്രപരമായി വ്യത്യസ്ത പ്രദേശങ്ങളിൽ അധിവസിച്ചുവരുന്നവരാണ്. വയനാട് കാടർ വയനാട്, കോഴിക്കോട് എന്നീ ജില്ലകളി

ലാണ് താമസിച്ചുവരുന്നത്. എന്നാൽ അതീവ ദുർബല ഗോത്രവിഭാഗക്കാരായ കാടർ തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് അധിവസിച്ചുവരുന്നത്.

## The Constitution (Scheduled Tribes) Order (Amendment) Act, 2013

(24/2013–ാം നമ്പർ പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി 2013)

24/2013–ാം നമ്പർ പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി 2013 പ്രകാരം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, കാസർഗോഡ് താലൂക്കുകളിലെ മറാട്ടി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തി.

**മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടികവർഗ്ഗക്കാരെ 36 സമുദായങ്ങളായി വർഗ്ഗീകരിക്കുവാൻ സാധിക്കും.**

1. അടിയാൻ

2. അരനാടൻ

3. ചോലനായിക്കൻ

4. ഇരവാലൻ

5. ഇരുളൻ/ഇരുളർ

6.ഹിൽപുലയ/മലപുലയൻ/കുറുമ്പപുലയൻ/കരവഴിപുലയൻ/ പാമ്പപുലയൻ

7. കാടർ

8. കാണിക്കാർ

9. കരിംപാലൻ

10. കാട്ടുനായിക്കൻ/തേൻ കുറുമ്പൻ/ജേനു കുറുമ്പൻ

11. കൊറഗ

12. കുടിയ, മേലക്കുടി

13. കുറിച്യൻ, കുറിച്ചിയൻ

14. കുറുമർ/മുള്ളുകുറുമൻ/മുള്ളകുറുമൻ/മലകുറുമൻ

15. കുറുമ്പർ
16. മഹാമലസർ
17. മലൈഅരയൻ (മലഅരയർ)
18. മലൈപണ്ടാരം
19. മലൈവേടൻ, മലവേടൻ
20. മലക്കുറവൻ
21. മലപണിക്കർ
22. മലസർ
23. മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ)
24. മലയൻ/നാട്ടുമലയൻ/കൊങ്ങമലയർ
25. മന്നാൻ
26. മാവിലൻ
27. മുഡുഗർ
28. മുതുവാൻ, മുഡുവാൻ
29. പള്ളേയൻ/പള്ളിയൻ/പള്ളിയാർ/പളിയൻ
30. പണിയൻ
31. തച്ചനാടൻ മൂപ്പൻ
32. ഉള്ളാടൻ/കൊച്ചുവേലൻ
33. ഊരാളി
34. വെട്ടക്കുറുമൻ
35. വയനാട് കാടർ
36. മറാട്ടി

# I.IV ഗോത്ര പാരമ്പര്യം: 21-ാം നൂറ്റാണ്ടിൽ

കെ.എസ് പ്രദീപ് കുമാർ

ഗോത്ര പാരമ്പര്യം എന്നത് കൊണ്ട് പട്ടിക വർഗ്ഗ ജനതയുടെ പാരമ്പര്യത്തെയാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിലെ 36 പട്ടികവർഗ്ഗ ജനസമൂഹങ്ങൾക്കും അവരുടേതായ പാരമ്പര്യമുണ്ട്. അവരുടെ വീടുകൾ, വീട് നിർമ്മാണ രീതികൾ, വീട്ടുപകരണങ്ങൾ, കാർഷിക വിളകൾ, കാർഷിക രീതികൾ, കാർഷിക ഉപകരണങ്ങൾ, സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ആഭരണങ്ങൾ, ഭക്ഷ്യവിഭവങ്ങൾ, ഔഷധ അറിവുകൾ അങ്ങനെ പോകുന്നു അവ.

## മാറുന്ന ജീവിതം....

മുൻകാലങ്ങളെ അപേക്ഷിച്ച് ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ വളരെ വേഗത്തിലുള്ള മാറ്റങ്ങൾക്കാണ് ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്ര-സാങ്കേതിക മേഖലകളിലുള്ള ആ ഒരു മാറ്റം ലോകത്തിന്റെ നാനാദിക്കുകളിലുമുള്ള ജനതകളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിലും രാഷ്ട്രങ്ങളിലും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും നൂതനമായ ചിന്തകൾക്കും പ്രവൃത്തികൾക്കും വഴിവെച്ചു. തത്ഫലമായി, ജീവിതത്തിന്റെ സമസ്തമേഖലകളും, കൃഷിരീതി മുതൽ കുടുംബ ബന്ധങ്ങൾ വരെ, മാറ്റപ്പെട്ടു. രോഗപ്രതിരോധശേഷിയുള്ള നാടൻ വിത്തുകളും പച്ചിലവളവും ചാണകവും ഉപയോഗിച്ചുള്ള പാരമ്പര്യ ഭക്ഷ്യവിള കൃഷിരീതിക്കു പകരം കമ്പോളങ്ങളിൽ നിന്നും വിലയ്ക്കു വാങ്ങുന്ന വിത്തും രാസവളങ്ങളും കീടനാശിനികളും കളനാശിനികളും വ്യാപകമായി ഉപയോഗിച്ചുകൊണ്ടുള്ള മണ്ണിനെ മറന്നുള്ള നാണ്യവിള കൃഷിവന്നു.



ചിത്രം: 26 ഇടുക്കിയിലെ മുതുവാൻ ജനതയുടെ വിരിപ്പ് കൃഷിയിടം [xxvi]

ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന മുരിങ്ങയിലയും പപ്പായയും ചീരയും ചേനയിലയും ചേമ്പിൻ തണ്ടും കിഴങ്ങുവർഗ്ഗങ്ങളും മറ്റുമുപയോഗിച്ചുള്ള കറികളെ മറന്ന് കളനാശിനിയും കീടനാശിനിയും ഉപയോഗിച്ച് അന്യസംസ്ഥാനങ്ങളിലും സമീപദേശങ്ങളിലും വളർത്തിയെടുത്ത ക്യാരറ്റും തക്കാളിയും ബീൻസും മറ്റുമുപയോഗിച്ചുള്ള കറികളിലേക്ക് രുചി മാറി. അടുക്കളകളിലേക്ക് കവറുകളിൽ പൊടി രൂപത്തിലും അല്ലാതെയും 'രുചിക്കൂട്ടുകൾ' എത്തി. അതും പോരാഞ്ഞ് ഹോട്ടലുകളിലെ കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളുടെ അകമ്പടിയോടെ വരുന്ന പുതിയ പുതിയ ഭക്ഷ്യവിഭവങ്ങളിൽ 'അടുക്കളസ്വാദി'നുപരിയായ രുചി നൽകി, വീടുകളിലെ ഭക്ഷണത്തിന്റെ സ്വാദ് 'ഇല്ലാതാവുകയും' ഹോട്ടലുകളിലെ നിറപകിട്ടാർന്ന പൊരി വിഭവങ്ങളുടെ' അടിമകളാവുകയും ചെയ്തു. വയറിളക്കവും എരിച്ചിലും കൊളസ്ട്രോളും പ്രഷറും പ്രമേഹവും ഏറ്റ്രോഗങ്ങളും ഒന്നും അവയിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കുന്നില്ല. കാലിൽ മണ്ണ് പുരളുന്നതും വീട്ടിലേക്ക് നടന്നുപോകുന്നതും അസഹ്യതയും മാന്യതകുറവുമുള്ള കാര്യങ്ങളായി മാറി. ശീതികരിച്ച മുറിയും വാഹനവും അത്യാവശ്യ സാധനങ്ങളായി മാറി. മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളും സഹോദരീസഹോദരന്മാരും ഭാര്യാഭർത്താക്കന്മാരും എല്ലാം വെറും വ്യക്തികളായി മാറി. സ്നേഹവും സാഹോദര്യവും സഹിഷ്ണുതയും എല്ലാം വെറും ഓർമ്മകളായി മാറി. മുകളിൽ പറഞ്ഞ കാര്യങ്ങളോടൊപ്പം ആധുനിക വൈദ്യശാസ്ത്ര പ്രകാരം എത്ര ചികിത്സിച്ചാലും മാറാത്ത, പല പേരുകളിൽ അറിയപ്പെടുന്ന പുതിയ രോഗങ്ങളും എത്തി. ജീവിതത്തിന്റെ അന്ത്യം എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്ന സ്ഥിതിയായി. കണ്ണടച്ചുള്ള അനുകരണവും മാറ്റവും ശരിയല്ല എന്ന് ബോധ്യപ്പെട്ടു. പ്രകൃതിയെ അറിഞ്ഞുള്ള ജീവിതമാണ് നല്ലത് എന്ന തിരിച്ചറിവുണ്ടായി.

## ജീവിതം തിരികെ ലഭിക്കണമെങ്കിൽ...
## ജീവൻ നിലനിൽക്കണമെങ്കിൽ...

ജീവിതം തിരികെ ലഭിക്കണമെങ്കിൽ, ജീവൻ നിലനിൽക്കണമെങ്കിൽ, പ്രകൃതിയെ അറിഞ്ഞുള്ള ജീവിത രീതി ആവശ്യമാണ് എന്ന കാര്യം ആളുകളിന്ന് മനസ്സിലാക്കിയിരിക്കുകയാണ്. അത്തരമൊരു ജീവിതം എവിടെയാണിന്ന് കാണപ്പെടുക?. ഗോത്രജനതയിലാണ് പ്രകൃതിയെ അറിഞ്ഞുള്ള, പ്രകൃതിയുടെ ഭാഗമായുള്ള ജീവിതം കൂടുതലായുമിന്ന് നിലനിൽക്കുന്നത്. അവിടെയാണ് ഗോത്ര പാരമ്പര്യത്തിന്റെ പ്രസക്തി. വാസസ്ഥലത്തിനോട്, താമസിക്കുന്ന ചുറ്റുപാടുകളോട്, വൈകാരിക ബന്ധം പുലർത്തുന്നവരാണ് ഗോത്രസമൂഹങ്ങൾ. ആ ഒരു വൈകാരികത തലമുറകളായുള്ള അവരുടെ ജീവിതചര്യയുടെ ഭാഗമായിട്ട് ഉടലെടുത്തതാവാം. പരസ്പരം വേർതിരിക്കുവാനാവാത്ത പാരസ്പര്യം, ഒന്ന് മറ്റൊന്നിനോട് ഇഴചേർന്നു നിൽക്കുന്ന ജൈവികത, അതാണ് ഗോത്ര ജനതയുടെ മുഖമുദ്ര. പ്രകൃതിയുടെ ഭിന്നഭാവങ്ങളിൽ തങ്ങളുടെ ജീവിതത്തിന്റെ ഗതിവിഗതികളെ നിശ്ചയിക്കുന്ന അമാനുഷികതയും ഗോത്ര ജനത ദർശിച്ചു.

പാരമ്പര്യമായി ഭക്ഷ്യവിളകൾ മാത്രമാണ് സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ സമുദായക്കാർ കൃഷിചെയ്തുവരുന്നത്. റാഗി (കേപ്പ), ചോളം, മുതിര, തൊവര, നെല്ല്, മധുരക്കിഴങ്ങ്, ചീനിവാള, തൊപ്പി, മൊച്ച, തിന, വറഗ്, ചാമ അരി തുടങ്ങിയവ അവയിൽ ചിലതാണ്. പൊതുവിൽ മഴയെ ആശ്രയിച്ചാണ് കൃഷി. അതിനാൽ വർഷത്തിൽ ഒറ്റ തവണയെ കൃഷി ചെയ്യാറുള്ളൂ. മറ്റ് ജലസേചന ഉപാധികൾ ഉപയോഗിക്കാറില്ല. മഴ തുട ങ്ങുന്നതോടുകൂടിയാണ് കൃഷി ആരംഭിക്കുക. രാസവളങ്ങൾ ഉപയോഗിക്കാറില്ല. തീയിട്ടു ണ്ടാവുന്ന കരിയും ചാരവുമാണ് വളം. കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ കുടുംബ ത്തിന്റെയും സങ്കേതത്തിലെ മറ്റാളുകളുടെയും ഭക്ഷ്യആവശ്യം നിറവേറ്റുന്നതിന് മാത്രമാ ണ് ഉപയോഗിക്കുന്നത്. പാരമ്പര്യമായി കൃഷി ചെയ്തുവരുന്ന അധികമുള്ള ഭക്ഷ്യവിഭവ ങ്ങൾ കമ്പോളത്തിൽ കൊടുത്ത് മറ്റു സാധനങ്ങൾ വാങ്ങാം, അങ്ങനെ പണം സമ്പാ ദിക്കാം എന്ന ചിന്ത പൊതുവിൽ സമുദായംഗങ്ങളുടെ ഇടയിൽ ഇല്ല. അധികം ലഭിക്കുന്നത് ആവശ്യക്കാരന് നൽകും. അവരുടെ ജീവിത ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റാളുക ളെ ആശ്രയിക്കേണ്ട ആവശ്യം മുൻപ് അവർക്ക് ഉണ്ടാവാറില്ല. അവരുടെ സ്വയം പര്യാ പ്തതയുടെ അടിസ്ഥാനം മണ്ണിനോടും ചുറ്റുപാടുമുള്ള സസ്യജന്തുജാലങ്ങളോടുമുള്ള വൈ കാരികതയിൽ അടിസ്ഥാനമായിട്ടുള്ള പാരമ്പര്യമാണ്.



ചിത്രം: 27 ഇടുക്കിയിലെ മുതുവാൻ കുടികളിൽ കാണുന്ന പാഷൻഫ്രൂട്ട് [xxvii]

ഗോത്ര ജനതയുടെ പാരമ്പര്യ സാമൂഹിക നിയന്ത്രണ സംവിധാനം, സങ്കേതത്തിലെ കൃഷിയുൾപ്പെടെയുള്ള എല്ലാവിധ ജോലികളും ഏറ്റെടുത്തു നടത്തുന്നതിന് ആവശ്യമായ, സദാസന്നദ്ധരായ, ആളുകളുടെ കൂട്ടായ്മ നിലനിറുത്തുന്നതിന് അനുയോജ്യമാണ്. സാധാരണ ഗതിയിൽ ഒരു സങ്കേതത്തിൽ മൂപ്പൻ, കാണി, തലൈവർ എന്നിങ്ങനെയുള്ള പദവി വഹിക്കുന്നവർ ഉണ്ടാവും. അവരും മറ്റ് മുതിർന്നവരും ചേർന്നാണ് ആചാരാനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും കാർഷിക കാര്യങ്ങളിലും മറ്റും തീരുമാനമെടുക്കുന്നത്.

കാർഷിക ജോലികൾ തുടങ്ങുന്നതിനു മുൻപും വിളകൾ ശേഖരിക്കുന്നതിന് മുന്നോടിയായും പല ഗോത്ര സമൂഹങ്ങളിലും പലരീതികളിലുള്ള ആചാരനുഷ്ഠാനങ്ങളും ചടങ്ങുകളും നടത്താറുണ്ട്. അത്തരം ആചാരനുഷ്ഠാനങ്ങൾ കൃഷിയിടവുമായുള്ള വൈകാരിക ബന്ധത്തെയും മണ്ണിനോടുള്ള ആദരവിനെയുമാണ് സൂചിപ്പിക്കുന്നത്. പാരമ്പര്യമായി കൃഷിയിടത്തിനോട് ചേർന്നോ അകലയോ ആയി അടുത്തടുത്ത് വീടുകൾ വെച്ചാണ് ആളുകൾ താമസിക്കുന്നത്. മണ്ണ്, മരക്കമ്പുകൾ, മുള, പുല്ല് എന്നിവ ഉപയോഗിച്ചാണ് പൊതുവിൽ വീടുകൾ നിർമ്മിക്കുന്നത്. സാധാരണ ഗതിയിൽ വീട് നിർമ്മിക്കുന്ന സ്ഥലം വൃത്തിയാക്കിയതിനുശേഷം ഭിത്തി വരേണ്ട കോണുകളിൽ ഉയരം കണക്കാക്കി മുറിച്ച



ചിത്രം: 28 ഇടുക്കിയിലെ ഊരാളി ജനതയുടെ പാരമ്പര്യ വീട് നിർമ്മാണം[xxviii]

മരക്കമ്പുകളോ മുളയോ കുഴിച്ചിടും. തുടർന്ന് മരക്കമ്പുകളോ മുളയോ നാട്ടി അല്ലെങ്കിൽ അവയെ ചേർത്തുകെട്ടിയതിനുശേഷം ചെളിപരുവത്തിൽ കുഴച്ച മണ്ണ് തേയ്ക്കും. മരക്കമ്പുകളോ മുളയോ കൊണ്ട് നിർമ്മിക്കുന്ന മേൽക്കൂര പുല്ലോ ഓടയിലയോ കൊണ്ടാണ് മേയുക. മണ്ണ് ചെളിരൂപത്തിൽ അടിച്ച് നിരപ്പാക്കിയാണ് വീടിന്റെ തറ നിർമ്മിക്കുന്നത്. പാത്രങ്ങൾ വെയ്ക്കുന്നതിന് അടുക്കളയിൽ മണ്ണ്കൊണ്ട് ഉയരത്തിൽ തറ ചില സമുദായക്കാർ നിർമ്മിക്കാറുമുണ്ട്. ചില സമുദായങ്ങളിൽ വിവിധ നിറങ്ങളിലുള്ള മണ്ണുകൾ ശേഖരിച്ച് തറയും ഭിത്തിയും സ്ത്രീകൾ മിനുസപ്പെടുത്താറുണ്ട്. പലപ്പോഴും ഭിത്തി മിനുസപ്പെടുത്തുന്നതിനോടൊപ്പം തന്നെ ഭംഗിയുള്ള രൂപങ്ങൾ ഭിത്തിയിൽ വരയ്ക്കുകയും ചെയ്യും.

ചുരുക്കത്തിൽ പട്ടികവർഗ്ഗ സമുദായങ്ങളുടെ പാരമ്പര്യ ജീവിത രീതി പ്രകൃതിയെ അറിഞ്ഞുള്ള, പ്രകൃതിയുടെ ഭാഗമായുള്ള ജീവിതത്തിലും കൂട്ടായ്മയിലും സാഹോദര്യത്തിലും പരസ്പര സ്നേഹത്തിലും അധിഷ്ഠിതമാണ്. ഈ ഒരു കാഴ്ച്ചപ്പാട് ലോകത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും നിലനിൽപ്പിനും മെച്ചപ്പെട്ട ജീവിതത്തിനും ആവശ്യമാണെന്നിന്ന് അംഗീകരിക്കപ്പെട്ടിരിക്കയാണ്. ഇവയ്ക്കെല്ലാമുപരിയായി ഗോത്ര ജനതയുടെ മെച്ചപ്പെട്ട ജീവിതത്തിനും വികസനത്തിനും നിലനിൽപ്പിനുതന്നെയും അവരുടെ പാരമ്പര്യം നിലനിർത്തേണ്ടത് ആവശ്യമാണ്.

## മാറുന്ന/മാറിയ ജീവിതരീതികൾ

എന്നാൽ ഇന്ന് പലവിധ കാരണങ്ങളാൽ ഗോത്രജനതയുടെ പരമ്പരയാ അനുവർത്തിച്ചു പോന്നിരുന്ന ജീവിത ക്രമത്തിനും നാളെയെക്കുറിച്ചുള്ള വിശ്വാസങ്ങൾക്കും ചിന്താധാരയ്ക്കും പൊതുവിൽ മങ്ങലേറ്റിരിക്കുകയാണ്. വനാന്തർഭാഗത്തുള്ള ചുരുക്കം ചില സങ്കേതങ്ങളൊഴിച്ച് ഏതാണ്ടെല്ലാ സങ്കേതങ്ങളിലും പാരമ്പര്യ ജീവിത രീതികളിലും മനോഭാവങ്ങളിലും മാറ്റം വന്നിട്ടുണ്ട്. അത് ചിലപ്പോൾ പുറമെയുള്ളവരോട് ഇടപഴകിയതിൽ നിന്നാവാം, അവർ ഗോത്ര ജനത പുനംകൃഷി (മാറ്റകൃഷി) ചെയ്തുവന്നിരുന്ന പ്രദേശങ്ങൾ കൈവശപ്പെടുത്തി താമസമാക്കിയതിനാലാവാം, വനപ്രദേശത്ത് പുതിയ താമസസ്ഥലം കണ്ടെത്തുന്നതിനും പുനം കൃഷി തുടരുന്നതിനും വിലക്കുകൾ വന്നതിനാലാവാം. എന്തുതന്നെയായാലും ഗോത്രജനത അവരുടെ പാരമ്പര്യ ജീവിതചര്യയിൽ നിന്നും പ്രകൃതിയോടും മണ്ണിനോടുമുള്ള അവരുടെ കാഴ്ച്ചപ്പാടിൽ നിന്നും വേറിട്ടു ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിർബന്ധിക്കപ്പെട്ടു.

ഗോത്ര ജനത സ്വയം തങ്ങളുടെ സാംസ്കാരിക സവിശേഷതകളിൽ അഭിമാനം ഉള്ളവരും മാറിവരുന്ന ജീവിത ചുറ്റുപാടുകളെ പരമ്പരയാ ഉള്ള കൂട്ടായ്മയോടുകൂടി അഭിമുഖീകരിക്കുവാൻ തയ്യാറാവുകയും ചെയ്താൽ മാത്രമെ എല്ലാ വിഭാഗം ഗോത്ര ജനസമൂഹങ്ങൾക്കും മെച്ചപ്പെട്ട ജീവിതവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ സാധിക്കയുള്ളൂ. 'അധികാരത്തിന്റെ സംസ്കാരത്തിനെതിരായി സംസ്കാരത്തിന്റെ അധികാരം വിനിയോഗിക്കുക' എന്ന് എഡ്വേഡ് സയ്യിദ് അഭിപ്രായപ്പെട്ടത് ഗോത്ര ജനതയുടെ വികസനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്.

# I.V വംശീയവൈദ്യവും പ്രാഥമികാരോഗ്യ സംരക്ഷണവും

എൻ വിശ്വനാഥൻ നായർ

ഒരു ഗോത്രവർഗ്ഗം എത്രമാത്രം ചെറുതായാലും 'പ്രാക്തന' ജീവിതരീതി നയിച്ചാലും അവരിലൊക്കെ രോഗസംബന്ധിയായ വിശ്വാസങ്ങൾ, രോഗനിർണ്ണയത്തിനുള്ള ഉപാധികൾ, ചികിത്സാ സംബന്ധിയായ അറിവുകൾ തുടങ്ങിയവ രൂപപ്പെട്ടിരിക്കുന്നതായിക്കാണാം. സഹസ്രാബ്ദങ്ങളായി പ്രകൃതിയിൽ നിന്നുള്ള സസ്യങ്ങൾ, മറ്റു വസ്തുക്കൾ തുടങ്ങിയവ പ്രയോഗിച്ചുണ്ടായ അനുഭവ നിരീക്ഷണങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ് വാമൊഴിയായി തലമുറകൾ കൈമാറി വികസിച്ചു വന്നതാണീ അറിവുകളുടെ സഞ്ചയം. ഗോത്രവർഗ്ഗ സമൂഹങ്ങൾ ഒറ്റപ്പെട്ടു വനാന്തരങ്ങളിലും മലമടക്കുകളിലും നിവസിച്ചിരുന്ന കാലഘട്ടത്തിൽ അതാത് ഗോത്രവർഗ്ഗത്തിന്റെ സാംസ്കാരിക തനിമയും പ്രത്യേകതകളും പരിണമിച്ചതുപോലെ ഈ അറിവുകളും രൂപാന്തരപ്പെട്ടു. ആധുനിക വൈദ്യശാസ്ത്രമുൾപ്പെടെയുള്ള വിവിധ വൈദ്യ സമ്പ്രദായങ്ങളുടെ സേവനം മതിയായ തോതിൽ ലഭിക്കാതിരുന്നിട്ടും ഊർജ്ജസ്വലവും കർമ്മനിരതവുമായ ഒരു ജീവിതം നയിക്കുവാൻ ഗോത്രവർഗ്ഗക്കാരെ പ്രാപ്തമാക്കുന്നത് പൈതൃകമായി ലഭിച്ച ഈ ജ്ഞാനസഞ്ചയം കൊണ്ടാണ്.

വംശീയ വൈദ്യ ഗവേഷണ പഠനങ്ങൾ കാണിക്കുന്നത് ഓരോ ഗോത്രവർഗ്ഗ സമൂഹവും തങ്ങളുടെ പൂർവ്വികരുടെ കാലഘട്ടത്തിൽ നേരിട്ട രോഗാവസ്ഥകൾക്കൊക്കെ ചികിത്സാ വിധികൾ കണ്ടെത്തിയിരുന്നു എന്നതാണ്. ഗോത്രവർഗ്ഗ പൈതൃക ജ്ഞാന സഞ്ചയം ഇത്തരത്തിലുള്ള ചികിത്സാപരമായ അറിവുകൾ കൊണ്ടു സംമ്പുഷ്ടമാണ്. പലപ്പോഴും തങ്ങളുടേതായ വിശ്വാസ പ്രമാണങ്ങളുടെയും ആചാരനുഷ്ഠാനകർമ്മങ്ങളുടെയും അകമ്പടിയും പരിമിതികളും ഇവയ്ക്കുണ്ട്. ഈ അറിവുകളുടെ പ്രയോഗക്ഷമതാ പരീക്ഷണങ്ങൾ അവയെ കൊണ്ടുള്ള ചികിത്സ ഫലപ്രാപ്തിയുള്ളതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഔഷധ ഗവേഷകർ ഇത്തരം 'സൂചക അറിവുകളെ' നോക്കിക്കാണുന്നത് അമൂല്യസമ്പത്ത് എന്നനിലക്കാണ്. ഇവിടെ പ്രസക്ത വിഷയം പാരമ്പര്യ ജ്ഞാന സഞ്ചയത്തിന്റെ സാമ്പത്തിക സാധ്യതകളല്ലല്ലോ: ആയതിനാൽ അതിലേക്കു കടക്കുന്നില്ല. വംശീയ വൈദ്യ ചികിത്സ നടത്തുവാൻ അറിവും കഴിവും ഉള്ളവരെ വംശീയ ചികിത്സകർ എന്നു വിളിക്കുന്നു. അതുപോലെ വംശീയമായ അറിവുവെച്ച് പ്രസവം എടുക്കൽ, ബാലചികിത്സ എന്നിവ നടത്തുന്ന പേറ്റിച്ചിമാരെയും കാണാവുന്നതാണ്. വംശീയ വൈദ്യന്മാർ, വംശീയപേറ്റിച്ചിമാർ തുടങ്ങിയവരുടെ മാനവ വിഭവശേഷി എങ്ങനെ എത്രമാത്രം ഗോത്ര വർഗ്ഗക്കാരുടെ പ്രാഥമികാരോഗ്യ സംരക്ഷണ ത്തിൽ പങ്കാളികളാക്കാം എന്നതാണ് പ്രതിപാദ്യവിഷയം.

## വംശീയവൈദ്യം: ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യം

ഇന്ന് മലമടക്കുകളിലും വനമേഖലകളിലും നിവസിക്കുന്ന ഗോത്രവർഗ്ഗക്കാർ തങ്ങളുടെ രോഗചികിത്സകളും ആരോഗ്യ പ്രശ്നങ്ങളും നേരിടുന്നത് വംശീയവൈദ്യഅറിവുകളും അതു കൈകാര്യം ചെയ്യുന്ന ചികിത്സകരേയുംകൊണ്ടാണ്. തങ്ങളുടെ സംസ്കാരത്തിനനുസൃതമായ ചികിത്സാരീതിയായി അവർ വംശീയവൈദ്യത്തെ നോക്കിക്കാണുന്നു. ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഈ ചികിത്സ അവരുടെ സാംസ്കാരിക പൈതൃകമാണ്.

ബഹുവിധ വൈദ്യസമ്പ്രദായങ്ങളുടെ സേവനം ലഭ്യമായ പ്രദേശങ്ങളിൽപോലും ഗോത്രവർഗ്ഗക്കാർ തങ്ങളുടെ വംശീയ വൈദ്യന്മാരെയാണ് ചില രോഗങ്ങളുടെ ചികിത്സക്ക് സമീപിക്കുന്നത്. വിരശല്യം, പനി, നീരും വേദനയും, ത്വക്ക് രോഗങ്ങൾ, തീപൊള്ളൽ, മുറിവ്, വ്രണങ്ങൾ, പാമ്പുകടി, തേളുകുത്ത്, എല്ലൊടിവ് തുടങ്ങി വംശീയചികത്സകരെ തേടിയെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ നീണ്ടതാണ്. മറ്റുചികിത്സാ സമ്പ്രദായങ്ങൾ തേടിപോകാത്തതിന്റെ പ്രധാനകാരണം 'വംശീയവൈദ്യ' വിധികളാണ്, മുകളിൽ പറഞ്ഞ രോഗ



ചിത്രം: 29 ഗോത്ര ജനത ഭക്ഷണമായി ഉപയോഗിക്കുന്ന ചളിര് പഴം[xxix]

ചികിത്സകൾക്ക് കൂടുതൽ ഫലപ്രദമെന്ന നിലപാടാണ്. മറ്റൊന്ന് മറ്റുചികിത്സ സമ്പ്രദായങ്ങളായ അലോപ്പതിയും ആയുർവേദവും വളരെ പണച്ചിലവേറിയത് എന്ന അനുഭവമാണ് കൂടാതെ ഈ സ്ഥാപനങ്ങൾ വിദൂരത്തിലുള്ളവയാണ്, സമയം നഷ്ടപ്പെടുത്തുന്നു. ഈ ആശുപത്രികളിലെ രീതികൾക്കും പെരുമാറ്റത്തിനും ഗോത്രവർഗ്ഗ സംസ്കാരവുമായി പൊരുത്തപ്പെടുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന വസ്തുതയുമുണ്ട്.

വംശീയവൈദ്യന്മാർക്ക് അവരർഹിക്കുന്ന അംഗീകാരം നൽകിക്കൊണ്ട് ഗോത്രവർഗ്ഗ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ സംരക്ഷണത്തിന് വംശീയവൈദ്യത്തെ വിനിയോഗിക്കുന്നതിന് സമയം അതിക്രമിച്ചിരിക്കുന്നു. ലോകാരോഗ്യസംഘടന 1980ൽ, ആധുനിക വൈദ്യസേവനം കിട്ടാത്ത പ്രദേശങ്ങളിൽ പാരമ്പര്യ വൈദ്യന്മാരുടെ സേവനം ഉപയോഗപ്പെടുത്തണം എന്നാഹ്വാനം നൽകുകയുണ്ടായി. കൂടാതെ ഇവരുടെ അറിവും കഴിവും ശാസ്ത്രീയമായി ഉയർത്തണമെന്ന് ആവശ്യപ്പെടുന്നുമുണ്ട്. ഈ വൈദ്യപൈതൃകം സമർത്ഥമായി, പൂർണ്ണമായി രോഗചികിത്സക്കും ആരോഗ്യസേവനത്തിനും വിനിയോഗിക്കാൻ കഴിയണമെന്നും പറയുന്നു.

## ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി

ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള പഠനങ്ങൾ കാണിക്കുന്നത് ഇപ്പോഴും ജലത്തിൽ കൂടിയും, വായുവിൽക്കൂടിയും പകരുന്നരോഗങ്ങൾ ഇടക്കിടക്ക് പടർന്നുപിടിച്ച് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നതാണ്. ചൊറി പരക്കെ കാണപ്പെടുന്നു. മിക്കവർഷങ്ങളിലും പൊങ്ങൻ പനിയും, വില്ലൻ ചുമയും ഗോത്രവർഗ്ഗ സങ്കേതങ്ങളിൽ കയറിയിറങ്ങി പോകുന്നു. കണ്ണുകാഴ്ച്ചക്കുറവും കേഴ്വിക്കുറവും മിക്കമുതിർന്നവരുടെയും പരാതിയാണ്. ഈ ലക്ഷണങ്ങൾ ഗുരുതര ബാല്യകാല പോഷകാഹാരക്കുറവിൽ നിന്ന് സംഭവിക്കുന്നതാണെന്നു കരുതുന്നു.

ശ്വാസകോശരോഗങ്ങൾ, ക്ഷയം, കുഷ്ഠം, ക്യാൻസർ, ചില ത്വക്ക് രോഗങ്ങളുടെ ചികിത്സ തേടിയതിന്റെ റിക്കാർഡുകളും അവിടവിടെ കാണാം. മദ്യപാനാസക്തി വ്യാപകമായി. കഞ്ചാവുമായി ബന്ധപ്പെട്ട മാനസികരോഗങ്ങൾ, അപസ്മാരം, ആത്മഹത്യ തുടങ്ങിയവയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് . ഗോത്രവർഗ്ഗക്കാരുടെയിടയിൽ പകർച്ച വ്യാധികൾ കാണപ്പെടുന്നു എന്നത് അവികസിത സാമൂഹ്യവിദ്യാഭ്യാസ സ്ഥിതിയുടെ ലക്ഷണമായി കരുതുന്നു. വർഷം തോറും പട്ടികവർഗ്ഗ വികസനവകുപ്പ് ഒരു വലിയ തുക രോഗചികിത്സക്കുവേണ്ടി വിനിയോഗിക്കുന്നു. രോഗപ്രതിരോധത്തിന് മുൻതൂക്കം നൽകുന്ന ഒരു ആരോഗ്യ വിദ്യാഭ്യാസ പരിപാടി നടപ്പാവുന്നതോടെ, ഇത്തരം ചിലവുകളിൽ ഗണ്യമായ കുറവുവരുന്നതാണ്.

ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നല്കി ഗവൺമെന്റ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. മിക്കവാറും, എല്ലായിടത്തും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും കഴിഞ്ഞതായിക്കാണാം. ഇടമലക്കുടി,

നിലമ്പൂർ വനപ്രദേശങ്ങൾ, അട്ടപ്പാടി കുറുമ്പർ മേഖലയൊക്കെ അപവാദമായി കണ്ടേക്കാം. വയനാട്ടിലും അട്ടപ്പാടിയിലും വിദഗ്ധസേവനത്തിനായി ആശുപത്രി കെട്ടിടങ്ങൾ നിർമ്മിച്ച സജ്ജീകരിക്കുവാനും കഴിഞ്ഞു. പലയിടത്തും മൊബൈൽ ആശുപത്രി സംവിധാനം നടത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ സംരക്ഷണപദ്ധതിയുടെ ഭാഗമായി ഏത്ര ഗവൺമെന്റാശുപത്രികളിലും ചികിത്സതേടുന്ന പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ചികിത്സാചിലവുകൾ നേരിട്ടുനൽകുന്നപദ്ധതികളും നിലവിലുണ്ട്. ഇതൊക്കെതന്നെ 'രോഗചികിത്സ' കണക്കിലെടുത്തുള്ള ശ്രമങ്ങൾ ആയിട്ടാണ് കാണേണ്ടത്. രോഗ പ്രതിരോധം ആണ് രോഗചികിൽസയേക്കാൾ അഭികാമ്യം എന്ന അടിസ്ഥാനതത്വം ഇവിടെ വേണ്ടത്ര പരിഗണിക്കുന്നില്ല. ആധുനിക വൈദ്യശാസ്ത്രത്തിനെ ഗോത്രവർഗ്ഗ ഊരുകളിൽ/ പാടികളിൽ/കുടികളിൽ എത്തിക്കുവാൻ വേണ്ട ഡോക്ടർമാർ, പാരമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ തുടങ്ങിയവരുടെ ദൗർലഭ്യം മറ്റെല്ലായിടത്തും എന്ന പോലെ ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യപരിരക്ഷയിലും അതിരൂക്ഷമായി അനുഭവ പ്പെടുന്ന കാലം കൂടിയാണിത്.

## വംശീയവൈദ്യചികിത്സകരും ആരോഗ്യ വിദ്യാഭ്യാസവും

വ്യക്തിയും സമൂഹവും ആരോഗ്യപ്രശ്നങ്ങളെ നേരിടുന്നത് അവരുടെ രോഗകാരണങ്ങളുടെ അറിവിനെ ആസ്പദമാക്കിയാണ്. ഗോത്രവർഗ്ഗക്കാരുടെ അറിവിൽ ചില ജൈവികഘടകങ്ങൾ രോഗ ഹേതുവായി പറയുന്നു എങ്കിലും അലൗകിക പ്രതിഭാസങ്ങൾ രോഗ കാരണമെന്ന വിശ്വാസവും അനുബന്ധമായ ആചാരാനുഷ്ഠാനങ്ങളും രൂഢമൂലമാണ്. ഗോത്രവർഗ്ഗക്കാർക്ക് രോഗാണുക്കളാണ് രോഗകാരണമെന്ന രോഗാണുശാസ്ത്ര സിദ്ധാന്തത്തിലും, ബഹുമുഖ ഘടക സിദ്ധാന്തത്തിലും വേണ്ട പരിജ്ഞാനം നൽകേണ്ടതുണ്ട്. ഗോത്രവർഗ്ഗക്കാർക്ക് ആരോഗ്യ സംബന്ധിയായ കാര്യങ്ങളിൽ വംശീയ വൈദ്യന്മാരാണ് "വാതിൽപടി കാവല്കാർ" അവർക്കു രോഗ ഹേതു സംബന്ധിച്ച ശാസ്ത്രവിജ്ഞാനം നൽകാൻ ആസൂത്രിത ശ്രമം ആവശ്യമാണ്.

രോഗകാരണങ്ങളെക്കുറിച്ച് വേണ്ടത്ര ശാസ്ത്രീയ അവബോധം രോഗപ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് അവരുടെ വീക്ഷണത്തിൽ ഗുണപരമായ മാറ്റം വരുത്തി ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് അവസരം ഒരുക്കുകയാണ് പോംവഴി. മാനവരാശിയുടെ രോഗ പ്രതിരോധ സംബന്ധിയായ ശാസ്ത്രീയ അറിവുകളെ 'ഊരു'/'കുടി' തലത്തിൽ എത്തിച്ച് ഗോത്രവർഗ്ഗക്കാർക്ക് സ്വായത്തമാക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ഗോത്രവർഗ്ഗ വൈദ്യന്മാരേയും പേറ്റിച്ചിമാരേയും ആസൂത്രിതമായി തീവ്ര ആരോഗ്യ വിദ്യാഭ്യാസത്തിന് വിധേയമാക്കുക എന്നതാണ് പോംവഴി. ശാസ്ത്രീയമായ അറിവുകൾ സ്വായത്തമാക്കുവാൻ ഗോത്രവർഗ്ഗ സമൂഹത്തിന്, പ്രത്യേകിച്ചും സമൂഹത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവരും, തീരുമാനമെടുക്കുന്നവരുമായ മൂപ്പൻമാർ, വംശീയവൈദ്യൻമാർ, പേറ്റിച്ചികൾ, മറ്റ് സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങളിലെ പ്രധാനികൾ ഇവർക്കൊക്കെ വേണ്ടത്ര ആരോഗ്യ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുകയാണ് വേണ്ടത്. ഗോത്രവർഗ്ഗ വൈദ്യന്മാർ, വയറ്റാട്ടികൾ തുടങ്ങയവരുടെ

സേവനം പ്രാഥമികാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമാക്കണമെന്ന് ലോകാരോഗ്യ സംഘടനയും ദേശീയ ആരോഗ്യമിഷനും അനുശാസിക്കുന്നുണ്ട്.

പകർച്ചവ്യാധികൾ തടയുക, പോഷകാഹാരം ഉറപ്പാക്കുക, ശുദ്ധജലം ഉപയോഗിക്കുക, മാതൃശിശു സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുക, പ്രതിരോധ കുത്തിവയ്പുകൾക്കു സൗകര്യം ഒരുക്കുകയും സാധാരണ രോഗങ്ങൾക്ക് ഗുണമേന്മയുള്ള വംശീയവൈദ്യ മരുന്നുകൾ നൽകുക തുടങ്ങിയ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ അവരെ പ്രാപ്തരാക്കുകയും വേണം. ശാസ്ത്രീയ അറിവുകൾ നൽകുമ്പോൾ അവരുടെ രോഗ ഹേതുസംബന്ധിച്ച നിലവിലുള്ള ധാരണകൾ, വിശ്വാസങ്ങൾ ഒക്കെത്തന്നെ പരിവർത്തന വിധേയമാകും എന്നത് നിസ്തർക്കമാണ്. അവരിൽ കൂടി ഗോത്രവർഗ്ഗക്കാർക്കെല്ലാംതന്നെ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ആരോഗ്യ വിദ്യാഭ്യാസം നല്കുവാനും കഴിയും. സുരക്ഷിത കുടിവെള്ളം ലഭ്യമാക്കൽ, പരിസരശുചിത്വം, പോഷകാഹാരം, മാതൃശിശു ആരോഗ്യം, പ്രതിരോധ കുത്തിവയ്പുകൾ തുടങ്ങിയവയിൽ ആരോഗ്യ വിദ്യാഭ്യാസം നൽകേണ്ടത് അനിവാര്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പകർച്ചവ്യാധി നിർമ്മാർജ്ജനത്തിനുള്ള ദേശീയ കർമ്മ പരിപാടികളിലും പങ്കെടുക്കുക ഇവരുടെ കർത്തവ്യമായി കരുതണം.

## വംശീയ വൈദ്യ ഔഷധവിധികളും രോഗചികിത്സയും

വംശീയ ഔഷധവിധികളെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞത് മരുന്നു ചെടികളെക്കുറിച്ചുള്ള അറിവ് ഓരോ ഗോത്രവർഗ്ഗത്തിന്റെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണ് എന്നതാണ്. ജന്തുജാലങ്ങളും സസ്യജാലങ്ങളും വ്യത്യസ്ത പരിസ്ഥിതിയിൽ വ്യത്യസ്തമായിരിക്കുമെന്നതുകൊണ്ട് വംശീയ ഔഷധവിധികളും അതനുസരിച്ചു വ്യത്യസ്തമാണ്. അതുപോലെ ഒരു സമൂഹത്തിൽ പൊതുവെ അറിയപ്പെടുന്ന അറിവുകളുമുണ്ട്. കൂടാതെ വ്യക്തിപരമായ (കുടുംബപരമായ) അറിവുകളും ധാരാളമാണ്. പ്രാഥമികാരോഗ്യ സംരക്ഷണപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു പ്രദേശത്തെ സാധാരണരോഗങ്ങൾക്കുള്ള ആ പ്രദേശത്തെ വംശീയവൈദ്യന്മാരുടെ ചികിത്സാ അറിവുകൾ എല്ലാം ശേഖരിച്ച് ഒരു ഔഷധ സഞ്ചയം ഉണ്ടാക്കുകയും അതനുസരിച്ചു ചികിത്സ നടത്തുകയും ചെയ്യുക. ഔഷധ സസ്യങ്ങൾ അവരുടെ ആവശ്യത്തിന് നട്ടുവളർത്തുന്നതിന് വംശീയവൈദ്യന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വംശീയവൈദ്യന്മാർ തങ്ങളുടെ ഔഷധവിധികളിൽ നിന്ന് മരുന്നുണ്ടാക്കുകയും കഴിയുന്നത്ര മരുന്നുകൾ വില വാങ്ങാതെ തന്നെ തങ്ങളുടെ ഗോത്രവർഗ്ഗക്കാരിലെ രോഗികൾക്കു നൽകുകയും വേണം. അതിനായി അതാത് പ്രദേശത്തെ വംശീയവൈദ്യന്മാരുടെ ഒരു ശിൽപശാല നടത്തുകയും അവർ പരസ്പരം സാധാരണ രോഗങ്ങൾക്കുള്ള ഔഷധവിധികൾ പങ്കുവെക്കുന്നതിനും കഴിയേണ്ടതാണ്. എന്നാൽ ഗുരുതരമായ രോഗാവസ്ഥകൾ എല്ലാം പ്രൈമറി ആരോഗ്യകേന്ദ്രങ്ങളിലും റെഫറൽ ആശുപത്രികളും എത്തിക്കുന്ന ചുമതലയും ഇവർക്കുണ്ട്.

വംശീയ വൈദ്യചികിത്സകരുടെ സേവനം ഗോത്രവർഗ്ഗക്കാരുടെ പ്രാഥമികാരോഗ്യ സംരക്ഷണത്തിനു ഉപയോഗിക്കുന്നതോടെ ഗോത്രവർഗ്ഗക്കാരുടെയിടയിൽ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാകും. പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗോത്രവർഗ്ഗ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തിയാൽ മാത്രമേ കഴിയു. ദേശീയ ഗ്രാമീണാരോഗ്യ മിഷൻ പ്രവർത്തനങ്ങൾ ഫലപ്രാപ്തി നേടുന്നതിനും തന്മൂലം വഴിതെളിയും. വംശീയ വൈദ്യ ചികിത്സകരും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരുമായി സമരസപ്പെട്ട് പരസ്പരസഹവർത്തിത്വത്തോടെ പ്രവർത്തിച്ചാൽ മാത്രമെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ. എങ്കിൽ മാത്രമേ മലമടക്കുകളിലും, വനാന്തരങ്ങളിലും ഉള്ള ഗോത്രവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യസേവന പ്രവർത്തനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയുള്ളൂ. ഗോത്രവർഗ്ഗക്കാരുടെ ആരോഗ്യ നിലവാരം മുഖ്യധാരയോടൊപ്പം ഉയർത്തുവാൻ സാധിക്കുകയുള്ളൂ. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സേവന രംഗത്ത് വംശീയവൈദ്യത്തിന് അർഹിക്കുന്ന പങ്കാളിത്തം നൽകുന്നതു ഗോത്രവർഗ്ഗക്കാരുടെ ആത്മവീര്യവും പൈതൃകവും തൊട്ടുണർത്തുന്ന ഒരു സാംസ്കാരിക വികസന സമീപനം കൂടിയാണ്. ഗോത്രവർക്കാരുടെ ബൗദ്ധീക ജ്ഞാന സമ്പത്തിന്റെ നിലനിൽപിനും ഇതുപകരിക്കും. ഈ സമീപനം കേരളം ഇന്ന് സ്വീകരിച്ചാൽ നാളെ ഇന്ത്യയിലെ എട്ട് കോടിയിൽ പരം വരുന്ന പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യസേവന രംഗത്ത് ഒരു ഉദാത്ത മാതൃകയായി തീരും.

# I.VI പട്ടികവർഗ്ഗ വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്

കെ. ശിവരാജൻ

നരവംശ ശാസ്ത്രജ്ഞരുടെ പഠനം തെളിയിക്കുന്നത് ഏതാണ്ട് 40,000 വർഷം മുമ്പ് മുതൽ ഈ ഭൂപ്രദേശത്ത് മനുഷ്യൻ സമൂഹമായി സംസ്കാരത്തോടെ അധിവസിച്ചിരുന്നു എന്നാണ്. പിൽക്കാലത്ത് ദ്രാവിഡർ, ആര്യന്മാർ, പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ തുടങ്ങിയപലരും ഇവിടേയ്ക്ക് വന്നു. വിദേശികളായ ഇവരുടെ വരവിനുമുമ്പ് ഇവിടെ അധിവസിച്ചിരുന്നവരായതുകൊണ്ടാണ് ഇക്കൂട്ടരെ ആദിവാസികൾ എന്നു വിശേഷിപ്പിക്കുന്നത്. പ്രത്യേക ആചാരാനുഷ്ഠാനങ്ങളോട്ടുകൂടി കൂട്ടം കൂട്ടമായി താമസിച്ചിരുന്നതിനാൽ ഇവരെ ഗോത്രവർഗ്ഗക്കാർ എന്നും മലമ്പ്രദേശങ്ങളിൽ താമസിച്ചിരുതിനാൽ ഗിരിവർഗ്ഗക്കാർ എന്നും ഇന്ത്യൻ ഭരണഘടനയുടെ 342-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗക്കാരായതിനാൽ പട്ടികവർഗ്ഗക്കാർ എന്നും വിശേഷിപ്പിക്കാറുണ്ട്. ഛിന്നഭിന്നമാക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ ആധുനികചിന്തകർ ഇവരെ 'ദലിതർ' എന്ന് വിശേഷിപ്പിക്കാനാണ് ഇഷ്ടപ്പെടുന്നത്.

ഇവിടെ ജീവിച്ചിരുന്ന ആദിവാസികൾ ഉയർന്ന സാംസ്കാരിക നിലവാരം പുലർത്തിയിരുന്നു (1) ചൈനയും റഷ്യയും മറ്റും സോഷ്യലിസം സ്വപ്നം കാണുംമുമ്പ് സോഷ്യലിസം ജീവിതത്തിൽ പകർത്തിയവരായിരുന്നു ആദിവാസികൾ. (2) പ്രതികൂലകാലാവസ്ഥയിൽ കാട്ടിൽ കഴിഞ്ഞുകൂടാനുള്ള അറിവ് അവർക്കുണ്ടായിരുന്നു. (3) ഗന്ധമറിഞ്ഞ് ആനയുടെ സാന്നിദ്ധ്യം അവർ മനസ്സിലാക്കിയിരുന്നു. (4) ഏതെല്ലാം കാലങ്ങളിൽ കാട്ടിലെ ഏതെല്ലാം കിഴങ്ങുകൾ ഭക്ഷിക്കാം എന്ന് അവർക്ക് അറിവുണ്ടായിരുന്നു. (5) മരത്തിൽ കയറാതെ ഉയർന്ന കൊമ്പുകളിലുള്ള തേനീച്ചക്കൂട്ടിൽ നിന്നും തേനെടുക്കാൻ ആദിവാസികൾക്ക് അറിയാമായിരുന്നു. (6) പശ വച്ച് പക്ഷിയെ പിടിക്കാനുള്ള തന്ത്രം സ്വായത്തമാക്കിയിരുന്നു. (7) കൂട് കെട്ടി മീൻ പിടിക്കാൻ അവർക്ക് വശമുണ്ടായിരുന്നു. (8) മരം കയറ്റം അറിയാം (9) വനവിഭവങ്ങൾ ശേഖരിക്കാൻ അറിയാം. (10) സർവ്വോപരി കാട്ടിലെ പച്ചമരുന്നുകളുടെ ഫലപ്രദമായ ഉപയോഗത്തെപ്പറ്റി അവർക്ക് പരിജ്ഞാനമുണ്ടായിരുന്നു. പക്ഷെ ഈ അറിവുകൊണ്ടുമാത്രം ഇന്നും നിലനിൽക്കാനാവില്ല. കാരണം കാലം ഒരുപാടു മാറി. കാട് നാടായി മാറിയിരിക്കുന്നു.

ഇതിനർത്ഥം നാം ആധുനിക വിദ്യാഭ്യാസം നേടണം എന്നാണ്. ആധുനിക വിദ്യാഭ്യാസം നേടുക എന്നാൽ ഉള്ള അറിവ് ഉപേക്ഷിച്ച് പുതിയതു നേടണമെന്നല്ല. അത് കക്ഷത്തിലിരിക്കുന്നതുകളഞ്ഞിട്ട് ഉത്തരത്തിൽ ഇരിക്കുന്നത് എടുക്കാൻ ശ്രമിക്കും പോലെയാണ്. അതുപാടില്ല. ഉള്ള അറിവ് നിലനിർത്തുക പരിപോഷിപ്പിക്കുക, സ്വയം പര്യാപ്തമാക്കി മാറ്റുക. എന്നിട്ടുവേണം പുതിയ അറിവ് നേടാൻ.




ചിത്രം: 30 ട്രൈബൽ വെൽഫെയർ എൽ.പി സ്ക്കൂൾ, ആനവായ് ഊര്, അഗളി, പാലക്കാട്[xxx]

പട്ടികവർഗ്ഗവികസനത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് നിർണ്ണായകമായ പങ്കുണ്ട്. ആദിവാസികളെ വളരെക്കാലം മറ്റുള്ളവർ അടിച്ചമർത്തിയും അടിമകളാക്കി ആട്ടമാട്ടുകളെപ്പോലെ വാണിഭം നടത്തുകയും ചെയ്തിരുന്നു. അതിന്റെ ഒടിവുകളും ചുളിവുകളും നമ്മുടെ ശരീരത്തിലും മനസ്സിലും ഉണ്ട്. അത് മാറണം. ആ ഒടിവുകളും ചുളിവുകളും മാറണമെങ്കിൽ നാം വിദ്യാഭ്യാസം നേടണം. "വിദ്യാഭ്യാസം മോചനത്തിന്" അതാണ് വിദ്യാഭ്യാസത്തിനു നൽകുന്ന ആധുനിക നിർവചനം. വിദ്യാഭ്യാസം മോചനത്തിന് എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉദിച്ചുയരുന്ന ഒരു സംശയമുണ്ട്. എന്തിൽ നിന്നുള്ള മോചനം. പട്ടിണി, ദാരിദ്ര്യം, അജ്ഞത, അനാരോഗ്യം, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അടിമത്വം, ചൂഷണം ഇതിൽ നിന്നെല്ലാമുള്ള മോചനം. ഇതിൽ നിന്നെല്ലാം മോചനം നൽകുന്നതാണ് വിദ്യാഭ്യാസമെന്നതിനാൽ ആദിവാസികൾക്ക് ആദ്യം നൽകേണ്ടത് വിദ്യാഭ്യാസമാണ്.

കേവലം മൂന്നു കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ ആദിവാസികളുടെ വിദ്യാഭ്യാസരംഗത്ത് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയും.

1. സ്കൂൾ പ്രായമെത്തിയ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.
2. പ്രാഥമിക വിദ്യാഭ്യാസം കഴിയുംവരെയെങ്കിലും അവരെ സ്കൂളിൽ നിലനിർത്തുക.
3. സ്കൂൾ പ്രായം കഴിഞ്ഞുപോയവർക്ക് അനൗപചാരിക വിദ്യാഭ്യാസം ലഭ്യമാക്കുക.

ഇതിനായി നിങ്ങൾ ആദ്യമായി ചെയ്യേണ്ട കാര്യം നിങ്ങളുടെ ഗ്രാമത്തിൽ ഒരു വിദ്യാഭ്യാസ സർവെ നടത്തുകയാണ്. അടുത്ത അദ്ധ്യയന വർഷം സ്കൂളിൽ ചേരേണ്ട അഞ്ചുവയസ്സുകാരുടെ പട്ടിക തയ്യാറാക്കണം. ജൂണിൽ സ്ക്കൂൾ തുറന്നാൽ ഈ പട്ടികയിൽ ഉൾപ്പെട്ട കുട്ടികളെ സ്കൂളിൽ ചേർത്തു എന്ന് ഉറപ്പുവരുത്തണം.

മിക്ക ആദിവാസി ഊരുകളിലെയും സാഹചര്യങ്ങൾ ഔപചാരിക വിദ്യാഭ്യാസം നേടാൻ അനുകൂലമല്ല. അതിനാൽ ആദിവാസികൾക്കായി സർക്കാർ ആരംഭിച്ചിരിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ രക്ഷാകർത്താക്കളെ പ്രേരിപ്പിക്കണം. വീട്ടിൽ താമസിച്ചുകൊണ്ട് സ്കൂളിൽ പോയി പഠിക്കാൻ സൗകര്യമില്ലാത്ത കുട്ടികൾക്കായി ട്രൈബൽ ഹോസ്റ്റലുകൾ സർക്കാർ നടത്തുന്നുണ്ട്. ഇത്തരം ട്രൈബൽ ഹോസ്റ്റലുകളുടെ സൗകര്യങ്ങളും കുട്ടികൾക്കായി പ്രയോജനപ്പെടുത്താൻ രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിലും ദുഷ്കരമാണ് സ്കൂളിൽ ചേർന്ന കുട്ടികളെ അവിടെ നിലനിർത്തുക എന്നത്. ആദിവാസിക്കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന് പല കാരണങ്ങളുണ്ട്.

- രക്ഷിതാക്കൾ പണിയ്ക്ക്പോകുമ്പോൾ കൂടെ പണിയ്ക്ക് കൊണ്ടുപോകുക
- ഇളയ കുട്ടികളെ നോക്കാൻ സ്കൂളിൽ പോകുന്ന മൂത്ത കുട്ടികളെ വീട്ടിൽ പിടിച്ചു നിർത്തുക.
- പണിയ്ക്കു പോകുന്ന രക്ഷകർത്താക്കൾക്ക് ഭക്ഷണം പാകം ചെയ്യാൻ കുട്ടികളുടെ സ്കൂൾ മുടക്കുക.

ഇത്തരം രക്ഷാകർത്താക്കളോട് ഒന്നു തൊഴുതുകൊണ്ട് പറയുക. 'കുട്ടികളുടെ പഠനം ഇടയ്ക്കുവെച്ച് നിർത്തരുത്. അവരെ സ്കൂളിൽ തുടരാനും പഠനം പൂർത്തിയാക്കാനും അനുവദിക്കുക.'

സ്കൂൾ പ്രായപരിധിയിൽ സ്കൂളിന് പുറത്ത് കഴിയുന്നവർക്കും, സ്കൂൾ പ്രായം കഴിഞ്ഞവർക്കും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയാണ് മറ്റൊരു സുപ്രധാന ദൗത്യം. ഇതിൽ ഒന്നാമതു നൽകേണ്ട അറിവ് ചൂഷണ



ചിത്രം: 31 എം. ആർ. എസ് സ്ക്കൂൾ കുട്ടികൾ[xxxi]

ത്തിൽ നിന്നും മോചനം നേടാനാണ്. ആദിവാസി ആനയാണ് അതിന് അതിന്റെ ശരീരവലിപ്പത്തെപ്പറ്റി, ശക്തിയെപ്പറ്റി അറിയില്ല. അതിനാൽ ദുർബലനായ മനുഷ്യൻ നടത്തുന്ന വഴിയേ ശക്തനായ ആന നടന്നു നീങ്ങുന്നു. അതാണ് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവിശേഷം മാറണം. ആന അതിന്റെ ശരീരവലിപ്പത്തെപ്പറ്റിയും ശക്തിയെക്കുറിച്ചും അറിയണം. അന്ന് ആനക്കാരന്റെ മരണമായിരിക്കും ഫലം. ആദിവാസിയെ ആദ്യം പഠിപ്പിക്കേണ്ട പാഠം അതാണ്. അവന്റെ കഴിവുകളെക്കുറിച്ച്, ശക്തിയെക്കുറിച്ച് ബോധവാനാക്കണം. ജാംബവാൻ ഹനുമാന്റെ കഴിവുകൾ പറഞ്ഞു അവനെ ശക്തനാക്കിയതു പോലെ.

പട്ടികവർഗ്ഗ വിദ്യാഭ്യാസമേഖല ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

1. പ്രീപ്രൈമറി വിദ്യാഭ്യാസം പട്ടണത്തിലെ സ്വകാര്യമേഖലയുടെ തടവറയിലാണ്. പട്ടികവർഗകുട്ടികൾക്കിന്നും ബാലികേറാമല. പട്ടികവർഗപ്രദേശങ്ങളിൽ പ്രീപ്രൈമറി സ്ക്കൂളുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

2. മിക്ക പട്ടികവർഗ്ഗ പ്രദേശങ്ങളിലും കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിനുള്ളിൽ സ്കൂളുകൾ ഇന്നില്ല. ഇത്തരം പ്രദേശങ്ങളിൽ അടിയന്തിരമായി സ്കൂളുകൾ ആരംഭിക്കേണ്ടതാണ്.

3. പട്ടികവർഗ്ഗകോളനികളിലെ അന്തരീക്ഷം പഠനത്തിന് അനുയോജ്യമല്ല. പഠനാനുയോജ്യമായ അന്തരീക്ഷം സെറ്റിൽമെന്റുകളിൽ സൃഷ്ടിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു.

4. വിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായം അപര്യാപ്തമാണ്. അവയുടെ വിതരണം യഥാസമയം നടക്കുന്നുമില്ല. പട്ടികവർഗ്ഗവിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായം കാലോചിതമായി വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

5. പട്ടികവർഗ്ഗ മേഖലകളിലെ സ്കൂളുകളിൽ അധ്യാപകരെ നിയമിക്കാറില്ല. ഈ മേഖലകളിലെ സ്കൂളുകളിൽ നിയമനം കിട്ടുന്നവരാകട്ടെ സ്കൂളിൽ എത്താറുമില്ല. അധ്യാപകരുടെ ഒഴിവുകൾ നികത്തുകയും അധ്യാപകർ കൃത്യമായി സ്കൂളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

6. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് പട്ടികവർഗ്ഗക്കാരെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും അറിവില്ലാത്തതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അതിനാൽ പട്ടികവർഗ്ഗമേഖലകളിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് പട്ടികവർഗ്ഗക്കാരെക്കുറിച്ചും അവരുടെ ചരിത്രം സംസ്കാരം എന്നിവയെപ്പറ്റിയും അറിവ് നൽകുന്നതിനുള്ള പ്രത്യേക പരിശീലനപരിപാടികൾ നടത്തേണ്ടതാണ്.

7. പഠിച്ച പട്ടികവർഗ്ഗക്കാർക്ക് ജോലി കിട്ടാത്ത അവസ്ഥ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പഠിച്ച പട്ടികവർഗ്ഗക്കാർക്ക് എല്ലാവർക്കും ജോലി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

8. പട്ടികവർഗ്ഗവിദ്യാഭ്യാസ പുരോഗതിയെ പുറകോട്ട് വലിക്കുന്ന ഒരു പ്രശ്നമാണ് സ്കൂളിൽ നിന്നുള്ള വ്യാപകമായ കൊഴിഞ്ഞുപോക്ക്. വർദ്ധമാനമായ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൊഴിഞ്ഞുപോയവരെ കണ്ടെത്തി പരിഹാരബോധനം നടത്തി വീണ്ടും ഔപചാരിക വിദ്യാഭ്യാസത്തിന്റെ പാതയിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

9. പട്ടികവർഗ്ഗ വിദ്യാഭ്യാസപുരോഗതിക്കായി ട്രൈബൽ ഹോസ്റ്റലുകളിൽ നടത്തുന്ന ട്യൂഷൻ പോലെയുള്ള പദ്ധതികൾ വേണ്ടത്ര ഫലപ്രദമായിട്ടല്ല ഇന്ന് നടപ്പാക്കുന്നത്. വിദ്യാഭ്യാസപുരോഗതിയ്ക്കായി നടത്തുന്ന പദ്ധതികളുടെ ദിശാഗതി നിയന്ത്രണവും മൂല്യനിർണ്ണയവും നടത്തേണ്ടതാണ്.

10. പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യക്കുറവാണ് അവരുടെ വിദ്യാഭ്യാസപുരോഗതിയ്ക്ക് സൃഷ്ടിക്കുന്ന ഏറ്റവും വലിയ പ്രതിബന്ധം. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും അവരെ ബോധവൽക്കരിക്കുകയാണ് ഇതിനുള്ള പരിഹാരമാർഗം.

കബളിപ്പിച്ചും വ്യാജരേഖകൾ ചമച്ചും ആദിവാസികളുടെ ഭൂമി പലരും തട്ടിയെടുത്തിരിക്കുന്നു. അട്ടപ്പാടി ആദിവാസികളുടെ മാത്രം ഭൂമിയായിരുന്നു. ഇന്ന് അട്ടപ്പാടി ആദിവാസിയ്ക്ക് അന്യാധീനപ്പെട്ടിരിക്കുന്നു. കുടിയേറ്റക്കാരും കാറ്റാടിക്കമ്പിനിയും സ്വന്തം ഭൂമിയിൽ സ്വൈരവിഹാരം നടത്തുമ്പോൾ തലചായ്ക്കാൻ ഇടമില്ലാതെ ആദിവാസികൾ ചെങ്ങറയിലും മുത്തങ്ങയിലും കുടിൽ കെട്ടി സമരം ചെയ്യേണ്ടിവരുന്നു.

ആദിവാസിക്ഷേമത്തിന് സർക്കാർ ചെലവഴിക്കുന്ന പണം ആദിവാസികൾക്കു തന്നെ ലഭിച്ചിരുന്നെങ്കിൽ അവരിൽ ഒട്ടുമിക്കവരും ഇന്ന് ലക്ഷപ്രഭുക്കളായേനെ. പക്ഷെ ആദിവാസികൾ ഇതൊന്നും അറിയുന്നില്ല. അവരിപ്പോഴും ആദിവാസിയായിത്തന്നെ തുടരുന്നു. പദ്ധതികളുടെ ഗുണഫലം കരാറുകാരും രാഷ്ട്രീയക്കാരും സർക്കാരുദ്യോഗസ്ഥരും ചേർന്ന ലോബി തട്ടിയെടുത്ത് അവർ വളരുന്നു. കൃഷിക്കുവേണ്ടി വലിയ അണക്കെട്ടുണ്ടാക്കി വെള്ളം സംഭരിക്കും. അവ കൈവരികളിലൂടെ തിരിച്ചുവിടുമ്പോൾ ഇടയ്ക്കുള്ള വടവൃക്ഷങ്ങൾ വലിച്ചെടുത്തു വളർന്നു പന്തലിക്കും. താഴെയുള്ള വരിനെല്ലിന്റെ ചുമട്ടിലെത്തുമ്പോൾ തുള്ളിപോലും അവശേഷിക്കില്ല. ഇതിനൊരുമാറ്റം വരണമെങ്കിൽ പദ്ധതികളെപ്പറ്റി നാം അറിയണം. പദ്ധതികളിൽ പങ്കാളിയാകണം. പദ്ധതികളുടെ ഗുണഫലം നേടിയെടുക്കുകയും വേണം.

'സ്നേഹിക്കുന്നവർക്കേ സേവനം ചെയ്യാൻ കഴിയൂ'. മഹാനായ ടോൾസ്റ്റോയിയുടെ വാക്കുകളാണിവ. പട്ടികവർഗ്ഗ പ്രമോട്ടർമാർക്ക് ലാറ്റിനമേരിക്കയിലെ ബ്രസീലിൽ നിരക്ഷരനായ കൃഷിക്കാരനെ ബോധവൽക്കരിക്കാൻ പോൾ ഫ്രെയർ നടത്തിയ പ്രവർത്തനങ്ങൾ മാർഗദർശനമാകേണ്ടിയിരിക്കുന്നു. നിരക്ഷരരും ദരിദ്രരും ആയ ജനങ്ങളുമായി സൗഹൃദസംഭാഷണ ഹൃദയ ബന്ധം സ്ഥാപിക്കുക. അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുക. അവരെ സ്വത്വബോധമുള്ളവരാക്കി അറിവിന്റെ മേഖലയിലേക്ക് കൈപ്പിടിച്ചാനയിക്കുക. സ്വന്തം അവസ്ഥയെക്കുറിച്ചും അതിലേക്കവരെ നയിച്ച സാഹചര്യങ്ങളെക്കുറിച്ചും അതിന് കാരണക്കാരായവരെക്കുറിച്ചും അവർ ചിന്തിക്കാൻ തുടങ്ങും. ചിന്തയുടെ പരിണിതഫലമായി അവർ ബോധവൽക്കരണത്തിലെത്തട്ടെ. ബോധവൽക്കരണത്തിലെത്തിയ മനസ്സ് തീ കൊളുത്തപ്പെട്ട ഇന്ധനപ്പുരയ്ക്ക് സമാനമാണ്. പ്രതികൂല സാഹചര്യങ്ങളോട് മല്ലടിക്കാനുള്ള അദമ്യമായ ആവേശം അവരിൽ ത്യാഗത്തിന്റെ പരിവേഷമണിയിക്കും. സമൂഹത്തിലെ സമാനപ്രശ്നമുള്ളവരെല്ലാം ഒത്തുകൂടാൻ അതു പ്രേരണ നൽകും. ഒന്നിച്ചു സംഘടിപ്പിക്കുന്നവർ പ്രശ്നപരിഹാരത്തിനായി പ്രവർത്തിക്കും. അപ്പോൾ മാത്രമേ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുകയുള്ളൂ. അത് സാമൂഹ്യമാറ്റത്തിന് വഴിയൊരുക്കും. ആദിവാസികളുടെ സാമൂഹ്യമാറ്റത്തിന് മുന്നണിപ്പടയാളിയാകാൻ പട്ടികവർഗ്ഗപ്രമോട്ടർമാർക്ക് കഴിയട്ടെ.

# I.VII ബാബാസാഹേബ് അംബേദ്കറുടെ വിദ്യാഭ്യാസ ദർശനങ്ങൾ

ആർ. അനിരുദ്ധൻ

ഇന്ത്യൻ ഭരണഘടനാശില്പി, മർദിത ജനകോടികളുടെ വിമോചകൻ, സാമൂഹികവിപ്ലവകാരി തുടങ്ങിയ വിശേഷണങ്ങളിൽ ഇന്ത്യാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠനായിത്തീർന്ന ബാബാസാഹേബ് അംബേദ്കർ കഴിഞ്ഞ നൂറ്റാണ്ടിൽ ലോകം ദർശിച്ച ശ്രദ്ധേയനായ വിദ്യാഭ്യാസ ചിന്തകൻ കൂടിയായിരുന്നു. സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ വക്താവും പ്രയോക്താവുമായിരുന്ന ബാബാസാഹേബ് അംബേദ്കർ പ്രജ്ഞയെ മഹത്ത്വവത്കരിച്ച ശ്രീബുദ്ധൻ, മഹാത്മാ ജ്യോതിറാവ്ഫൂലെ എന്നീ ഗുരുക്കന്മാരുടെ ചിന്താസരണികളെ പിന്തുടർന്നുകൊണ്ടാണ് ഇന്ത്യയുടെ വിദ്യാഭ്യാസം ചിന്താമണ്ഡലത്തിൽ തികച്ചും വ്യതിരിക്തവും പ്രവർത്തനക്ഷമവുമായൊരു വിദ്യാഭ്യാസ രീതിശാസ്ത്രവും വീക്ഷണവും അവതരിപ്പിച്ചത്. പ്രബുദ്ധരാവുക, പ്രക്ഷുബ്ധരാവുക, സംഘടിക്കുക എന്ന ഡോ. അംബേദ്കറുടെ വിശ്വപ്രസിദ്ധമായ മുദ്രാവാക്യത്തിൽ നിന്നുതന്നെ വിദ്യാഭ്യാസത്തിന് അദ്ദേഹം നൽകിയ പ്രാധാന്യം എത്രത്തോളമായിരുന്നെന്ന് മനസ്സിലാക്കാവുന്നതാണ്.

ജാതീയതയുടെ വക്താക്കൾ നൂറ്റാണ്ടുകളോളം അറിവിന്റെ ലോകം നിഷേധിക്കപ്പെട്ടിരുന്ന അധസ്ഥിതർക്കിടയിൽ ജനിച്ചുവളർന്ന ഡോ. അംബേദ്കർ വിദ്യാഭ്യാസത്തിന്റെ മൂല്യവും അനിവാര്യതയും ഏറ്റവും ആഴത്തിൽ തിരിച്ചറിഞ്ഞ മഹാനായിരുന്നു. വിജ്ഞാന സമ്പാദനത്തിൽക്കൂടി മാത്രമേ സമൂഹത്തിലെ ജീർണതകളെ ഉന്മൂലനം ചെയ്യാൻ കഴിയൂ എന്ന വലിയ പാഠം സ്വന്തം പിതാവിൽ നിന്നായിരുന്നു ബാല്യത്തിൽ ഡോ. അംബേദ്കർ സ്വായത്തമാക്കിയത്. മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ചപ്പോൾ സമ്മാനമായി ലഭിച്ച ബുദ്ധനെക്കുറിച്ചുള്ള പുസ്തകം പ്രജ്ഞയുടെ അനന്തസാധ്യതയെന്തെന്ന് തന്നെ ബോധ്യപ്പെടുത്തുന്നതിൽ നിർണായകമായെന്ന് ഡോ. അംബേദ്കർ തന്നെ പില്ക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ സാമൂഹിക പരിവർത്തനത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ഡോ. അംബേദ്കർ കഠിനാധ്വാനത്തിലൂടെയും അപരിമേയമായ ഇച്ഛാശക്തിയിലൂടെയും തന്റെ കാലഘട്ടത്തിലെ ശ്രദ്ധേയനായ വിജ്ഞാനസമ്പാദകരിൽ ഒരാൾ എന്ന ഖ്യാതി നേടുകമാത്രമല്ല, താൻ ആർജിച്ച വിജ്ഞാനത്തെ സാമൂഹിക പരിവർത്തനത്തിന്റെ ഉപാധിയാക്കി വികസിപ്പിച്ചുകൊണ്ടായിരുന്നു രാഷ്ട്രപുനസംഘാടനത്തിൽ പങ്കാളിയായത്.

ബാബാസാഹേബ് അംബേദ്കറെ സംബന്ധിച്ചിടത്തോളം സാമൂഹിക പരിവർത്തനത്തിന്റെ ഉപാധിയും ആധുനികതയിലേക്കുള്ള പ്രവേശനകവാടവുമായിരുന്നു വിദ്യാഭ്യാസം. വ്യക്തിയെ ശാക്തീകരിച്ച് സമൂഹത്തെ പുനസംഘടിപ്പിക്കുന്ന അത്യാന്താപേ




ചിത്രം: 32 എം.ആർ. എസ് സ്ക്കൂൾ, പരവനടുക്കം, കാസറഗോഡ്[xxxii]

ക്ഷിത ഘടകമായി വിദ്യാഭ്യാസത്തെ നിരീക്ഷിച്ച ഡോ. അംബേദ്കർ വിദ്യാഭ്യാസത്തിന് തന്റെ പ്രവർത്തനങ്ങളിൽ എല്ലായ്പ്പോഴും പ്രമുഖസ്ഥാനം നൽകി എന്നതും ശ്രദ്ധേയമാണ്. അധസ്ഥിത വിഭാഗങ്ങൾ സാമൂഹിക പരിവർത്തനത്തിനും അവകാശങ്ങൾക്കും വേണ്ടി സമര സജ്ജരാകുമ്പോൾത്തന്നെ വിദ്യാഭ്യാസത്തിലൂടെ കരുത്താർജിക്കാനും അങ്ങനെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉന്മൂലനം ചെയ്യാനും ഡോ. അംബേദ്കർ നിരന്തരം ആഹ്വാനം ചെയ്യുമായിരുന്നു. വിദ്യാഭ്യാസം വ്യക്തിയെ ശാക്തീകരിക്കുന്നതോടൊപ്പം അയാളുടെ സാമൂഹിക– രാഷ്ട്രീയ ബോധമണ്ഡലത്തെയും വികസിപ്പിക്കുന്നതിനാൽ വ്യക്തിക്കും കുടുംബത്തിനും അയാൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിനും വർത്തമാനകാല സാഹചര്യങ്ങളോട് ക്രിയാത്മകമായി സംവദിക്കാൻ അവസരം സൃഷ്ടിക്കുന്നു. വിദ്യാഭ്യാസം ശാക്തീകരണത്തിന്റെ അക്ഷയ സ്രോതസും പരിവർത്തനത്തിന്റെ ഏജൻസിയുമായിരുന്നതിനാലാണ് വിദ്യാഭ്യാസത്തിലൂടെ പ്രക്ഷുബ്ധരാകുവാൻ ഡോ. അംബേദ്കർ ആഹ്വാനം ചെയ്തത്. മറ്റൊരർഥത്തിൽ സാമൂഹിക തിന്മകളോട് നിരന്തരം പ്രക്ഷുബ്ധമാകാനും അതിലൂടെ സാമൂഹിക പരിവർത്തനത്തിനു വേണ്ടി പ്രക്ഷോഭത്തിൽ ഏർപ്പെടാനുമുള്ള നിർണായക ഉപാധിയാണ് ഡോ. അംബേക്റുടെ വീക്ഷണത്തിൽ വിദ്യാഭ്യാസം. വിദ്യാഭ്യാസം മനുഷ്യനെ പ്രബുദ്ധനാക്കുന്നതോടൊപ്പം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം കുറിച്ച് അനീതിക്കെതിരെ പോരാടാൻ അവനെ സജ്ജമാക്കാൻ പര്യാപ്തമാവണമെന്നും ഡോ. അംബേദ്കർ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ നിഷേധത്തിൽനിന്നാണ് അധഃസ്ഥിതരുടെ പിന്നോക്കാവസ്ഥയും

പാർശ്വവത്കരണവും ഉടലെടുത്തതെന്ന് നിരീക്ഷിച്ച ഡോ. അംബേദ്കർ സാമൂഹികപദവിയും മാന്യതയും ഉയർത്താൻ അധസ്ഥിതവിഭാഗങ്ങൾ നിർബന്ധമായും വിദ്യാഭ്യാസം കരസ്ഥമാക്കേണ്ടതുണ്ടെന്നും നിഷ്കർഷിച്ചു.

മനസ്സിന്റെ പരിശീലനവും വികാസവുമാണ് വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത്. അഥവാ വിദ്യാഭ്യാസത്തിലൂടെയാണ് വ്യക്തിയുടെ യുക്തിബോധം വികസിക്കുന്നത്. ഈ യുക്തിബോധമാണ് മതപരവും സാമൂഹികവും രാഷ്ട്രീയവുമായ വ്യക്തിയുടെ ജീവിതത്തിന് അടിസ്ഥാനം സൃഷ്ടിക്കേണ്ടത്. വിദ്യാഭ്യാസം സുനിശ്ചിതമായും വ്യക്തിയുടെ ആത്മാഭിമാനത്തെയും, സർവ്വോപരി സാമൂഹിക അവബോധത്തെയും, സ്വഭാവശുദ്ധിയെയും, മൂല്യബോധത്തെയും, വികസിപ്പിക്കുന്ന വിധത്തിലായിരിക്കണം. ചുരുക്കത്തിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി, സാന്മാർഗികത എന്നീ മൂല്യങ്ങളെ പരിപോഷിപ്പിക്കുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസം.

തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് നഗരങ്ങളിലേക്കും അവിടെ നിന്നും രാജ്യത്തിന് പുറത്തേക്കും സഞ്ചരിക്കണമെന്നും അങ്ങനെ ആധുനികതയ്ക്ക് അനുസൃതമായി തങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തണമെന്നും ഡോ. അംബേദ്കർ ആഹ്വാനം ചെയ്തു.

അമേരിക്കയിലെ കൊളംബിയ സർവകലാശാലയിൽ പഠിക്കുന്ന കാലഘട്ടത്തിൽ അധഃസ്ഥിതവിഭാഗക്കാർ വിദ്യാഭ്യാസം നേടേണ്ടതിന്റെ അനിവാര്യതയെപ്പറ്റി ഡോ. അംബേദ്കർ ഇന്ത്യയിലെ അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന് ഇപ്രകാരം എഴുതി: "മാതാപിതാക്കൾക്ക് സൃഷ്ടിയിൽ മാത്രമാണ്, മറിച്ച് കുഞ്ഞുങ്ങളുടെ ഭാഗധേയം നിർണയിക്കുന്നതിൽ യാതൊരുവിധ പങ്കുമില്ലെന്ന പഴഞ്ചൻ ആശയം ഉപേക്ഷിക്കുക. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിലൂടെ മാതാപിതാക്കൾക്ക് അവരുടെ കുട്ടികളുടെ ഭാവി നിർണയിക്കുവാൻ സാധിക്കും. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം തന്നെ വിദ്യാഭ്യാസമാകുന്നു. ആൺകുട്ടികൾക്കെന്നപോലെ പെൺകുട്ടികൾക്കും വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്".

സാമൂഹിക പരിവർത്തനത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെപ്പറ്റി ബോധവാനായിരുന്ന ഡോ. അംബേദ്കർ പക്ഷേ വിദ്യാഭ്യാസ കാലത്ത് വിദ്യാർഥികൾ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ പ്രോത്സാഹിപ്പിച്ചിരിന്നില്ല. കൊളംബിയൻ സർവകലാശാലയിൽ പഠിക്കുമ്പോൾത്തന്നെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലേക്ക് ക്ഷണിക്കാനെത്തിയ ലാലാ ലജ്പത്റായിയെ ഡോ. അംബേദ്ക്കർ പിന്തിരിപ്പിച്ച സംഭവം സുവിദിതമാണല്ലോ. വിദ്യാഭ്യാസകാലത്ത് വിദ്യാർത്ഥികൾ അവരുടെ മുഴുവൻ സമയവും വിജ്ഞാനം ആർജിക്കുന്നതിനുവേണ്ടി മാത്രം മാറ്റിവയ്ക്കണമെന്ന് നിഷ്കർഷിച്ച ഡോ. അംബേദ്കർ വിദ്യാഭ്യാസത്തെ ഒരു സപര്യയായി ഉൾക്കൊള്ളണമെന്നും നിർദേശിച്ചു. വിദ്യാർഥികളുടെ അപക്വമായ രാഷ്ട്രീയ ഇടപെടലുകളെപ്പറ്റി ഡോ. അംബേദ്കർ ഒരിക്കൽ ഇപ്രകാരം പറഞ്ഞു. "ഇപ്പോൾ നിങ്ങൾ മനസ്സിലാക്കേണ്ടത് നമ്മുടെ വിദ്യാർഥികളിൽ നല്ലൊരു വിഭാഗം രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ സജീവമാകുന്നു എന്നതാണ്. അവർക്ക് രാഷ്ട്രീയം എന്നതിനെ സംബന്ധിച്ച് വ്യക്തതയോ രാഷ്ട്രീയ പ്രവർത്തനം സജീവമാക്കേണ്ടതിന്റെ

രീതികളെക്കുറിച്ചോ അറിയില്ല. എന്റെ അഭിപ്രായത്തിൽ അക്കാദമിക് ജീവിതവും ജീവൽ പ്രശ്നങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല." മറ്റൊരവസരത്തിൽ വിദ്യാർഥികളോടായി അദ്ദേഹം ഇപ്രകാരം പറഞ്ഞു: "മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം അറിവാണ്. വിദ്യാർഥികൾ അവരുടെ ബൗദ്ധികശേഷി നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുക. വലിയൊരളവുവരെ രാജ്യത്തിന്റെ ഭാവി അനിവാര്യമായും വിദ്യാർഥികൾ ആശ്രയിച്ചിരിക്കുന്നു. സമുദായത്തിന്റെ ബൗദ്ധികസ്വത്തിന്റെ ഭാഗമായ വിദ്യാർഥികൾക്ക് പൊതുകാഴ്ചപ്പാടിനെ രൂപപ്പെടുത്താൻ കഴിയും."

1947 ഒക്ടോബർ 4 വൈകുന്നേരം ബോംബയിലെ സിദ്ധാർഥ കോളേജിന്റെ ഹോസ്റ്റലിൽവച്ച് വിദ്യാർഥികൾ നൽകിയ സ്വീകരണത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് വിദ്യാർഥികളുടെ ഉത്തരവാദിത്തത്തെപ്പറ്റി ഡോ. അംബേദ്കർ ഇപ്രകാരം പറഞ്ഞു: "നമ്മുടെ വിദ്യാർഥികൾക്ക് വലിയൊരു ചുമതല നിർവ്വഹിക്കാനുണ്ട്. നമ്മുടെ രാഷ്ട്രീയസമരം തീർന്നിട്ടില്ല. ശരിയായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് നമ്മുടെ ലക്ഷ്യങ്ങളിൽ നിങ്ങൾ മനസ്സുറപ്പിച്ച് ഉണർന്നിരിക്കണം. നമ്മൾ നേരിടുന്ന പരിതസ്ഥിതികളെക്കുറിച്ചെല്ലാം ചിന്തിച്ച് അവയെ നേരിടാൻ സമുദായത്തിന്റെ വിശ്വസ്ത നേതാക്കളായി സമുദായത്തിന് യോഗ്യമായ മാർഗനിർദേശം നൽകുക."

വിദ്യാഭ്യാസവും നിതാന്തമായ പരിശ്രമവും പരിശീലനവും ഇല്ലാതെ അധസ്ഥിതരുടെ ഉദ്ധാരണം യാഥാർഥ്യമാവില്ലെന്ന് നിരീക്ഷിച്ച ഡോ. അംബേദ്കർ അധസ്ഥിത വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന് പ്രായോഗികമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ഈ ലക്ഷ്യത്തോടെയാണ് 1945 – ൽ അദ്ദേഹം പീപ്പിൾസ് എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിക്കുന്നതും സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മഹാരാഷ്ട്രയിൽ കോളേജുകൾ, ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതും. ദേശത്തിന്റെ പൊതുവായും പിന്നോക്കക്കാരുടെ ഇടയിൽ പ്രത്യേകമായും വിദ്യാഭ്യാസം പ്രചരിപ്പിക്കുകയായിരുന്നു സൊസൈറ്റിയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ 1946– ൽ ബോംബെയിൽ സിദ്ധാർഥ കോളേജും ഔറംഗാബാദിൽ മിലിൻഡ് മഹാവിദ്യാലയവും ഡോ. അംബേദ്കർ സ്ഥാപിച്ചു. മിലിൻഡ് കോളേജിന്റെ ശിലാസ്ഥാപനവേളയിൽ അധസ്ഥിതവിഭാഗങ്ങൾ ഉന്നതവിദ്യാഭ്യാസം നേടേണ്ടതിന്റെ അനിവാര്യതയെപ്പറ്റി ഡോ. അംബേദ്കർ നടത്തിയ ഉദ്ബോധനം ശ്രദ്ധേയമാണ്. " ഹിന്ദുസമൂഹത്തിന്റെ അടിത്തട്ടിൽ നിന്നു വന്ന എനിക്ക് വിദ്യാഭ്യാസത്തിന്റെ മൂല്യമെന്തെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടിത്തട്ടുകാരുടെ പുരോഗതിയുടെ പ്രശ്നം സാമ്പത്തികവുമായി ബന്ധപ്പെട്ടതാണെന്ന ഒരു ധാരണ പൊതുവേ നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ ധാരണശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അടിത്തട്ടുകാരുടെ പ്രശ്നം ആഹാരമോ വസ്ത്രമോ ഇല്ലാത്തതിന്റെയോ മേലാളർ എന്നു നടിക്കുന്നവരെ പാരമ്പര്യപ്രകാരം സേവിക്കാതിരിക്കുന്നതിന്റെയോ അല്ല. മറിച്ച് കീഴാളർക്കിടയിൽ നിലനിൽക്കുന്ന അധമബോധം ഉന്മൂലം ചെയ്യാത്തതിന്റേതാകുന്നു. ഇതാണ് മുഖ്യപ്രശ്നം. മറ്റുള്ളവർ അവരെ നിരന്തരം അടിമകളാക്കി വയ്ക്കുന്നതിലും ചൂഷണം ചെയ്യുന്നതിലും നിന്നുമാണ് ഈ അധമബോധം അവരിൽ നിലനിൽക്കുന്നത്. വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിൽ കൂടിയല്ലാതെ സാമൂഹികവിപത്തിന് പരിഹാരം കാണാൻ കഴിയില്ല".

വിദ്യാഭ്യാസരംഗത്ത് അധസ്ഥിതവിഭാഗങ്ങൾ സ്വയം പര്യാപ്തത കൈവരിക്കാത്തിടത്തോളം കാലം, അവർക്ക് പുരോഗതി ആർജ്ജിക്കാൻ കഴിയില്ലെന്ന് വിശ്വസിച്ചിരുന്ന വിദ്യാഭ്യാസചിന്തകനായ ഡോ. അംബേദ്കറുടെ വിദ്യാഭ്യാസ ദരശനങ്ങൾക്ക് വർത്തമാനകാലത്തും പ്രസക്തിയുണ്ട്. അധസ്ഥിതരുടെ സ്വത്വബോധത്തെയും ചരിത്രബോധത്തെയും തൊട്ടുണർത്തുന്നവിധം, അവരെ സ്വയം പര്യാപ്തരാക്കും വിധം- അവർക്കിടയിൽ വിദ്യാഭ്യാസം സ്ഥാപനങ്ങളും പരിശീലനപ്രവർത്തനങ്ങളും ഏർപ്പെടുത്തുന്നതിലൂടെ മാത്രമേ അധഃസ്ഥിത വിഭാഗങ്ങളെ പുതിയൊരു ജീവിതപന്ഥാവിലേക്ക് നയിക്കാൻ കഴിയൂ എന്ന് ഡോ. അംബേദ്ക്കറുടെ വിദ്യാഭ്യാസ ചിന്തകൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനയിൽ അധസ്ഥിതവിഭാഗങ്ങളുടെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കി അതിപ്രധാനമായ നിരവധി പരിരക്ഷകൾ അദ്ദേഹം സന്നിവേശിപ്പിച്ചത്.

*"നിങ്ങളുടെ അവകാശങ്ങളും സ്വത്തുക്കളും കവർന്നെടുത്തവരാരും അത് സൗമനസ്യപൂർവം തിരിച്ചുതരുമെന്ന് പ്രതീക്ഷിച്ചിട്ടുകാര്യമില്ല. കൈവശപ്പെടുത്തിയവരോട് ഒന്നൊന്നായി തിരിച്ചുപിടിക്കുകതന്നെ വേണം. ആട്ടിൻകുട്ടികളെയാണ് ബലി നടത്തുന്നത്. സിംഹങ്ങളെയല്ല നിങ്ങൾ ശാന്തശീലരായിരുന്നാൽ ബലിയാടുകളാക്കപ്പെടും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ നിങ്ങൾ ഓരോരുത്തരും ഗർജിക്കുന്ന സിംഹങ്ങളായി മാറണം".*

*ഡോ. ബി. ആർ. അംബേദ്കർ*





ചിത്രം: 33 എം.ആർ.എസ് വിദ്യാർത്ഥികൾ[xxxiii]

# I.VIII ഭരണഘടനാനുസൃതമായ നീതി : യാഥാർത്ഥ്യവും പ്രതീക്ഷകളും[xxxiv]

നൈന വി

രാഷ്ട്രത്തെ സംബന്ധിച്ച നീതി–നിയമ തത്വങ്ങൾ നിലവിൽ വരുത്തുക എന്നത് നിർബന്ധിതമായ കർത്തവ്യമാണ്. നീതി നടപ്പിലാക്കാൻ ഭരണഘടനാപരമായ പ്രതിബന്ധതയുണ്ട്. പ്രൊഫ. (ഡോ) ഗോപാൽ ഗുരുവിന്റെ അഭിപ്രായത്തിൽ അവശവിഭാഗങ്ങൾക്കും ആദിവാസികൾക്കും സ്ത്രീകൾക്കും ഭരണഘടനാപരമായ സാമൂഹിക നീതി ഉറപ്പുവരുത്താൻ പൗരന്മാരോട് അഭ്യർത്ഥിക്കേണ്ട കാര്യം രാഷ്ട്രത്തിനില്ല. അദ്ദേഹം തന്റെ പ്രബന്ധത്തിൽ മൂന്ന് ചോദ്യങ്ങളാണ് ഉയർത്തികാട്ടിയത്. സാമൂഹിക നീതി ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഭാഗമാക്കാൻ എന്ത് സാമൂഹികവ്യവസ്ഥ അല്ലെങ്കിൽ ഉപാധികളാണ് ആവശ്യം ? എന്തുകൊണ്ടാണ് വിവിധ സാമൂഹിക ഗ്രൂപ്പുകൾ 1947 ൽ ഇന്ത്യൻ സാമൂഹിക കരാറിൽ ഒപ്പിടാൻ സന്നദ്ധമായത് ? എന്തുകൊണ്ടാണ് സാമൂഹിക നീതി ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർത്തത്.

അടുത്തതായി അദ്ദേഹം സൂചിപ്പിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളും രാഷ്ട്രത്തിന്റെ വിതരണ ശൃംഖലയിൽ അവർക്കുള്ള പ്രതീക്ഷകളെയും കുറിച്ചാണ്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ നയങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങൾ (വിദ്യാഭ്യാസപരമായും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കരുതൽ നടപടികളായും) ക്രിയാത്മകമായും സജീവമായും പ്രവർത്തിക്കണം. അങ്ങനെയാണെങ്കിൽ നീതിയുടെ തത്ത്വങ്ങളിൽ നിന്നും ആവിർഭവിക്കുന്ന ആനുകൂല്യങ്ങൾ ചോർച്ചകൂടാതെ 'അവശവിഭാഗങ്ങളിൽ' എത്തിച്ചേരും. സാമൂഹികനീതി നടപ്പിലാക്കുന്നതിന് വേണ്ടി എസ്.സി/എസ്.ടി ഉപപദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കണം. അതിന്റെ പ്രയോജനങ്ങൾ സമുദായാംഗങ്ങൾക്ക് കിട്ടി എന്ന് ഉറപ്പുവരുത്താൻ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കണം. സാമൂഹിക നീതി നടപ്പിലാക്കുന്നതിന് പുതിയ നിയമ നിർവ്വഹണം നടത്തുമ്പോൾ സാമ്പത്തികമായിട്ടുള്ള അന്തരങ്ങൾ കൂടി കണക്കിലെടുക്കണം.

അദ്ദേഹം സൂചിപ്പിച്ച മറ്റൊരുകാര്യം ഏതു ജനവിഭാഗത്തിനുവേണ്ടിയാണോ നാം പലതും വിഭാവന ചെയ്തത്, അവിടെതന്നെ അപര്യാപ്തമായ നിബന്ധനകൾ വഴി ചോർച്ച വരുത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അതായത് നീതി ഉറപ്പുവരുത്തുന്ന സ്ഥാപനങ്ങൾ തന്നെ അത് ഇല്ലായ്മ ചെയ്യുക. നീതി നടപ്പിലാക്കുന്നതിനുള്ള ചോർച്ച കാണാൻ കഴിയുന്നത് അവശവിഭാഗങ്ങൾക്കും ഗോത്രവർഗ്ഗങ്ങൾക്കുമായി നീക്കി വെച്ചിരിക്കുന്ന പണം മറ്റുപലതിനും കൈമാറ്റം ചെയ്യപ്പെടുന്നതായിട്ടാണ്. ഗോത്രവർഗ്ഗങ്ങൾക്കായും അവശവിഭാഗങ്ങൾക്കായും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചും ഒരു ദീർ

ഘവീക്ഷണം ബന്ധപ്പെട്ടവർക്കുവേണം. നയപരമായ തീരുമാനങ്ങൾ എടുക്കുന്ന സമിതികളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർ ആവശ്യപ്പെടുന്ന വികസന പദ്ധതികൾക്ക് മുൻഗണന കൊടുക്കണം ഫണ്ടിന്റെ അപര്യാപ്തത പദ്ധതി നിർവ്വഹണത്തിന് തടസ്സമാവരുത്. ദീർഘകാല പദ്ധതികളുടെ അഭാവം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് തടസ്സമാവുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പദ്ധതികൾ ചർച്ച ചെയ്യുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഊരുക്കൂട്ടം വഴിയാണ്. ആയതിനാൽ ഊരുക്കൂട്ട യോഗങ്ങൾ ശരിയായ തലത്തിലും രീതിയിലും കാര്യക്ഷമമായും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ഗോപാൽഗുരു തന്റെ പ്രബന്ധത്തിൽ ഉയർത്തിക്കാട്ടുന്ന മറ്റൊരു ചോദ്യം ഇതാണ്. എന്തുകൊണ്ടാണ് സാമൂഹ്യനീതി ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ എഴുതിചേർത്തത്? അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ധാർമ്മികനീതി ബോധം വളർന്നുവരാൻ കഴിയാത്ത സാഹചര്യത്തിൽ നീതിവ്യവസ്ഥ ഭരണഘടനാപരമായി തന്നെ നിയമാനുസൃതമാക്കേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ ഉദാഹരണമാണ് 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയൽ ആക്ടിനോടുള്ള എതിർപ്പ്. ഭരണഘടന എഴുതാൻ അവസരം കിട്ടിയപ്പോൾ ഡോ. ബി.ആർ അംബേദ്ക്കർ, ജാതികൾ അലങ്കോലപ്പെടുത്തിയ ഭാരതത്തിന്റെ പുനർനിർമ്മാണം മതേതരത്വത്തിന്റെ അടിത്തറയിൽ ഉയർത്താനാണ് ശ്രമിച്ചത്. പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും മുന്നോട്ട് എത്തിക്കാൻ ആവശ്യമായ സംരക്ഷ സംവരണ വ്യവസ്ഥകൾ അദ്ദേഹം ഭരണഘടനയിൽ എഴുതിച്ചേർത്തു. ഇന്ത്യൻ ഭരണഘടന ഭരണകർത്താക്കളുടെ സമസ്യകൾക്ക് ഉത്തരം നൽകുന്ന ഒരു തുറന്ന നിയമപുസ്തകം മാത്രമല്ല, അവഗണിക്കപ്പെട്ട ജനവിഭാഗങ്ങളുടെ മോചനം സാദ്ധ്യമാക്കുന്ന ഒരു വജ്രായുധം കൂടിയാണ് ഭരണഘടന. സമൂഹ്യ അനീതികളിൽ നിന്നും ചൂഷണത്തിൽ നിന്നും ജാതിയുടെ പേരിലുള്ള വിമോചനങ്ങളിൽ നിന്നും അവർക്ക് സംരക്ഷണം നൽകി. ഭരണഘടന നിലവിൽ വന്നതോടെയാണ് അധസ്ഥിത ജനവിഭാഗങ്ങൾക്ക് തുല്യ പൗരത്വം ഭരണഘടനാപരമായി ലഭ്യമായത്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു ബാലികേറാമലയായിരുന്ന നിയമനിർമ്മാണ സഭകളിലും സർക്കാർ സ്ഥാപനങ്ങളിലും മറ്റും നാമമാത്രമായെങ്കിലും അവർക്കു കടന്നുവരാൻ കഴിഞ്ഞത് ഭരണഘടനയിൽ സംവരണാനുകൂല്യങ്ങൾ ഉൾക്കൊള്ളിച്ചതോടെയാണ്. ഭരണഘടന നല്ലതാണെങ്കിലും അത് കൈകാര്യം ചെയ്യുന്നവർ കാര്യക്ഷമതയില്ലാത്തവരാണെങ്കിൽ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. ഭരണഘടനാപരമായ നീതി നടപ്പിലാക്കുന്നതിന് സാമൂഹ്യജാഗ്രത ആവശ്യമാണ്. സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള വ്യക്തികളുടെ സഹായക സഹകരണം ഇതിനാവശ്യമാണ്. ഭരണഘടനയുടെ അന്തസത്തയും മൂല്യങ്ങളും മുറുകെ പിടിക്കാൻ സമൂഹത്തിലെ എല്ലാവരും

ബാദ്ധ്യസ്ഥരാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭരണഘടനാപരിരക്ഷകളെക്കുറിച്ചുള്ള ഓഡിറ്റിംങ് എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തണം. രാഷ്ട്രീയമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി മിക്ക ഭരണഘടനാ അവകാശങ്ങളും അടിച്ചമർത്തപ്പെട്ട സമുദായാംഗങ്ങൾക്ക് ലഭിക്കുന്നില്ല.

ഗോപാൽ ഗുരുവിന്റെ അഭിപ്രായത്തിൽ ഭരണഘടനാപരമായ നീതിനിർവ്വഹണത്തിലുള്ള ചോർച്ച ജാതി സർട്ടിഫിക്കറ്റുകൾ നേടുന്ന കാര്യത്തിലാണ്. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷനുകൾ ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. വ്യാജജാതി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ മറ്റു സമുദായക്കാർ തട്ടിയെടുക്കുന്ന പ്രവണത കാണാൻ സാധിക്കും. എന്നാൽ ഒരു പരിധിവരെ ഇക്കാലയളവിൽ ഇതിന് പരിഹാരം കാണാൻ സാധിക്കുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ കിർടാഡ്സ് അതിൽ നിന്ന് സംശയാസ്പദമായ കേസുകൾ തെരഞ്ഞെടുത്ത് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നവർക്ക് മാത്രമേ പ്രൊഫഷണൽ കോഴ്സുകൾക്ക് ജാതി സംവരണം വഴി അഡ്മിഷൻ നേടാനുള്ള അവസരം ലഭിക്കുന്നുള്ളൂ. അതുപോലെ തന്നെയാണ് വില്ലേജാഫിസുകളിലും താലൂക്കാഫീസുകളിലും ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ സംശയകരമായ കേസുകൾ കിർടാഡ്സിലേക്ക് അയക്കുകയും കിർടാഡ്സിന്റെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കു മാത്രമേ ഇത്തരം കേസുകളിൽ ജാതിസർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ ഭരണഘടനാപരമായ നീതി നിർവ്വഹണത്തിലുള്ള ചോർച്ച, ജാതി സർട്ടിഫിക്കറ്റുകൾ നേടുന്ന കാര്യത്തിൽ ഒരു പരിധിവരെ തടസ്സപ്പെടുത്താൻ കേരളത്തിൽ കിർടാഡ്സ് വകുപ്പിന്റെ പ്രവർത്തനം കൊണ്ട് സാധിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സംവരണാനുകൂല്യങ്ങൾ മറ്റ് സമുദായാംഗങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ ശിക്ഷ നൽകണം.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ പിന്നോക്കക്കാരായ സമുദായാംഗങ്ങളെ മുന്നോട്ട് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. എന്നാൽ നിലവിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്ക് പര്യാപ്തമല്ല. സാമൂഹ്യ പരിവർത്തനത്തിനുള്ള ആയുധമാണ് ഡോ. അംബേദ്ക്കർ വിദ്യാഭ്യാസത്തെ കണ്ടത്. അടിച്ചമർത്തപ്പെട്ടവർക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുക അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യങ്ങളിലൊന്നായിരുന്നു. ഒരു ജനായത്തഭരണ സംവിധാനത്തിൽ ഒരാൾക്കു പറയാനുള്ള കാര്യങ്ങൾ അന്തസ്സോടെ കാര്യകാരണ സഹിതം ശക്തമായി അവതരിപ്പിച്ച് സഭയുടെ വിശ്വാസം നേടിയെടുക്കുന്നതിലാണ് അയാളുടെ വിജയം സ്ഥിതിചെയ്യുന്നത്. അതിനാവശ്യമായ കഴിവ് വിദ്യാർത്ഥികൾ ആർജ്ജിക്കണം. ജനങ്ങൾ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവർക്ക് കഴിവുണ്ടായിരിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അധഃസ്ഥിതരുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണണ

മെങ്കിൽ അവർ വിദ്യാഭ്യാസം ചെയ്തേ മതിയാവൂ എന്നും അറിവ് ശക്തിയും ആയുധവുമാണെന്നും ഡോ. അംബേദ്ക്കർ പറഞ്ഞിട്ടുണ്ട്. സ്വന്തം സമുദായത്തിന്റെ ഉന്നതിക്കായി നിങ്ങൾ നിങ്ങളുടെ സമയവും കഴിവും ധനവും പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗസമുദായങ്ങളുടെ ഇടയിൽ നിന്നും വിദ്യാഭ്യാസം നേടിയവർ തിരിച്ച് സമുദായത്തിനോടും, സമൂഹത്തിനോടും ഉത്തരവാദിത്വത്തോടുകൂടി പെരുമാറണം. എങ്കിൽ മാത്രമേ സ്വസമുദായാംഗങ്ങളുടെ ഉന്നതിയും സാമൂഹിക വളർച്ചയും നാം ഉദ്ദേശിക്കുന്ന തരത്തിൽ സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ. എങ്കിൽ മാത്രമേ ഡോ. അംബേദ്ക്കർ സ്വപ്നം കണ്ട ഒരു ഇന്ത്യയും ഗോപാൽഗുരു തന്റെ പ്രബന്ധത്തിലൂടെ ചൂണ്ടികാണിച്ച ഭരണഘടനാപരമായ നീതി നിർവ്വഹണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ.

## അവലംബം:


“ഭരണഘടനസൃതമായ നീതി: യാഥാർത്ഥ്യവും പ്രതീക്ഷകളും” പ്രൊഫ. ഡോ. ഗോപാൽഗുരു, ‘സ്വതന്ത്ര്യ ഇന്ത്യയിൽ പട്ടികജാതി പട്ടിവർഗ്ഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളികൾ’ സംബന്ധിച്ച സാമാജികരുടെ ദേശീയ കോൺഫറൻസ് 2018.

“അംബേദ്ക്കർ ദർശനം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ” പ്രൊഫ. ഡോ. കെ ശിവരാജൻ, ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ കാലിക്കറ്റ് സർവ്വകലാശാല.

# I.IX വിദ്യാഭ്യാസ പിന്നോക്കാവസ്ഥ : പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും, കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളെ ആസ്പദമാക്കിയുള്ള ഒരു വിശകലനം

ദീപ.എസ്, ജാഫർ.കെ

ഏതൊരു സമൂഹത്തിന്റെയും വികസനത്തിന് വിദ്യാഭ്യാസം വലിയ പങ്കാണ് വഹിക്കുന്നത്. വിദ്യാഭ്യാസം കൊണ്ട് മാത്രമേ പിന്നോക്കം നിൽക്കുന്ന ഒരു സമൂഹത്തെ മുഖ്യധാര സമൂഹവുമായി ബന്ധപ്പെടുത്തി സാമൂഹികമായ ഒരു മുന്നേറ്റം നടത്താൻ സാധിക്കുകയുള്ളൂ. കേരളത്തിലെ പട്ടിക വർഗ്ഗക്കാരുടെ കാര്യമെടുത്താൻ ആദ്യകാലം തൊട്ടെ ഏറിയും കുറഞ്ഞും സമൂഹത്തിൽ അടിച്ചമർത്തപ്പെടുകയും, വിവിധ ചൂഷണങ്ങൾക്ക് വിധേയരാവുകയും ചെയ്തിട്ടുള്ള ചരിത്രമാണുള്ളത്. ഇത്തരത്തിലുള്ള അടിച്ചമർത്തപ്പെടലിൽ നിന്ന് ഒരു മോചനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. പിന്നോക്ക വിഭാഗമായ പട്ടികവർഗ്ഗക്കാരിൽ തന്നെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമാണ് കേരളത്തിലെ പ്രത്യേക ദുർബല വിഭാഗത്തിൽപെട്ട പട്ടികവർഗ്ഗ ജനസമൂഹങ്ങൾ (PVTGs).

കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര സമൂഹങ്ങളിൽപ്പെട്ടവരുടെ നിലവിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുകയും അതുപോലെ തന്നെ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ വിദ്യാഭ്യാസ സാഹചര്യം മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

## ആരാണ് പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ? (PVTGs).

പിന്നോക്കക്കാരിൽ പിന്നോക്കം നിൽക്കുന്ന ഗോത്ര സമൂഹങ്ങളാണ് പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർ. ഇന്ത്യയിൽ 500 ൽ പരം ഗോത്രവിഭാഗങ്ങളിൽ നിന്നായി 75 വിഭാഗങ്ങളെയാണ് പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ അഞ്ച് വിഭാഗം ഗോത്രവർഗ്ഗങ്ങളെ ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വിഭാഗത്തെ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ നോക്കിയാണ്.

1. ഭൂമി ശാസ്ത്രപരമായ ഒറ്റപ്പെടൽ.
2. സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ.
3. കൃഷിക്കായി ഇപ്പോഴും പരമ്പരാഗത രീതി പിന്തുടരുന്നവർ
4. താഴ്ന്ന ജനസംഖ്യ നിരക്ക്
5. താഴ്ന്ന വിദ്യാഭ്യാസവസ്ഥയും, സാമ്പത്തിക സ്ഥിതിയും.

ചോലനായ്ക്കൻ, കാട്ടുനായിക്കൻ, കാടർ, കുറുമ്പർ, കൊറഗർ എന്നീ വിഭാഗങ്ങളെയാണ് കേരളത്തിൽ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലെ ചുങ്കത്തറ, കരുളായി എന്നീ സംരക്ഷിത വനങ്ങളിൽ താമസിക്കുന്ന പ്രത്യേക ദുർബല ഗോത്രവിഭാഗക്കാരാണ് ചോലനായിക്കൻ. ചുങ്കതറ മേഖലയിൽ അളക്കൽ, അമ്പിളിമല, ഒലിക്കാത്തോട്, മഞ്ചക്കടവ്, പാട്ടക്കരിമ്പ് തുടങ്ങിയ ഇടങ്ങളിലും കരുളായിലെ കരിമ്പുഴ, പാണപ്പുഴ, കുപ്പമല, പൂച്ചപ്പാറ, താളിപ്പുഴ, കോരമ്പുഴ, മീൻമുട്ടി എന്നീ സ്ഥലങ്ങളിലാണ് ഇവർ അധിവസിക്കുന്നത്. 2011 സെൻസ്സ് പ്രകാരം 124 ആണ് ഇവരുടെ ജനസംഖ്യ. ഇതിൽ 72 പേർ പുരുഷന്മാരും 52 പേർ സ്ത്രീകളുമാണ്.

പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽപ്പെട്ട കാട്ടുനായിക്കൻ പ്രധാനമായും അധിവസിക്കുന്നത് വയനാട് ജില്ലയിലെ മേപ്പാടി, മൂട്ടിൽ, പനമരം, തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട, അമ്പലവയൽ, മീനങ്ങാടി, മുള്ളൻകൊല്ലി, നെന്മേനി, നൂൽപ്പുഴ, പൂതാടി, പുൽപ്പള്ളി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, പോത്തുകല്ല്, കരുളായ്, ചോക്കാട്, മൂത്തേടം, അമരമ്പലം, കാളിക്കാവ്, വണ്ടൂർ, പെരിന്തൽമണ്ണ, പാലക്കാട് ജില്ലയിലെ അലനല്ലൂർ, മണ്ണാർക്കാട് എന്നിവിടങ്ങളിലാണ്. തേൻകുറുമ്പൻ / ജേനുകുറുമ്പൻ എന്നീ പേരിലും പട്ടികവർഗ്ഗ ലിസ്റ്റിൽ 37 മതായ് ഉൾപ്പെടുത്തിയ ഗോത്രവിഭാഗമാണിവർ. 2011 സെൻസ്സ് പ്രകാരം 18,199 പേരിൽ 9,039 പേർ പുരുഷന്മാരും, 9,160 സ്ത്രീകളുമാണ്.

കേരളത്തിൽ കാസർഗോഡ് ജില്ലയിൽ താമസിക്കുന്ന പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗമാണ് കൊറഗർ. മധൂർ, കാറഡുക്ക, കുറ്റിക്കോൽ, ബേഡഡുക്ക, ദേലമ്പാടി, പൈവളിഗെ, എൻമകജെ, ബദിയടുക്ക, കുമ്പള, മഞ്ചേശ്വരം, ബൈള്ളൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇവർ കൂടുതലായും അധിവസിക്കുന്നത്. 2011 സെൻസസ് പ്രകാരം 1585 ആണ് ഇവരുടെ ആകെ ജനസംഖ്യ. ഇതിൽ 778 പേർ പുരുഷന്മാരും 804 പേർ സ്ത്രീകളുമാണ്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി മലനിരകളിൽ താമസിച്ചുവരുന്ന ഒരു പ്രത്യേക ദുർബല ഗോത്രവിഭാഗമാണ് കുറുമ്പർ 2011 ലെ സെൻസസ് പ്രകാരം 2,586 ആണ് കുറുമ്പരുടെ ആകെ ജനസംഖ്യ. ഇതിൽ 1302 പുരുഷന്മാരും, 1284 സ്ത്രീകളും ഉൾപ്പെടുന്നു.



ചിത്രം: 34 കുറുമ്പരുടെ ആനവായി സങ്കേതം[xxxv]

കാടർ വിഭാഗം പ്രധാനമായും അധിവസിക്കുന്നത് പാലക്കാട്, തൃശ്ശൂർ ജില്ലകളിലാണ്. പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി, പറമ്പിക്കുളം ഡാം സെറ്റ്, എർത്ത് ഡാം, തേക്കടി, കൽച്ചാടി, ചെറുനീലി, തളിയക്കല്ല് എന്നിവിടങ്ങളിലും തൃശ്ശൂരിലെ മലക്കപ്പാറ, ഷോളയാർ, ആനക്കയം, വാച്ചുമരം, പെരിങ്ങൽക്കുത്ത്, പൊകലപ്പാറ, വാഴച്ചാൽ, ആനപന്തം എന്നിവിടങ്ങളിലാണ് ഇവർ പ്രധാനമായും താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 2949 ആണ് ഇവരുടെ അംഗസംഖ്യ. ഇവരിൽ 1454 പുരുഷന്മാരും 1495 സ്ത്രീകളും ഉൾപ്പെടുന്നു.



ചിത്രം: 35 എം. ആർ.എസ് വിദ്യാർത്ഥികൾ[xxxvi]

**കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര (പി.വി.ടി.ജി) വിഭാഗത്തിൽപ്പെട്ട ഗോത്രവിഭാഗങ്ങളുടെ വിദ്യാഭ്യാസ അവസ്ഥ**

| വിദ്യാഭ്യാസ അവസ്ഥ | ശതമാനം |
|---|---|
| സാക്ഷരൻ | 63.67 |
| എസ്.എസ്.എൽ.സി ക്ക് താഴെ | 51.66 |
| എസ്.എസ്.എൽ.സി | 3.33 |
| പി.ഡി.സി/പ്ലസ് ടു | 1.69 |
| ബിരുദം | 0.16 |
| ബിരുദാനന്തര ബിരുദം | 0.03 |
| ഡിപ്ലോമ സർട്ടിഫിക്കറ്റ് | 0.3 |
| എഞ്ചിനീയറിംഗ് | 0 |
| മെഡിക്കൽ ഡിഗ്രി | 0 |

Source: Scheduled Tribes of Kerala : Report on the Socio-Economic Status 2013 by STDD, GOK

മുകളിലത്തെ ടേബിൾ പരിശോധിച്ചാൽ തന്നെ കേരളത്തിലെ പ്രത്യേക ഗോത്ര വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ മനസ്സിലാക്കാൻ സാധിക്കും. പ്രത്യേക ഗോത്ര വിഭാഗങ്ങളിൽ സാക്ഷരരായിട്ടുള്ളവർ 63.67% ആണ്. അതിൽ തന്നെ പത്താംക്ലാസിന് താഴെ വിദ്യാഭ്യാസമുള്ളവർ 51.66% ആണ്. പത്താം തരം പാസായവർ വെറും 3.33% ഉം പി.ഡി.സി/പ്ലസ് ടു പാസായവർ 1.69 ആണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അവരുടെ പ്രാതിനിധ്യം വളരെ കുറവാണ്. എഞ്ചിനിയറിംഗ്, മെഡിക്കൽ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ അവരുടെ പ്രാധിനിധ്യം തീരെ ഇല്ല.

## പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങൾ

പ്രത്യേക ദുർബല ഗോത്ര സമൂഹത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്കുള്ള പ്രധാന കാരണം അവരുടെ സാമൂഹികവും, സാമ്പത്തികവുമായ മോശം ചുറ്റുപാടുകളാണ്. പ്രത്യേക ദുർബലവിഭാഗത്തിൽപെട്ടവർ പട്ടിണി, ദാരിദ്ര്യം, അജ്ഞത, അനാരോഗ്യം, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അടിമത്വം, ചൂഷണം തുടങ്ങിയ ഒട്ടനവധി പ്രശ്ങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ഇതിനു പുറമെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അവർ അനുഭവിക്കുന്ന പ്രധാന പ്രശ്ങ്ങൾ താഴെ പറയുന്നവയാണ്.

1. ഭാഷാപരമായ പ്രശ്നങ്ങൾ:– ഓരോ ഗോത്ര വർഗ്ഗത്തിനും അവരുടേതായ ഭാഷകൾ ഉണ്ട്. എന്നാൽ ഗോത്രമേഖലകളിലെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ പാഠ്യപദ്ധതികൾ ഉൾപ്പെടുന്നത് മുഖ്യധാര സമൂഹത്തിന്റെ ഭാഷയാണ്. ഓരോ ഗോത്ര വിഭാഗത്തിനും അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകാനുള്ള സാഹചര്യം ഉണ്ടാകണം.
2. ഗ്രാമത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരം വളരെ കൂടുതലാണ്. വേണ്ടത്ര രീതിയിലുള്ള വാഹന സൗകര്യങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നില്ല. കാടിൽ നിന്നും സ്കൂളിലേയ്ക്ക് പോകുന്ന വഴിയിലുള്ള മൃഗശല്യം ഒരു വലിയ പ്രശ്നമായി നിൽക്കുന്നു.
3. ഇന്നത്തെ കാലത്തെ വിദ്യാഭ്യാസം വളരെ ചെലവ് ഏറിയതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാൽ മിക്കവാറും പേർ പഠനം പാതി വഴിയിൽ ഉപേക്ഷിച്ച് മറ്റ് ജോലികൾ തേടി പോകുന്നു.
4. രക്ഷിതാക്കളുടെ മനോഭാവം വിദ്യാഭ്യാസം നേടുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. പ്രത്യേക ദുർബല വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ കാര്യത്തിൽ നിരക്ഷരരായ രക്ഷിതാക്കൾ വലിയ താൽപ്പര്യം കാണിക്കുന്നില്ല.
5. അദ്ധ്യാപകരുടെ അഭാവം മറ്റൊരു പ്രശ്നമായി നിലനിൽക്കുന്നു. വളരെ ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന വിദ്യാലയങ്ങളിൽ ജോലി ചെയ്യാൻ അദ്ധ്യാപകർ താൽപ്പര്യം എടുക്കുന്നില്ല.
6. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗോത്രവർഗ്ഗ മേഖലകളിൽ കുറവാണ്.
7. അതുപോലെ തന്നെ ശരിയായ രിതിയിലുള്ള ഒരു മനോഭാവം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എടുത്താൽ മാത്രമേ പിന്നോക്കം നിൽക്കുന്ന പ്രത്യേക ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഭാവിയിൽ ശരിയായ വിദ്യാഭ്യാസം നൽകാൻ സാധിക്കുകയുള്ളൂ.

## പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ നേരിടുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ

1. സ്കൂൾ പ്രായമെത്തിയ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
2. പ്രാഥമിക വിദ്യാഭ്യാസം കഴിയും വരെയെങ്കിലും സ്കൂളിൽ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുക.
3. സ്കൂൾ പ്രായം കഴിഞ്ഞ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുക.

4. പ്രത്യേക ഗോത്രവിഭാഗങ്ങൾ താമസിക്കുന്ന ഊരുകളുടെ അടുത്ത് തന്നെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുക.
5. വിദ്യാർത്ഥികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.
6. പ്രത്യേക ഗോത്രവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് പഠിക്കാനാവശ്യമായ രീതിയിൽ സിലബസ് ചിട്ടപ്പെടുത്തുക.
7. വർഷാവർഷങ്ങളിൽ ഇവർക്കിടയിൽ ഉണ്ടാകുന്ന വിദ്യാഭ്യാസ മുന്നേറ്റത്തെ കുറിച്ച് വ്യക്തമായ വിവര ശേഖരണം നടത്തുക.
8. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയാനുള്ള നടപടികൾ സ്വീകരിക്കുക.

# I.X വിവര വിനിമയ സാങ്കേതികവിദ്യയും സമൂഹ മാധ്യമങ്ങളും: ഉപയോഗവും ദുരുപയോഗവും

അനീഷ് എം.എസ്

വിവര വിനിമയ സാങ്കേതികവിദ്യ (Information Communication and Techno logy) യെ ഒറ്റവാക്യത്തിൽ നിർവ്വചിക്കുക എന്നത് പ്രയാസമേറിയ ഒരു കാര്യമാണ്. ആധുനിക ആശയ വിനിമയ സംവിധാനങ്ങളായ റ്റി.വി (T.V), റേഡിയോ (Radio), ഇന്റർനെറ്റ് (Internet) എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന നവമാധ്യമങ്ങൾ എല്ലാം ചേരുന്ന ശൃംഖലയെ വിവര വിനിമയ സങ്കേതികവിദ്യ എന്നു പറയാവുന്നതാണ്. ആശയ വിനിമയരംഗത്ത് വിപ്ലവകരമായ മാറ്റമാണ് ഇന്റർനെറ്റിന്റെ കടന്നുവരവോടെ സംഭവിച്ചിരിക്കുന്നത്. നമ്മുടെ ദൈനംദിന ജിവിതം തന്നെ ചുരുങ്ങിയ കാലം കൊണ്ട് വളരെയേറെ മാറിക്കഴിഞ്ഞിരിക്കുന്നു. കമ്പ്യൂട്ടർ (Computer), മൊബൈൽ ഫോൺ (Mobile phone) എന്നിവയിലൂടെ ഇന്റർനെറ്റ് (Internet) മുഖാന്തിരം പ്രചരിക്കുന്ന മുഖപുസ്തകം (Facebook), വാട്സ്ആപ്പ് (WatsApp) ട്വിറ്റർ (Twitter), വെബ്പോർട്ടൽ (Web Portal) തുടങ്ങിയ നവ മാധ്യമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരുലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. സേവന മേഖലയിലും വാണിജ്യമേഖലയിലും കൂടാതെ ആരോഗ്യ വിദ്യാഭ്യാസരംഗത്തും അവ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഒരോ സേവനത്തിനും പ്രത്യേകം നിർമ്മിക്കപ്പെടുന്ന സോഫ്റ്റ്വെയറുകൾ അതിവേഗം മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു എന്നു മാത്രമല്ല അവയുടെ സുതാര്യത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## സമൂഹ മാധ്യമങ്ങൾ

ഇന്റർനെറ്റ് മുഖാന്തിരം കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിച്ച് പ്രയോജനപ്പെടുത്തുന്ന മുഖപുസ്തകം, വാട്സ്ആപ്പ്, ഇൻസ്റ്റാഗ്രം (Instagram) തുടങ്ങിയവ പോലുള്ള എണ്ണമറ്റ ആശയവിനിമയ 'ആപ്പ്' കളെയാണ് സമൂഹമാധ്യമങ്ങൾ എന്ന് വിളിക്കുന്നത്. വിവരസാങ്കേതിക രംഗത്ത് 'സമാന്തര മാധ്യമങ്ങൾ '(Parallel Medias)' എന്ന ഓമന പേരിലാണ് ഇവ അറിയപ്പെടുന്നത്. വാർത്താ വിനിമയ രംഗത്ത് ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾക്കും അച്ചടി മാധ്യമങ്ങൾക്കും ഉണ്ടായിരുന്ന കുത്തക അവസാനിപ്പിച്ചത് സമൂഹമാധ്യമങ്ങളാണ്. മുഖ്യധാര മാധ്യമങ്ങൾ മറച്ചുപിടിക്കുന്നതും അവയിൽ ഇടം കിട്ടാത്തതുമായ വാർത്തകൾ സമൂഹ മാധ്യമങ്ങളിലൂടെ പുറത്ത് വരുന്നു. കൂടാതെ വാർത്തകളെ പ്രശംസിച്ചും വിമർശിച്ചും ഉള്ള ചർച്ചകളും സമൂഹ മാധ്യമങ്ങളിൽ സജീവമാണ്. രാഷ്ട്രീയ പാർട്ടികൾ ജന പിന്തുണ നേടുന്നതിനും മറ്റു പാർട്ടികളെയും നേതാക്കളെയും വിമർശിക്കുന്നതിനും ഇപ്പോൾ കൂടുതലായി ആശ്രയിക്കുന്നത് സമൂഹ



ചിത്രം: 36 വിവിധ സമൂഹമാധ്യമങ്ങൾ

മാധ്യമങ്ങളെ തന്നെയാണ്. ട്രോളുകൾ ഉണ്ടാക്കുന്നതിനു വേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പ്രത്യേക സംവിധാനങ്ങൾ ഉണ്ട്. കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലത്തിലാണ് സമൂഹ മാധ്യമങ്ങൾ ഇത്രയേറെ ശക്തിയാർജ്ജിച്ചത്. വളരെയേറെ സൗകര്യങ്ങൾ ഉള്ള ആൻഡ്രോയിഡ് മൊബൈൽ ഫോണു (Android Mobile Phone) കൾ വിപണിയിലെത്തിയതോടൊപ്പം സമൂഹ മാധ്യമങ്ങളും വളർന്നു. അധികം പണ ചെലവ് ഇല്ലാത്ത ഹൈസ്പീഡ് ഇന്റർനെറ്റ് മൊബൈൽ ഫോണു (High Speed Internet Mobile Phone) കളിൽ കിട്ടാൻ തുടങ്ങിയതോടുകൂടി കാര്യങ്ങൾ കൂടുതൽ സുഗമമായി. ആധുനിക മനുഷ്യന്റെ വ്യക്തി ജീവിതത്തിന്റെ ഭാഗവാക്കായി മാറി കഴിഞ്ഞിരിക്കുന്നു സമൂഹ മാധ്യമങ്ങൾ.

## ഉപയോഗങ്ങൾ

വാർത്താവിനിമയ രംഗത്ത് പരമ്പരാഗത ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങൾക്ക് ഒട്ടേറെ പരിമിധികളുണ്ട്. എന്നാൽ സമൂഹ മാധ്യമങ്ങൾ പരിമിധികൾ കുറവാണ്. സമയപരമിതിയില്ലാതെ ഏതു സമയവും സമൂഹ മാധ്യമങ്ങളിലൂടെ ആശയവിനിമയം നടത്താം. ഏതു തരം വിവരങ്ങളും വളരെ വേഗത്തിൽ ഗ്രൂപ്പുകളിൽ നിന്ന് ഗ്രൂപ്പുകളിലേക്ക് കൈമാറാം.

മാർക്കറ്റിംഗ് ബിസിനസ്സ് മേഖലയുടെ കാര്യം പരിശോധിക്കുമ്പോൾ ഓൺലൈൻ മാർക്കറ്റിങ്ങിനും പർച്ചേഴ്സിനും പ്രത്യേക ആപ്പ്കൾ ഇന്നു പ്രചാരത്തിലുണ്ട്. ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പണമിടപാടുകൾ നടത്തുന്നതിനും അതിലൂടെ എളുപ്പം സാധിക്കുന്നുണ്ട്. കൂടാതെ ഉത്പന്നങ്ങളുടെ ഗുണനിലവാരം (Feedback) അപ്പപ്പോൾ അറിയിക്കുവാനും സാധിക്കും. എല്ലാ ബഹുരാഷ്ട്ര കമ്പനികൾക്കും അവരുടേതായ വെബ്പോർട്ടൽ ഉണ്ട്. ഗുണഭോക്താവുമായുള്ള ബന്ധം (Customer Care Relationship) അവർ അതിലൂടെയാണ് നിലനിർത്തുന്നത്.

സുഹൃദ്ബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിൽ പോലും സമൂഹമാധ്യമങ്ങൾ വിപ്ല വകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്. മുഖപുസ്തകം, വാട്സ്ആപ്പ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ വന്നതിനു ശേഷം കുടുംബങ്ങൾ കേന്ദ്രീകരിച്ചും സുഹൃദ്ബന്ധങ്ങൾ ഒത്തു ചേർന്നും വിവിധ തരം ഗ്രൂപ്പുകൾ ഉണ്ടാക്കുവാനും അതുവഴി ആശയങ്ങൾ വളരെ വേഗ ത്തിൽ കൈമാറുന്നതിനുമൊക്കെ കഴിയുന്നുണ്ട്. കൂട്ടുകുടുംബ സമ്പ്രദായത്തിൽ നിന്ന് അണുകുടുംബമായി മാറിപ്പോയ നമ്മുടെ കുടുംബങ്ങൾക്ക് ലോകത്ത് എവിടെ ഇരുന്നു കൊണ്ടും ബന്ധങ്ങൾ നിലനിർത്തുന്നതിനും ഇത് വളരെയധികം സഹായിക്കുന്നു.

## നവമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഫെയ്സ്ബുക്കിൽ കൂടി പരിചയപ്പെട്ട് സുഹൃത്തുക്കളായി അവസാനം വഞ്ചിതര കാകുന്ന ഒട്ടേറെ സംഭവങ്ങൾ നമുക്ക് ചുറ്റും നടക്കുന്നു. നവമാധ്യമങ്ങളുടെ അശ്രദ്ധമായ ഉപയോഗത്തിലൂടെ മാനസികമായും, ശാരീരികമായും, സാമ്പത്തികമായും തട്ടിപ്പിന് ആളുകൾ ഇരയാക്കപ്പെടുന്നു. ചേർത്തലയിൽ ഫെയ്ബുക്ക് വഴിയുള്ള തട്ടിപ്പിന് അറസ്റ്റി ലായ പ്രതി ഫെയ്സ്ബുക്കിലൂടെ പെൺകുട്ടിയെ കബളിപ്പിക്കുകയും സ്വന്തം താവളത്തിലെ ത്തുകയും വിവാഹ വാഗ്ദാനം നൽകി വഞ്ചിക്കുകയും ചെയ്തകാര്യം ഓർക്കാവുന്നതാണ്.

- അവരവരുടെ വ്യക്തിപരമായി കാര്യങ്ങൾ (ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ തുടങ്ങിയവ) പങ്കുവയ്ക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കുക.
- മറ്റുള്ളവരെ സംബന്ധിച്ചുള്ള കാര്യങ്ങൾ പങ്കുവയ്ക്കുമ്പോൾ വളരെയേറെ ജാഗ്രത പുലർ ത്തുക.
- സുപ്രധാനപ്പെട്ട വ്യക്തി വിവരങ്ങൾ അടങ്ങിയ (ഫോട്ടോ, വിഡിയോ) എന്നിവ അട ങ്ങുന്ന ലാപ്ടോപ്പ്, മൊബൈൽ എന്നിവ അപരിചിതരായ വ്യക്തികൾക്ക് കൈമാറ രുത്.
- നവമാധ്യമങ്ങളിലൂടെയുള്ള വാഗ്ദാനങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുസരിച്ച് നിർ ണ്ണായക തീരുമാനങ്ങൾ കൈക്കൊള്ളാതിരിക്കുക.
- ആപ്ലിക്കേഷനു പുറമേ ഉപകരണങ്ങൾക്കും പാസ്സ് വേഡ് സെറ്റ് ചെയ്യുക. പാസ്സ്വേഡ് മറ്റാർക്കും കൈമാറ്റം ചെയ്യരുത്.
- കുട്ടികൾ അമിതമായി മൊബൈൽ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുമ്പോൾ അവർ ചതിക്കുഴികളിൽ വീഴാതിരിക്കാൻ രക്ഷിതാക്കൾ വേണ്ട മുൻകരുതൽ എടുക്കുക.

## ദുരുപയോഗങ്ങൾ

വിവര സങ്കേതികവിദ്യയുടെ ദുരുപയോഗം നിരുത്സാഹപ്പെടുത്തേണ്ട ഒന്നാണ്. സൈബർ ക്രൈം എന്നു അറിയപ്പെടുന്ന ഒട്ടേറെ കുറ്റകൃത്യങ്ങളാണ് സൈബർ മേഖലയിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് പഠനഭാരം ലഘൂകരിക്കുന്ന ഒട്ടേറെ സംവിധാനങ്ങൾ നവമാധ്യമങ്ങളുടെ സഹായത്താൽ കണ്ടെത്തുവാൻ സാധിക്കുമെങ്കിലും അവയുടെ തെറ്റായ ഉപയോഗം യുവതലമുറയുടെ തകർച്ചയ്ക്ക് കാരണമാകുന്നു. നവമാധ്യമങ്ങളിലൂടെ വഞ്ചിക്കപ്പെടുകയും അപകടത്തിൽപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്നൊരു വാർത്തയല്ല. അത്തരം സംഭവങ്ങൾക്ക് കുട്ടികൾ ഇരയാവാതിരിക്കാൻ മാതാപിതാക്കളും അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള വെബ്ഹാക്കിംഗ് (Web hacking) എ.ടി.എം കൊള്ള (ATM Robbery), മത തീവ്രവാദ പ്രചരണം തുടങ്ങിയവയൊക്കെ സൈബർ കുറ്റകൃത്യങ്ങളാണ്. വാണിജ്യ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിനു വിവര വിനിമയ സങ്കേതികവിദ്യ കാരണമായെങ്കിലും ഓൺലൈൻ തട്ടിപ്പ് അവിടെയും നടക്കുന്നുണ്ട്. പണം നൽകിയിട്ടും വഞ്ചിതരാകുന്ന ഉപഭോക്താക്കൾ ഏറെയാണ്. ഇത്തരത്തിൽ ധാരാളം സൈബർ കുറ്റകൃത്യങ്ങളും മറ്റു അനുബന്ധ കുറ്റകൃത്യങ്ങളും ഇന്ന് നടക്കുന്നുണ്ട്.

സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വാർത്ത പ്രചരിപ്പിക്കുന്നത് തടയാനും വ്യക്തിഹത്യ നടത്തുന്നത് നിരുൽസാഹപ്പെടുത്താനും ഒട്ടേറെ നിയമങ്ങൾ ഇന്ന് നിലവിലുണ്ട്. എന്നിരുന്നാലും സമൂഹമാധ്യമങ്ങളിലൂടെ വ്യാജ വീഡിയോകൾ പ്രചരിക്കുന്നതും തെറ്റായ വാർത്തകൾ നൽകുന്നതും നിത്യ സംഭവങ്ങളാണ്. യുവജനങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ തമാശരൂപേണ കാണിക്കുന്ന പല പ്രവൃത്തികളും ഗൗരവതരമായ സൈബർ കുറ്റകൃത്യങ്ങളാണ്. ഇത്തരം പ്രവൃത്തികൾക്ക് ഇരയാകുന്നവർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും ധാരാളമായി നടക്കുന്നുണ്ട്. സമൂഹ മാധ്യമങ്ങൾക്കു വേണ്ടി പാഴാക്കുന്ന സമയം വളരെ കൂടുതലാണ്. സമൂഹമാധ്യമത്തിന് അടിമപെടൽ (Social Media Addiction) എന്നൊരു പ്രവണത പ്രായഭേദമന്യേ എല്ലാവരിലും കാണുന്നുണ്ട്. ചതിക്കുഴികളിൽ വീഴുന്ന കുട്ടികൾ മാത്രമല്ല എന്നതു ശ്രദ്ധേയം. ആയതിനാൽ ചതിക്കുഴികളിൽ വീഴാതെ ശരിയായ രീതിയിൽ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുവാനും പ്രയോജനപ്പെടുത്താനും നാം ശ്രദ്ധിക്കണം. ഇത്തരം കുറ്റകൃത്യങ്ങൾ ഇരയാവാതിരിക്കാൻ പ്രത്യേക സങ്കേതിക പരിജ്ഞാനം ആവശ്യമാണ്. ചൂഷണത്തിനു വിധേയരാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്. കൂടാതെ സൈബർ നിയമങ്ങളെകുറിച്ചും അവയുമായി ബന്ധപ്പെട്ടിട്ടുള്ള ശിക്ഷ നിയമത്തെകുറിച്ചും സാമാന്യം അവബോധം നാം നേടിയിരിക്കണം.

സൈബർ നിയമപ്രകാരം കുറ്റകരമാകാവുന്ന ചില പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- സമൂഹ മാധ്യമങ്ങളിലൂടെ മറ്റൊരാളെ അപകീർത്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി വ്യാജസന്ദേശങ്ങൾ പ്രചരിപ്പിക്കുക.
- മറ്റൊരാളുടെ വ്യക്തിത്വം (Identity) ഉപയോഗിച്ച് സന്ദേശങ്ങളും അഭിപ്രായങ്ങളും കൈമാറുക.
- വ്യക്തികളുടെയോ സ്ഥാപനങ്ങളുടേയോ Website ചോർത്തി വിവരങ്ങൾ ചോർത്തുക.
- Internet ലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും അശ്ലീല ചിത്രങ്ങളും വീഡിയോകളും പ്രചരിപ്പിക്കുക.
- നവമാധ്യമങ്ങളിലൂടെ വാഗ്ദാനങ്ങളും മറ്റും കൈമാറി പണം തട്ടുക.
- മറ്റൊരാളുടെ Bank Account വിശദാംശങ്ങൾ ചോർത്തി സാമ്പത്തിക തട്ടിപ്പ് നടത്തുക.
- നവമാധ്യമങ്ങളിലൂടെ വാഗ്ദാനങ്ങളും മറ്റും നൽകി ചതിയിൽപ്പെടുത്തി പീഡിപ്പിക്കുക.

# ഭാഗം

# II

# II.I പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും പദ്ധതികളും

പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത് പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു. സവിശേഷ സാമൂഹിക സാംസ്കാരിക ചുറ്റുപാടിൽ അധിവസിക്കുന്ന ജനവിഭാഗമായതിനാൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരുടെ ചുറ്റുപാടും ജീവിത സാഹചര്യങ്ങളും കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും ആവശ്യം വേണ്ട ഭൗതീക സാമ്പത്തിക വികാസത്തിനും അവരുടെ തനതു സംസ്കാരത്തിനും ഇണങ്ങുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി 1975 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഏഴ് പട്ടികവർഗ്ഗ സംയോജക വികസന പ്രൊജക്ട് ഓഫീസുകളും, പത്ത് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഈ ഓഫീസുകളുടെ കീഴിൽ വിവിധ ജില്ലകളിലായി 53 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന പദ്ധതികളെക്കുറിച്ചുള്ള അറിവ് പട്ടികവർഗ്ഗ ജനവിഭാഗത്തിലേക്ക് എത്തിക്കുന്നതിനുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുന്നതിന് 1182 പ്രൊമോട്ടർമാരും പട്ടികവർഗ്ഗ വികസന വകുപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തെ വികാസ് ഭവനിലാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും വിവിധ മേഖലകളിലുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

## I. വിദ്യാഭ്യാസ പരിപാടികൾ

### 1. പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യായന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| എൽ.പി വിഭാഗം | ലപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|
| 1. എൽ.പി വിഭാഗം<br>I മുതൽ IV വരെ | 320/ | 130/ |
| 2. യു.പി വിഭാഗം<br>V മുതൽ VII വരെ | 630/ | 160 |
| 3. ഹൈസ്കൂൾ വിഭാഗം | 940/ | 190/ |

(ഒരു ക്ലാസ്സിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന്റെ 50% നൽകുന്നു)

## 2. പോസ്റ്റ്മെട്രിക് പഠനം

പത്താം ക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകുന്നത്.

| | | പ്രതിമാസ സ്റ്റൈപ്പന്റ് | |
|---|---|---|---|
| കോഴ്സ് | ലംപ്സം ഗ്രാന്റ് | 8 കിലോ മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 8 കിലോമീറ്ററിന് പുറത്ത് താമസിക്കുന്നവർക്ക് |
| Plustwo/<br>Vocational H.S<br>തത്തുല്യം | 1130/ | 630/ | 750/ |
| BA/B.Sc/B.com/<br>Bed തത്തുല്യം | 1190/ | 630/ | 750/ |
| MA/M.Sc/M.com<br>തത്തുല്യം | 1570/ | 630/ | 750/ |
| Engineering/<br>Veterinary<br>Agricultural<br>മുതലായവ | 1800 to 2250/ | 630/ | 750/ |
| MBBS/MS/Md | 3130/ | 630/ | 750/ |

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ–ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

പ്രതിമാസ പോക്കറ്റ് മണി നിരക്ക് മെഡിക്കൽ, എഞ്ചിനിയറിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് 190/ രൂപ മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 130/– രൂപ.

## 3. നഴ്സറി സ്ക്കൂളുകൾ

പ്രീ–പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്ക്കൂളുകൾ പ്രവർത്തിച്ച് വരുന്നു. ഈ നഴ്സറി സ്ക്കൂളുകൾ 1995–96 ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്ക്കൂൾ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുമുള്ള ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്.

| | |
|---|---|
| കുട്ടികൾക്കുള്ള ലംപ്സംഗ്രാന്റ് | 190/ രൂപ |
| പ്രതിദിനം ഒരു കുട്ടികൾക്കുള്ള ഭക്ഷണ ചെലവ് | 190/ രൂപ |

## 4. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 58 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും 2 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരചെലവുകൾക്ക് അനുവദനീയമായ പ്രതിമാസ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1–ാം ക്ലാസ് മുതൽ 10–ാം ക്ലാസുവരെയുള്ളവർക്ക് | 3000/ രൂപ |
| +1, +2 ക്ലാസുകളിൽ പഠിക്കുന്നവർക്ക് | 3450/ രൂപ |




ചിത്രം 37: പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിട ഉത്ഘാടനം നിർവ്വഹിക്കുന്ന ബഹു. കേരള പട്ടിക ജാതി പട്ടിക വർഗ്ഗ പിന്നാക്ക ക്ഷേമ, നിയമം, സാംസ്കാരികം, പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

## 5. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ +2 ക്ലാസ്സിനു മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്. അഞ്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## 6. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്. കൾ. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 18 എം.ആർ.എസ് സ്കൂളുകളും തിരുവനന്തപുരം ഞാറനീലി, കുറ്റിച്ചൽ എന്നിവിടങ്ങളിൽ രണ്ട് സി.ബി.എസ്.ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 20 സ്ഥാപങ്ങളിലായി 5769 കുട്ടികൾ പഠിച്ചുവരുന്നു. ഇവയിൽ 1990–91 ആരംഭിച്ച കട്ടേല, നല്ലൂർനാട് എം.ആർ.എസ് കൾ കൂടാതെ കാസർഗോഡ്, കണ്ണൂർ, ചാലക്കുടി, മൂന്നാർ, വടശേരിക്കര, നൂൽപ്പുഴ, കൽപ്പറ്റ, നിലമ്പൂർ, ഞാറനീലി (സി.ബി.എസ്.ഇ) എന്നീ സ്കൂളുകൾ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളാണ്. തിരുനെല്ലി, പൂക്കോട്, ഇടുക്കി, ഏറ്റുമാനൂർ, കുളത്തൂപ്പുഴ എന്നീ മോഡൽ

റസിഡൻഷ്യൽ സ്കൂളുകളിൽ പത്താം ക്ലാസ്സുവരെയും കുറ്റിച്ചൽ (സി.ബി.എസ്.ഇ) ജി.കെ.എം.ആർ.എസ് ൽ മൂന്നാം ക്ലാസ്സുവരെയും ആശ്രമം സ്കൂൾ, കാസർഗോഡ് (കൊറഗ) ഒന്നാം ക്ലാസ്സുവരെയും കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. മലപ്പുറം (നിലമ്പൂർ) വയനാട് (നൂൽപ്പുഴ), പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ക്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. തിരുനെല്ലി യിൽ (വയനാട്) പ്രവർത്തിക്കുന്ന എം.ആർ.എസ് അടിയാൻ/പണിയൻ/ വിഭാഗ ക്കാർക്കും 2017- ൽ കാസർഗോഡ് പ്രവർത്തനം ആരംഭിച്ച ആശ്രമം സ്കൂളിൽ കൊറഗ വിഭാഗക്കാർക്കും പ്രത്യേക പ്രവേശനം നൽകിവരുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈററിയുടെ നിയന്ത്രണത്തിലാണ് എം.ആർ.എസ് കൾ പ്രവർത്തിക്കുന്നത്.

സ്ക്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100% കേന്ദ്രസഹായം ലഭിക്കുന്ന വയെ എം.ആർ.എസ് കൾ എന്നും 50% കേന്ദ്രസഹായം ലഭിക്കുന്നവയെ ആശ്രമം സ്കൂളുകളെന്നും കേന്ദ്ര സർക്കാർ തരംതിരിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 275(1) ൽ ഉൾപ്പെടു ത്തി 100% കേന്ദ്ര സഹായം ലഭിച്ചിട്ടുള്ള 3 എം.ആർ.എസ്. കൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസ് സ്കൂളുകളിലും, ഞാറനീലി സി.ബി.എസ്.ഇ സ്ക്കൂളിലും പ്രവേശനം ലഭി ക്കുന്ന എല്ലാ കുട്ടികൾക്കും, താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

ഡിസംബർ/ജനുവരി മാസങ്ങളിൽ എം.ആർ.എസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷകളുടെ അടിസ്ഥാനത്തിലാണ് അർഹരായ അപേക്ഷ കരിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. എം.ആർ.എസ് പ്രവേശനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരു മാനപരിധി 1,00,000/ രൂപയാണ്. ജില്ലകളിലെ ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ/ പട്ടികവർഗ്ഗ വികസന ആഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്.

| | |
|---|---|
| 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസുവരെയുള്ളവർക്ക് | 3000/ രൂപ |
| +1,+2 ക്ലാസുകളിൽ പഠിക്കുന്നവർക്ക് | 3000/ രൂപ |

## 7. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

എൻ.സി.വി.ടി യുടെ അംഗീകാരമുള്ള കോഴ്സുകളിൽ വൊക്കേഷണൽ ട്രെയി നിംഗ് നൽകുന്നതിനാണ് ഈ പദ്ധതി. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നെടുമ ങ്ങാട് കുട്ടമലയിലും ഇടുക്കിയിലും ഓരോ ഐ.ടി.സി.ഐ കൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ മൂന്ന് ട്രേഡുകൾക്ക് എൻ.സി.വി.ടി അംഗീകാരമുണ്ട്.

## 8. ഉൽപ്പാദന പരിശീലന കേന്ദ്രം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ ഒരു ഉൽപ്പാദന പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

## 9. വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി, തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്ന 13 മാതൃക പരിശീലന കേന്ദ്രങ്ങളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

## 10.ഗോത്രസാരഥി

14 വയസ്സുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ല. സ്വന്തം ഊരുകളിൽ നിന്ന് സ്ക്കൂളുകളിൽ പോയിവരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്ക്കൂൾ പി.ടി.എ യുടെയും സ്ക്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ സൗകര്യം ചെയ്തുകൊടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. വീട്ടിൽ നിന്നും സ്ക്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ജീപ്പ്/വാൻ) വകുപ്പ് നൽകുന്ന പദ്ധതിയാണിത്. 2013–14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കുന്നു.

## 11. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5–ാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്ക്കൂളുകളിലും നാലാം ക്ലാസിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു വരുന്നു. ഇവർക്ക് 10–ാം ക്ലാസ്സുവരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. ടി പദ്ധതിയിൽ പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികൾകളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/ രൂപയും 6 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥികൾക്കും 4,900/ രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് 5–ാം ക്ലാസ്സിലേക്ക് തെരഞ്ഞെടുക്കുന്നത്.

## 12. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്രദമാണ്. 11-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾക്ക് നേരിട്ട് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാന പരീക്ഷയ്ക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈപദ്ധതിയുടെ ലക്ഷ്യമാണ്.

ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ

1. ഹൈസ്ക്കൂളുകളിലെയും, 11,12 ക്ലാസുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷന് ഫീസ് നൽകുക.
2. എസ്.എസ്.എൽ.സി, +2 എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ കുട്ടികൾക്ക് തോറ്റവിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.
3. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുല പരിപാടി, പാലക്കാട് നെഹ്റു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
4. പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട്ടൈം ട്യൂട്ടർമാരുടെ ഓണറേറ്റിയം നൽകുക.

## 13. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്ക്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ട് ജോഡി യൂണിഫോം നൽകിവരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/ രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

## 14. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ ഏഴ് ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

| ഇനം | ക്ലാസ്സ് | നിരക്ക് |
| --- | --- | --- |
| ബോർഡിംഗ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/ |
| ഗ്രാന്റ് | +1, +2 വിദ്യാർത്ഥികൾക്ക് | 800/ |
| യൂണിഫോം | 1 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്ക് | 500/ |
| അലവൻസ് | 10 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/ |

## 15. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക് കലാ–കായിക മൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4000/, 3000/ രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/, 6000/ രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകിവരുന്നു.

## 16. ഭാരത ദർശൻ സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരത ദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രക്കുവേണ്ടിയുള്ള സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു.

## 17. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്ക്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/ രൂപ നിരക്കിൽ 10 മാസത്തേക്ക് 500/ രൂപ പ്രോത്സാഹന ധനസഹായം നൽകിവരുന്നു. ഓരോ അദ്ധ്യായന വർഷം ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നു.

## 18. പെരിപെറ്ററ്റിക് സ്ഥാപനങ്ങൾ (പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വിദ്യാഭ്യാസം)

പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്.




ചിത്രം: 38 കിർടാഡ്സ് വകുപ്പിൽ വെച്ച് നടത്തിയ പെരിപറ്റാറ്റിക് അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി

ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം ഉണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 2005–06 ൽ പര്യടന വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. വകുപ്പിന് കീഴിൽ 29 ഏകാദ്ധ്യാപന സ്കൂളുകളും അഞ്ച് ബാലവിജ്ഞാന കേന്ദ്രങ്ങളും പര്യടന വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## II. ആരോഗ്യം

### 1. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ (ആശുപത്രി വഴിയുള്ള മെഡിക്കൽ സഹായം)

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയാണിത്. 2007–08 മുതലാണ് പദ്ധതി നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും,

സർക്കാർ മെഡിക്കൽ കോളേജുകളിലും , പരിയാരം, സഹകരണ മെഡിക്കൽ കോളേജിലും, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീ ചിത്രാ മെഡിക്കൽ സയൻസ്, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10,000/ രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000/ രൂപക്ക് മുകളിൽ ചികിത്സാചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകളിൽ 10,000/ രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും, 50,000/ രൂപ വരെ ആശുപത്രി വികസന സമിതിയും, 50,000/ രൂപയ്ക്ക് മുകളിൽ വരുന്ന ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ആശുപത്രികൾക്ക് ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർ വഴി വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്രണ്ടുമാർക്ക് അനുവദിക്കുന്നു.

## 2.അരിവാൾ രോഗത്തിനുള്ള ധനസഹായം

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അരിവാൾ രോഗം. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2500/ രൂപ വീതം ധനസഹായം നൽകി വരുന്നു. ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്.

## 3.ജനനി–ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിൽ അമ്മയുടെയും കുട്ടിയുടെയും പോഷകാഹാര ലഭ്യത ആരോഗ്യ രംഗത്തെ പ്രധാന പ്രശ്നമാണ്. ആവശ്യസമയത്ത് സാമ്പത്തിക സഹായം ലഭിച്ചാലെ പ്രസവത്തിന് മുമ്പും പിമ്പും അവർക്ക് വേണ്ടത്ര പരിചരണം ഉണ്ടാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി–ജന്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള മൂന്ന് മാസം മുതൽ കുട്ടിക്ക് ഒരു വയസാകുന്നതുവരെയുള്ള 18 മാസക്കാലം 1,000/ രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകി വരുന്നു. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയാണ് ധനസഹായം നൽകി വരുന്നത്.

## 4.പട്ടികവർഗ്ഗ ദുരിതാശ്വാശനിധി

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1,00,000/ രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്ക രോഗം, ഹൃദയശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് ഒരു ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/ രൂപവരെയും ധനസഹായം അനുവദിച്ചുവരുന്നു. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000/ രൂപ വരെ ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. അസുഖങ്ങളെക്കൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് ഒരു ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശ പ്രകാരം ധനസഹായം നൽകിവരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷക മൂല്യങ്ങളുള്ള ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ, അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.




ചിത്രം: 39 സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്

### 5. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, തൊടുപുഴ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉണ്ട്.

### 6. ആരോഗ്യപദ്ധതികൾ

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾ സെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989–90 ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നിലവിൽ അട്ടപ്പാടി, ഇടുക്കി എന്നിവിടങ്ങളിൽ രണ്ട് ഒ.പി ക്ലിനിക്കുകളും ക്ലിനിക്കും, ചാലക്കുടി പട്ടികവർഗ്ഗ വികസന ആഫീസറുടെ കീഴിൽ ഒരു ഒ.പി. ക്ലിനിക്കും പ്രവർത്തിക്കുന്നു. ഈ പ്രൊജക്ട്കൾ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലാണ്.

### 7. വൈദ്യസഹായ ഘടകങ്ങൾ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നാല് മിഡ്‌വൈഫറി സെന്ററുകളും, ഒരു ആയുർവ്വേദാശുപത്രിയും, 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

## III. സാമൂഹ്യ–സാമ്പത്തിക ഉന്നമന പദ്ധതികൾ

### 1. അടിയാൻ, പണിയാൻ, അതീവ ദുർബല ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്

മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങളെ അപേക്ഷിച്ച് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള അടിയാൻ, പണിയൻ, അതീവ ദുർബല ഗോത്രവർഗ്ഗക്കാർ എന്നിവരുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർക്ക് വിദ്യാഭ്യാസപരവും സാമ്പത്തികവുമായി മുന്നേറാൻ ഈ പദ്ധതികൾ സഹായിക്കുന്നു. ഈ വിഭാഗക്കാരുടെ ആരോഗ്യ പരിപാലത്തിനും പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ മൂന്ന് അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു. വനത്തിനുള്ളിലോ, പരിസര പ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യപരിരക്ഷ ഉറപ്പാക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

### 2. ഭക്ഷ്യ സഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗക്കാർക്ക് പുറത്തുപോയി സാധാരണ ചെയ്യുന്ന ജോലി ചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നത് മൂലം മൺസൂൺകാലത്ത് പട്ടി

ണിയും കഷ്ടപ്പാടും വർദ്ധിക്കുന്നു. ഈ കാലയളവിൽ ഗോത്ര ജനതയ്ക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. പ്രധാനമായും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള നാല് മാസങ്ങളിലാണ് ഊരുകൂട്ടങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടി ദേവികുളം ഗിരിജന സർവ്വീസ് സംഘം മുഖേന വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകിവരുന്നത്.

## 3. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ, സ്വന്തമായി വരുമാനം ഉണ്ടാകുന്നതു വരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്ത് കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/– രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചുവരുന്നു.

## 4. പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസന വകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് 01/03/2008 ലെ 1385/എ1/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പൊതു വിദ്യാഭ്യാസം, സാമൂഹ്യ നീതി, കല, സംസ്കാരം, കായിക വിനോദവും യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ വികസനത്തിന് മുൻഗണന നൽകേണ്ട വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണന നൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്രദമാണെന്ന് സംസ്ഥാന/ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

## 5. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി (പുതുക്കിയ എ.റ്റി.എസ്.പി. പദ്ധതി)

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനമാണ് ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. അടിയന്തിരമായി നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സാമ്പത്തിക വികസന പദ്ധതികൾ വനിതകൾക്കും

കുട്ടികൾക്കുമായുള്ള അടിസ്ഥാന ആവശ്യങ്ങൾ പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 6. ഗോത്ര സംസ്കൃതി (കേരള സംസ്ഥാന ട്രൈബൽ അബോഡ് കോംപ്ലക്സ്)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമ സൗകര്യവും ഒരുക്കാൻ കൊച്ചി നഗരത്തിൽ 1.18 ഏക്കർ സ്ഥലത്ത് 2229 ച.കി.മി വിസ്തൃതിയിൽ 3 നിലകളിലായി ട്രൈബൽ കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്.

## 7. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹ ധനസഹായം 50,000/ രൂപ നിരക്കിലാണ് നൽകി വരുന്നത്. വിവാഹ തീയതിക്ക് ഒരു മാസത്തിന് മുമ്പെ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിനു ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ ഉത്തരവിൽ പ്രകാരം അനുവദിച്ചു നൽകുന്നു.

## 8. ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ്, പ്രോജക്റ്റാധിഷ്ഠിത സമീപനം ഉൾക്കൊണ്ട്, സ്വയം തൊഴിൽ, വൈദഗ്ദ്ധ്യ വികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ വിനിമയ സൗകര്യം, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ എന്നിവ ഈ പദ്ധതി ലക്ഷ്യം വെക്കുന്നു.

## 9. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പട്ടികവർഗ്ഗ വികസന വകുപ്പും മറ്റും വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാ

നത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിന് മേൽ പറഞ്ഞ പ്രൊമോട്ടർമാരിൽ നിന്നും ആവശ്യമായ ഹെൽത്ത് പ്രൊമോട്ടർമാരെയും പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 9625/ രൂപ ഹോണറേറിയവും, യാത്രച്ചെലവും ഉൾപ്പെടെ നൽകിവരുന്നു.

## 10. ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിനും ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ, നിർവ്വഹണത്തിനും മോണിറ്ററിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. ഊരുക്കൂട്ടങ്ങൾ നാല് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. ഓരോ ഊരുക്കൂട്ടയോഗങ്ങൾ ചേരുന്നതിന്റെ ചെലവിലേക്കായി 2500 രൂപ വീതം അനുവദിച്ചുവരുന്നു.

## 11. പ്രത്യേക കേന്ദ്രസഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, പരിശീലന പരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാന ജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

## 12. ഭവനരഹിതർക്ക് ഭവനം

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്. എസ്റ്റിമേറ്റ് അനുസരിച്ചാണ് പദ്ധതിക്ക് തുക നൽകുന്നത്.

## 13. വീടുകളുടെ അറ്റകുറ്റപ്പണികൾ

2008 ലെ ബേസ്‌ലൈൻ സർവ്വേയിൽ 55% പട്ടികവർഗ്ഗ ഭവനങ്ങൾ തകർന്നതായും 44% വീടുകൾ അടുക്കള ഇല്ലാത്തതുമാണെന്ന് കണ്ടെത്തി. 51% വീടുകൾ സ്ഥല സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ആയതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിനും അധിക മുറികൾ നിർമ്മിക്കുന്നതിനും തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണത്തിനും പദ്ധതി ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ പ്രകാരം നിലവിൽ അനുവദിച്ചു നൽകി വരുന്നു.

## 14. പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം മാനന്തവാടിയിലെ പ്രിയദർശിനി തേയില തോട്ടത്തിന് കാർഷിക വൃത്തിക്കുള്ള ധനസഹായം, വയനാട് ജില്ലയിൽ അംബേദ്ക്കർ സ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന് തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിനുള്ള ധന സഹായം, അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്കുള്ള ധനസഹായം, അട്ടപ്പാടിയിലെ ചിണ്ടക്കി സ്കൂൾ, ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനാവശ്യമായ ധനസഹായം, പട്ടികവർഗ്ഗ മേഖലയിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന പ്രവർത്തന ധനസഹായം എന്നിവ ഈ പദ്ധതിയിൽ വരുന്നു.

## 15. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ

വിദ്യാഭ്യാസം, വരുമാന ദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലകളിലുള്ള മാനവശേഷി വികസനം, സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പരിപാലനം, കായിക വികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. ടി പദ്ധതി കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് നടപ്പിലാക്കുന്നത്.

## 16. ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം

അംഗീകൃത വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, രണ്ട് ജോഡി യൂണിഫോമുകളുടെ ചിലവ് എന്നിവ നൽകുന്നു.

## 17 ഇൻഫൊർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പരിപാടികൾ, നാടൻ കലോൽസവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രദർശന വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ. വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ്ഗ ഉപദേശക സമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ നൽകൽ, സർഗ്ഗോൽസവം, കളിക്കളം പരിപാടികൾ എം.ആർ.എസ്.കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 18. പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം

പ്രതിബദ്ധ സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം,

മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസ്സിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയനാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർ ധാരാളമുള്ള മറ്റ് ജില്ലകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## 19. പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ചെറുകിട വനവിഭവങ്ങളുടെ ശേഖരവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം നൽകാറുണ്ട്. ധനസഹായം, ഓഹരി മൂലധനം, നിക്ഷേപം, ചെറുകിട വനവിഭവ ഉൾപ്പന്നങ്ങളുടെ ശേഖരണം, ഗോഡൗൺ, വെയർഹൗസ് എന്നിവയുടെ നിർമ്മാണം മുതലായ ഘടകങ്ങൾക്കായാണ് നൽകുന്നത്.

## 20. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമന പരിപാടികൾ നടപ്പിലാ ക്കുന്നതിന് കേന്ദ്ര സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്നു.

## 21. ഗിരിവർഗ്ഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

വളരെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ള സ്ക്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20% കൂടുതൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളുകളിലും പട്ടികവർഗ്ഗ മേഖലകളിലും ആശുപത്രി കളിലെയും പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിമൂലം സാധിക്കുന്നു.

## 22. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിൽ 18560 കുടുംബങ്ങ ളിലായി അധിവസിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥി രവരുമാനം ഉണ്ടാക്കി കൊടുക്കുക. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. വന്യമൃ ഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക. ആരോഗ്യ പരിരക്ഷ നൽകുക ഇവരുടെ പ്രാ ദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക എന്നീ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി വനം വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമാ യിട്ടാണ് നടപ്പാക്കുന്നത്.

## 1. ആദിവാസി പുനരധിവാസ വികസനമിഷൻ (ടി.ആർ.ഡി.എം)

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപീകരിച്ചിട്ടുണ്ട്.

1. ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനം
2. ജലസേചനവും കൃഷിയും ഉൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ
3. സ്വയംതൊഴിൽ പദ്ധതികൾ
4. മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, അംഗൻവാടി, കമ്മ്യൂണിറ്റിഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാനപദ്ധതികളാണ്. വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലും തദ്ദേശ സ്വയംഭരണം വകുപ്പുകളുടെയും ഏകോപനത്തോടെ വികസന പദ്ധതികൾ പുരോഗമിച്ചുവരുന്നു.

1. ഇടമലക്കുടി പാക്കേജ്

2010 നവംബർ 1–ാം തീയതി രൂപീകൃതമായ ഇടമലക്കുടി കേരളത്തിലെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്താണ്. പുതുക്കുടി എന്ന സൊസൈറ്റിക്കുടി ആസ്ഥാനമായ ഈ ഗ്രാമപഞ്ചായത്തിൽ 28 കുടികളിലായി 621 കുടുംബങ്ങൾ അധിവസിച്ചുവരുന്നു. ഇടമലക്കുടി സമഗ്ര വികസനത്തിനായി 10.35 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടം തുക 4.33 കോടി രൂപ പദ്ധതി നിർവ്വഹണ വകുപ്പായ വനം വകുപ്പിനെ ഏൽപ്പിക്കുകയുമുണ്ടായി.

2. ഗിരിവർഗ പദ്ധതി മോണിട്ടർ ചെയ്യുന്നതിനും ഭരണം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനിക സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും, ഇന്റർനെറ്റ്/ഇ–മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹനങ്ങൾ

റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങു ന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

3. ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാചെലവ്

സംസ്ഥാനജില്ലാ പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങൾക്ക് ഉപദേശകസ മിതി യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവ് നൽകുന്ന പദ്ധതി.

4. കടം എഴുതി തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വിക സനകോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടു ള്ളതും, 01/04/2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി സർക്കാർ ഉത്തരവ് (എ) നമ്പർ 71/2015ജ, പവ.വിവ. തീയതി 01/10/2015 പ്രകാരം അനുവദിച്ചു വരുന്നു. ആയതിൻപ്രകാരം 3022 ഗുണഭോക്താ ക്കൾക്കായി 8,45,89,698 രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

5. ഹഡ്കോ ഭവനനിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ 5000 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പ എടുക്കു ന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 101/13/പജ.പവ.വിവ തീയതി 12/12/2013 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോ യിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തൊ ട്ടാകെ 2000 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുകയും ചെയ്യുന്നു.

6. എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2015–16 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 9362 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളി ലായി പുരോഗമിച്ചുവരുകയും ചെയ്യുന്നു.

7. കമ്മ്യൂണിറ്റി കിച്ചൻ

പോഷകഹാര കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ പട്ടിക വർഗ്ഗ വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് മുഖേന കുടുംബശ്രീ വഴി ഭക്ഷണം പാകം

ചെയ്ത് നൽകുന്ന പദ്ധതി. ടി പദ്ധതി മലപ്പുറം, കാസർഗോഡ്, വയനാട് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി.

9. വംശീയ വൈദ്യന്മാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്ക് 10,000/ രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതി വഴി നൽകുന്നു. കിർടാഡ്സിന്റെ സഹായത്തോടെ വൈദ്യന്മാരെ തെരഞ്ഞെടുക്കുകയും തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നു.

10. ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം.ബി.ബി.എസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്. ബി.എ.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്. ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

11. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗത്തിനുവേണ്ടി സ്വയംതൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 60% ത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

12. വനബന്ധു കല്യാൺ യോജന

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യമന്ത്രാലയം തുടങ്ങിയ പദ്ധതിയാണ്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സമ്പൂർണ്ണ ഭവനം, ആരോഗ്യം, വൈദ്യുതീകരണം, ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽക്കൽ ലഭ്യമാക്കുക, ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക, പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക,

പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക, സ്ഥലത്തിന് അനുയോജ്യമായ റോഡ്, പട്ടികവർഗ്ഗക്കാരുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണം പ്രോത്സാഹനം എന്നിവ ആണ് പ്രധാന പ്രവർത്തന മേഖല.

13. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തന സമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വെ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് സമാഹരിക്കുന്ന പഠനകേന്ദ്രം. കിർടാഡ്സ് വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.

14. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ കാളൻ കുടുബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തയ്യാറാക്കുന്ന മൈക്രോപ്ലാൻ അതാത് ജില്ലാകലക്ടറുടെ അംഗീകാരം തേടേണ്ടതാണ്.

15. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി (ഗോത്ര വാത്സല്യ നിധി)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക, കൊഴിഞ്ഞുപോകുന്നത് തടയുക എന്നീ കാര്യങ്ങൾക്ക് വേണ്ടി ഒരു ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ഇൻഷ്വർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾ 10-ാം ക്ലാസ്സ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നത്. ഇൻഷ്വറൻസ് തുക ജീവിത നിലനിൽപ്പിനായോ ഉന്നത വിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാവുന്നതാണ്.

സർക്കാർ ഉത്തരവിലെ മാനദണ്ഡം അനുസരിച്ച് 01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളെ 1-ാം ഘട്ടമായി ഇൻഷ്വർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2-ാംഘട്ടമായി ഇൻഷ്വർ ചെയ്യുന്നതിന് നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്.

16. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടിടിസി/ബിഎഡ് യോഗ്യതയുള്ള പ്രദേശത്തെ യുവവിദ്യാ സമ്പന്നരെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടേയും മലയാള ഭാഷയുടേയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകരായോ പ്രവർത്തിക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. ഗോത്രവിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും 100% ആദിവാസി കുട്ടികൾക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്ന ഉപദേശ കരായോ സോഷ്യൽ വർക്കറായോ ടി അദ്ധ്യാപകൻ/അദ്ധ്യാപിക പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റേയും വിദ്യാർത്ഥികളുടേയും ഇടയിൽ മുഖ്യകണ്ണിയായി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി വയനാട് ജില്ലയിൽ ആരംഭിച്ചു. വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർ മാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

17. സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരങ്ങൾ മെച്ചപ്പെടുത്തുന്ന തിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനസൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുന്നത്. അതിന് സങ്കേതങ്ങളിലെ കമ്മ്യൂണിറ്റി ഹാളോ, മറ്റ് സമാന ഇടങ്ങളോ കണ്ടെത്തുന്നതാണ്. സങ്കേതങ്ങളിലെ അഭ്യസ്തവിദ്യ രായ യുവതീ യുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക, പഠന സാമഗ്രി കൾ വിതരണം, ലഘുഭക്ഷണം നൽകൽ എന്നിവയും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുക എന്നിവയുമാണ് ഈ പദ്ധതി യിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇവിടെ ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 15,000/ രൂപ ഹോണറേറിയം ലഭിക്കുന്നതാണ്. അഭ്യസ്ത വിദ്യരായ യുവതീ യുവാക്ക ളുടെ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി വഴി സാധിക്കും.

18. അംബേദ്ക്കർ സെറ്റിൽമെന്റ് വികസനപദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാ രുടെ സമഗ്ര വികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അടിയന്തിരമായി നടപ്പാ ക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിത കൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാന ആവശ്യങ്ങൾ, പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

19. ആറളം സമഗ്ര പാക്കേജ്

കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായത്തോടെ 60.75 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

# II.II കിർടാഡ്സ് – ഒരു ആമുഖം

കേരളസംസ്ഥാനത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ, പരിശീലന, വികസന–വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന കേരള സർക്കാറിന്റെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള വകുപ്പാണ് **'കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ്' (കിർടാഡ്സ്)**. 'ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിങ്ങ് സെന്റർ' എന്ന പേരിൽ മുൻ ഗിരിജനക്ഷേമ വകുപ്പിന്റെ ഭാഗമായി കേന്ദ്രസർക്കാറിന്റെ ധനസഹായത്തോടുകൂടി 1970 ഏപ്രിൽ മാസത്തിലാണ് ഈ വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്. 1979 ഒക്ടോബർ 23–ാം തീയ്യതി മുതൽ കിർടാഡ്സ് എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുനഃസംഘടിപ്പിക്കപ്പെട്ടു. അതോടുകൂടി വകുപ്പിന്റെ പ്രവർത്തന മേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേയ്ക്ക് കൂടി വ്യാപിച്ചു. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം വകുപ്പിന് ലഭിക്കുന്നുണ്ട്. പ്രശസ്ത നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷൽ ആഫീസർ എന്ന നിലയിൽ വകുപ്പിന്റെ (1970) തുടക്കം മുതൽ 1973 വരെ നേതൃത്വം വഹിച്ചിരുന്നത്.



ചിത്രം: 40 കിർടാഡ്സ് ക്യാമ്പസ് ആകാശദൃശ്യം[xxxvii]

## വകുപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

പട്ടികജാതി/ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെക്കുറിച്ചും, അവരുടെ ഉന്നമനത്തിനായി സർക്കാരും, മറ്റ് ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും പരിശീലന പരിപാടികളും അടിസ്ഥാനപരമായ ഗവേഷണപഠനങ്ങളും നടത്തുക, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക, വിവിധ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാർക്ക് എത്രമാത്രം ലഭ്യമായി എന്നതിനെക്കുറിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തുക, സംശയാസ്പദമായ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് സംവരണാദി ആനുകൂല്യങ്ങൾ അന്യസമുദായക്കാർ തട്ടിയെടുക്കുന്നത് തടയുന്നതിനുള്ള പരിശീലനം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും പൊതുവായ അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃക സംരക്ഷണം, പാരമ്പര്യ വൈദ്യ അറിവുകളുടെയും കലകളുടെയും പ്രോത്സാഹനം, സംരക്ഷണം എന്നിവയാണ് വകുപ്പിന്റെ മുഖ്യച്ചുമതലകൾ.



ചിത്രം: 41 കിർടാഡ്സ് ക്യാമ്പസ് [xxxviii]

# വകുപ്പിന്റെ ഘടന

സംസ്ഥാന സർക്കാരിന്റെ ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്തമായ ഒരുഘടനയാണ് കിർടാഡ്സിനുള്ളത്. വകുപ്പിന്റെ പ്രവർത്തനമേഖല സംസ്ഥാനമൊട്ടാകെ വ്യാപകമാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ ഓഫീസുകൾ വകുപ്പിനില്ല. എന്നാൽ 2019 മെയ് മാസത്തിൽ തിരുവനന്തപുരം പട്ടണത്തിലെ വെള്ളയമ്പലത്തുള്ള അയ്യൻകാളി ഭവനിൽ വകുപ്പിന്റെ ഒരു ഫീൽഡ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 1. ഗവേഷണവിഭാഗം (Research Wing)

നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം, സാമ്പത്തികശാസ്ത്രം, ഭാഷ, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളിലധിഷ്ഠിതമായ ഗവേഷണ പഠനങ്ങളാണ് പ്രധാനമായും ഗവേഷണ വിഭാഗത്തിൽ നടക്കുന്നത്. സംശയാസ്പദമായ ജാതി സർട്ടിഫിക്കറ്റുകളിലൂടെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന പ്രവണത തടയുന്നതിനു വേണ്ടി ഗവേഷണ വിഭാഗം സമുദായ നിർണ്ണയ പഠനങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. 1996 ലെ ആക്ട് 11 അനുസരിച്ച് ഗവേഷണ/ നരവംശശാസ്ത്ര വിഭാഗത്തെ ജാതിനിർണ്ണയത്തിനുള്ള വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് 'തട്ടിപ്പുകാരെ' കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സ്ക്രീനിംഗ് കമ്മിറ്റി, 'വ്യാജ ജാതി സർട്ടിഫിക്കറ്റ്' സമ്പാദിച്ച് ജോലി നേടിയവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സ്ക്രൂട്ടിനി കമ്മിറ്റി എന്നിവയ്ക്ക് വേണ്ടി നരവംശശാസ്ത്രപരമായ അന്വേഷണം നടത്തുന്നതിന് ഗവേഷണ വിഭാഗത്തിൽ ഒരു പ്രത്യേക വിജിലൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, നരവംശ ശാസ്ത്രവിഭാഗം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന വിവിധ സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക, വിദ്യാഭാസ തൊഴിൽമേഖലകളുടെ അവസ്ഥ വിശകലനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട പുരോഗതി കൈവരിച്ച സമുദായങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും പട്ടികയിൽ ഇല്ലാത്ത അർഹമായ സമുദായങ്ങളെ പുതുതായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവിശ്യമായ പഠനങ്ങൾ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ സംബന്ധിയായ പഠനങ്ങൾ തുടങ്ങിയവ നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ട്.



ചിത്രം: 42 ഫീൽഡ്തല വിവര ശേഖരണം[xxxix]

## 2. പരിശീലന വിഭാഗം (Training Wing)

പരിശീലനത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ വികസനവും ജീവിത സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും എന്ന ലക്ഷ്യത്തോടെയാണ് പരിശീലനവിഭാഗം പ്രവർത്തിക്കുന്നത്. സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ചും അവ പ്രായോഗികതലത്തിൽ ഗുണപ്രദമായി ഉപയുക്തപ്പെടുത്തുന്നതിനെക്കുറിച്ചും വളരെ ലളിതമായി പരിശീലനങ്ങളിലൂടെ സമുദായങ്ങളിലെത്തിക്കുക എന്നതും ഈ വിഭാഗത്തിന്റെ ലക്ഷ്യം തന്നെ. സമൂഹത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും മേൽ പ്രശ്നങ്ങളെ കണ്ടെത്തി അവ പരിഹരിക്കുവാനും വകുപ്പ് നടത്തുന്ന വിവിധങ്ങളായ പരിശീലന പരിപാടികളിലൂടെ സാധിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുവാനും അവരിൽ ആത്മവിശ്വാസം വളർത്തുവാനും മുഖ്യധാരാസമൂഹവുമായി മെച്ചപ്പെട്ട രീതിയിൽ ഇടപഴകുവാനും പരിശീലന പരിപാടികൾ അവരെ പ്രാപ്തരാക്കുന്നുണ്ട്. ഗോത്രവർഗ്ഗ മേഖല നേരിടുന്ന ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക

പ്രശ്നങ്ങളെ ദൂരീകരിക്കുവാനും സമുദായോന്നമനത്തിന് ആവശ്യം വേണ്ട നേതൃത്വഗുണം അംഗങ്ങളിൽ വാർത്തെടുക്കുവാനും പരിശീലന പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്ക് വിവിധ മേഖലകളിൽ പരിശ ശീലനം നൽകുന്നതോടൊപ്പം തന്നെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിനും വികാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റ് ഗവൺമെന്റേതിര ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും നേതാക്കൻമാർക്കുമെല്ലാം പരിശീലനങ്ങൾ സംഘടിപ്പിക്കാറുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതം, സംസ്കാരം എന്നിവയെക്കുറിച്ചുമുള്ള ഒരവബോധം അത്തരം പരിശീലനങ്ങളിലൂടെ സൃഷ്ടിക്കുവാൻ സാധിക്കുന്നുണ്ട്. അത്തരം ഒരവബോധം സമുദായങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിലറിയുവാനും അവയെ എളുപ്പത്തിൽ ദൂരീകരിക്കുവാനും ഉദ്യോഗസ്ഥരെ സഹായിക്കും. റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥർക്ക് കേരളത്തിലെ സമുദായങ്ങളെകുറിച്ചും, ജാതിസർട്ടിഫിക്കറ്റ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ചും ഏകദിന പരിശീലന ക്യാമ്പുകൾ നൽകാറുണ്ട്.



ചിത്രം: 43 കിർടാഡ്സിലെ പരിശീലന കെട്ടിടം[xxxx]



ചിത്രം: 44 സംയോജിത കലാഅവതരണ ശില്പശാല[xxxxi]

പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിലാവട്ടെ വിദ്യാഭ്യാസം, ശാക്തീകരണം, ആരോഗ്യപരം, തൊഴിൽദായകം, നേതൃത്വശേഷി വികാസം, കലാസാംസ്കാരിക ഉന്നമനം എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ പരിശീലനം നൽകുന്നു. വ്യക്തിത്വ വികാസത്തിനും ശാക്തീകരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികളും പരിശീലന വിഭാഗം സംഘടിപ്പിക്കാറുണ്ട്. ഗോത്ര ജനവിഭാഗങ്ങളുടെ കലകൾ, പാരമ്പര്യ വൈദ്യം, സ്ത്രീകളുടെ പദവി തുടങ്ങിയ വിവിധ വിഷയങ്ങളിൽ ദേശീയ–അന്തർദേശീയ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ സാമൂഹിക സാമ്പത്തികമേഖലകളിലും ഗുണാത്മകമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ പരിശീലനവിഭാഗത്തിനു സാധിക്കുന്നുണ്ട്.

## 2.1 വയനാട് ഗോത്രഭാഷ–കലാ പഠന കേന്ദ്രം

2018–19 സാമ്പത്തിക വർഷം 'വയനാട് ഗോത്രഭാഷ–കലാ പഠന കേന്ദ്രം' വകുപ്പിലെ ആദികലാഗ്രാമം പ്രവർത്തനങ്ങളുടെ ഭാഗമായി, പട്ടിക വർഗ്ഗ വികസന വകുപ്പുമായി യോജിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഠന കേന്ദ്രം പ്രവർത്തനത്തിന്റെ ഭാഗമായി 'വെട്ടകുറുമൻ, കുറിച്യൻ ഗോത്ര ജനതയുടെ തനത് ഭാഷ, വായ്മൊഴി സാഹിത്യം, കലകൾ' എന്ന പഠനം നടത്തിയിട്ടുണ്ട്.



ചിത്രം: 45 കുറിച്യരുടെ തിലാപത്ത്[xxxxii]

## 3. വികസന പഠനവിഭാഗം (Evaluation Wing)

പട്ടിക വിഭാഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുകയും, അവയുടെ നടത്തിപ്പിൽ കടന്നു കൂടിയിട്ടുള്ള അപാകതകളെ ഇല്ലാതാക്കി കൂടുതൽ പ്രയോജനകരമായ പദ്ധതികൾ നട പ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയുമാണ് വികസന പഠന വിഭാഗത്തിന്റെ ലക്ഷ്യം. ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം വഴി പട്ടിക വിഭാഗങ്ങൾക്കു വേണ്ടി നടപ്പി ലാക്കുന്ന വികസന പദ്ധതികളെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ടുകൾ സർക്കാറിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. ഇതു കൂടാതെ പട്ടിക വിഭാഗക്കാരുടെ സാമ്പത്തിക വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റിയും വിലയിരു ത്തൽ പഠനങ്ങൾ തയ്യാറാക്കി വരുന്നുണ്ട്.

### 3.1. ഭാഷാപഠനം (Linguistics Cell)

വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കൊല്ലം, തിരുവനന്തപുരം തുടങ്ങി വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് ശേഖരിച്ച ഭാഷാപര മായ വസ്തുതകൾ ഉപയോഗിച്ച് തയ്യാറാക്കിയ 13 വ്യാകരണ ഗ്രന്ഥങ്ങൾ, നിഘണ്ടു



ചിത്രം: 46 കുറുമ്പരുടെ പഞ്ചക്കാട് കൃഷിയിട പ്രദേശം[xxxxiii]

ക്കൾ, പാഠാവലികൾ എന്നിവ ഈ വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ ഗോത്രഭാഷകൾ സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പണിയൻ ഭാഷയ്ക്ക് ലിപി രൂപീകരിച്ചും കൊണ്ട് 2015 ൽ വകുപ്പ് ഒരു ഗവേഷണ പഠനം പൂർത്തീകരിച്ചിരുന്നു. ആയത് ഗോത്രഭാഷകളും പണിയൻ ഭാഷയ്ക്ക് ലിപി തയ്യാറാക്കലും എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 10 നിഘണ്ടുക്കളും, 10 വ്യാകരണ ഗ്രന്ഥങ്ങളും തയ്യാറാക്കുന്നതുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പണിയൻ, കാട്ടുനായിക്കൻ ഭാഷകൾക്ക് അങ്കൺവാടി, ഒന്നാം ക്ലാസ് തലങ്ങളിൽ പ്രൈമറുകൾ 2017-18 വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്. 2018-19 കാലയളവിൽ 'ചെത്തം' എന്ന പേരിൽ കാണി ഭാഷയിലും, 'പസറ്' എന്ന തലക്കെട്ടിൽ കൊറഗ ഭാഷയിലും കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 4. എത്നോളോജിക്കൽ മ്യൂസിയം (Ethnological Museum)

കേരളത്തിലെ ഗോത്രവർഗ്ഗങ്ങളുടെ അന്യം നിന്നു പോകുന്ന ഭൗതിക സംസ്കാരം സംരക്ഷിക്കുക എന്ന മുഖ്യ ഉദ്ദേശ്യലക്ഷ്യമാണ് ക്യാമ്പസിൽ സ്ഥിതി ചെയ്തിരിക്കുന്ന എത്നോളോജിക്കൽ മ്യൂസിയത്തിനുള്ളത്. പട്ടികവിഭാഗങ്ങളുടെ സാംസ്കാരിക

തനിമ, പാരമ്പര്യ അറിവുകൾ, സാങ്കേതിക വിദ്യകൾ മുതലായവ എടുത്തു കാണിയ്ക്കുന്ന വസ്തുക്കളുടെ ശേഖരമാണ് എത്നോലോജിക്കൽ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. എകദേശം രണ്ടായിരത്തോളം വസ്തുക്കളുടെ ശേഖരം ഈ മ്യൂസിയത്തിലുണ്ട്. പട്ടികവിഭാഗക്കാർ തീ ഉണ്ടാക്കാനുപയോഗിച്ചിരുന്ന ഉപകരണങ്ങൾ, മരവുരി, നായാട്ടുപകരണങ്ങൾ, വിവിധതരം അമ്പുകൾ, കെണികൾ, ധാന്യസംഭരണികൾ, സംഗീതോപകരണങ്ങൾ, ആഭരണങ്ങൾ, അവതരണകലകളുടെ ചമയങ്ങൾ, പട്ടികവിഭാഗ കലാകാരൻമാർ ശിൽപശാലകളിൽ നിർമ്മിച്ച കരകൗശല വസ്തുക്കൾ തുടങ്ങിയവ ഈ ശേഖരത്തിൽപ്പെടുന്നു. ഇത് കൂടാതെ ചോലനായ്ക്കൻമാർ, കാടർ, പണിയർ, വെട്ടകുറുമൻ, കുറുമ്പർ, മുതുവാൻ എന്നീ ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത വീടുകളുടെ മാതൃകകൾ തുടങ്ങിയവയും മ്യൂസിയത്തിൽ നിർമ്മിച്ച വെച്ചിട്ടുണ്ട്. വകുപ്പിന്റെ എത്നോലോജിക്കൽ മ്യൂസിയം ടൂറിസം മാപ്പിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. 2018–19 വർഷം നിലവിലെ മ്യൂസിയം നവീകരണത്തിന്റെയും സംസ്ഥാനത്തിലെ ഗോത്ര ജനവിഭാഗങ്ങളിൽപ്പെട്ട സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള നവീന മ്യൂസിയം നിർമ്മാണത്തിന്റെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.



ചിത്രം: 47 എത്തോളജിക്കൽ മ്യൂസിയം[xxxxiv]

# 5. ആദികലാകേന്ദ്രം (Adikalakendram)

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആദികലാകേന്ദ്രം. ഈ രംഗത്തെ മുഖ്യകലാകാരൻമാർക്കും, കലാസമിതികൾക്കും അവസരമൊരുക്കി കൊടുക്കുന്നതിനു വേണ്ടിയും ആദികലാകേന്ദ്രം ശ്രമിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെ ഭാഗമായി ഒരു ഓപ്പൺ എയർ സ്റ്റേജും തയ്യാറാക്കിയിട്ടുണ്ട്. മുഖ്യകലാകാരൻമാർ, കര കൗശല വിദഗ്ധർ, പട്ടികവിഭാഗക്കാരുടെ കലാസമിതികൾ എന്നിവയ്ക്ക് ധനസഹായം നൽകുക, അവരുടെ നൃത്തങ്ങൾക്ക് പരിശീലനക്കളരികൾ, ശില്പശാലകൾ, സെമിനാറു കൾ തുടങ്ങിയവ സംഘടിപ്പിക്കുക, അപൂർവ്വമായ കലാരൂപങ്ങൾ കണ്ടെത്തി അവയ്ക്ക് പഠ നക്കളരികൾ നടത്തുകയും അവ ബഹുവിധമാധ്യമത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ആദികലാകേന്ദ്രത്തിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ആദികലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ കലാകാരൻമാരുടെ സംസ്ഥാന/ ദേശീയതല ശിൽപ്പശാലകളും മേളകളും സംഘടിപ്പിക്കാറുണ്ട്.



ചിത്രം: 48 ആദികലാകേന്ദ്രം[xxxxv]

## 6. റിസർച്ച് ഫെലോഷിപ്പ്

പട്ടിക വിഭാഗക്കാരുടെ ജീവിതരീതി, അന്യം നിന്നുപോകുന്ന കലകൾ, വേഷങ്ങൾ, സമുദായ നിർണ്ണയ പഠനങ്ങൾ തുടങ്ങിയ ഗവേഷണങ്ങൾക്ക് എട്ട് റിസേർച്ച് ഫെലോഷിപ്പ് വകുപ്പ് നൽകാറുണ്ട്. ഫെലോഷിപ്പിലൂടെ കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ (പി.വി.ടി.ജി) അടിസ്ഥാന വിവരശേഖരണ സർവ്വേ 2007 ൽ പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

## 7. ലൈബ്രറി

നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം, മനഃശാസത്രം, സാമ്പത്തിക ശാസ്ത്രം, ചരിത്രം, സ്ത്രീ പഠനം, ഫോക്‌ലോർ തുടങ്ങിയ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പന്ത്രണ്ടായിരത്തിലധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി ഈ വകുപ്പിനുണ്ട്. ഇരുപത്തഞ്ചോളം ജേർണലുകൾ ലൈബ്രറിയിൽ വരുത്തുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗവേഷകരും മറ്റുള്ളവരും പഠനങ്ങൾക്കും മറ്റുമായി ലൈബ്രറി പ്രയോജനപ്പെടുത്താറുണ്ട്.



ചിത്രം: 49 ലൈബ്രറി[xxxxvi]

## 8. ഹ്രസ്വചിത്രങ്ങൾ (Documentaries)

കാടർ, കുറുമ്പർ, കാട്ടുനായിക്കൻ, ചോലനായിക്കൻ, കൊറഗർ എന്നീ അഞ്ച് അതീവ ദുർബല ഗോത്ര സമുദായങ്ങളുടെയും പണിയൻ, അടിയാൻ സമുദായങ്ങളെക്കുറിച്ചും 'പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം – 1989,'പട്ടിക വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം 2006 എന്നിവയെക്കുറിച്ചുമുള്ള ഹ്രസ്വചിത്രങ്ങൾ വകുപ്പ് നിർമ്മിച്ചിട്ടുണ്ട്. മുള്ളുക്കുറുമരുടെ ഉച്ചാർ, കുറിച്യരുടെ തിലാപത്ത്, മലയരുടെ പച്ചതമ്പിരാട്ടി കതിര്കേറ്റൽ എന്നീ ഗോത്രോത്സവങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷനും പൂർത്തീകരിച്ചിട്ടുണ്ട്.



ചിത്രം: 50 പച്ചതമ്പിരാട്ടി കതിര് കേറ്റൽ ഗോത്രോത്സവം[xxxxvii]

## 9. തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്ത് മൽസരം (Thalakkal Chandu Memorial Archery Competition)

1800–1812 കാലഘട്ടത്തിൽ മാതൃഭൂമിയുടെ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുന്നതിനു വേണ്ടി പടപൊരുതിയ വയനാടൻ മലനിരകളിലെ വില്ലാളിവീരന്മാരായ കുറിച്യരുടെയും കുറുമരുടെയും പടനായകനായിരുന്നു തലയ്ക്കൽ ചന്തു. അദ്ദേഹത്തിന്റെ സ്മരണ നില



ചിത്രം: 51 36–ാമത് തലയ്ക്കൽ ചന്തു സംസ്ഥാനതല അമ്പെയ്ത്തു മത്സരം[xxxxviii]

നിർത്തുന്നതിനും പട്ടികവർഗ്ഗക്കാരുടെ അമ്പെയ്ത്തിലുള്ള പ്രാവീണ്യം പരിപോഷിപ്പിക്കുന്നതിനും വേണ്ടിയാണ് വകുപ്പ് വർഷംതോറും തലയ്ക്കൽ ചന്തു സ്മാരക റോളിംഗ്ട്രോഫിക്കുവേണ്ടിയുള്ള തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്തു മൽസരം ഏർപ്പെടുത്തിയിരിക്കുന്നത്. 2019–20 സാമ്പത്തിക വർഷം ദേശീയ തലത്തിൽ തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്തു മൽസരം സംഘടിപ്പിക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

## 10. വംശീയ വൈദ്യം (Ethnomedicine)

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങൾ വകുപ്പ് നടത്താറുണ്ട്. പാരമ്പര്യ വൈദ്യവിദഗ്ധനായ ശ്രീ. അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ മാനന്തവാടിയിലെ വാളാട് കേന്ദ്രമാക്കി വംശീയ വൈദ്യപഠനകേന്ദ്രം ആരംഭിക്കുകയും, എട്ട് പേർ ത്രിവർഷ വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 31 വംശീയ വൈദ്യന്മാരുടെ അറിവാണ് പ്രസ്തുത കോഴ്സിൽ വിദ്യാർത്ഥികൾക്ക് ലഭിച്ചത്. കേരളത്തിലും പുറത്തും ഇന്ത്യയിലെ വിവിധ ജില്ലകളിലും വംശീയ വൈദ്യന്മാരുടെ ചികിൽസാ ക്യാമ്പ് നടത്താറുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഒറ്റമൂലി ചികിൽസയിലുള്ള അറിവ് മറ്റുള്ളവർ തട്ടിയെടുക്കുന്നത് തടയാനായി കേരള ട്രൈബൽ ഇന്റലക്ച്വൽ



ചിത്രം: 52 ഗോത്ര പാരമ്പര്യ വൈദ്യ ചികിത്സാ ക്യാമ്പ്

പ്രോപ്പർട്ടി റൈറ്റ്സ് ബിൽ 1996 ൽ കരട് രൂപം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 2013, 2016 വർഷങ്ങളിൽ ഗോത്ര പാരമ്പര്യ വൈദ്യന്മാരുടെ പേരുവിവരങ്ങൾ, ചികിത്സാപ്രാവീണ്യം എന്നിവ ഉൾപ്പെടുത്തി പേരുവിവര സൂചിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 12. വംശീയ ഭക്ഷണം (Ethnic Food)

പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ ഭക്ഷണരീതികളും ഭക്ഷണസാധനങ്ങളും ഉൾപ്പെടുന്നതാണ് വംശീയ ഭക്ഷണം എന്നു പറയാം. സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിന്റെ ഭാഗമായും, അല്ലാതെയും, വകുപ്പ് സംഘടിപ്പിക്കുന്ന വിപണനമേളകളിൽ തിരുവനന്തപുരം, പാലക്കാട് (അട്ടപ്പാടി), വയനാട് ജില്ലകളിലെ പട്ടികവർഗ്ഗക്കാരുടെ വംശീയ ഭക്ഷ്യമേളകൾ ഒരുക്കാറുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാണി ഗോത്ര ജനതയുടെ തേനും തിനമാവും, കൂൺകറി, വയണ ഇലയിൽ ഉണ്ടാക്കിയ അപ്പം എന്നിവയും അട്ടപ്പാടി ഗോത്ര വിഭാഗക്കാരുടെ റാഗിവടയും, തിന ഉപ്പ്മാവ്, തുമര കറി, ചുക്കുകാപ്പി തുടങ്ങിവയും വയനാട്ടിലെ മുള്ളുക്കുറുമരുടെ ദോശ, കാരക്കുണ്ട് അപ്പം, മുളയരിക്കഞ്ഞി തുടങ്ങിയ വംശീയ ഭക്ഷണങ്ങളും മേളകളിൽ പ്രത്യേകം ശ്രദ്ധയാകർഷിക്കാറുണ്ട്.





ചിത്രം: 53, 54 വെട്ടകുറുമരുടെ തനത് ഭക്ഷ്യ വിഭവങ്ങൾ[xxxxix]

വർഷംതോറും സംസ്ഥാനതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ചേർന്ന് സംഘടിപ്പിക്കുന്ന 'ഗദ്ദിക–ഉൽപ്പന്ന പ്രദർശന വിപണന മേള, നാടൻകലാമേളയിൽ' വിവിധ ഗോത്ര സമൂഹങ്ങളുടെ പാരമ്പര്യ ഭക്ഷ്യ വിഭവങ്ങളുടെ മേളകളും തത്സമയ അവതരണവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാറുണ്ട്.

1970 ൽ പ്രവർത്തനം ആരംഭിച്ച കാലം മുതൽ സംസ്ഥാനത്തിലെ ഗോത്ര ഗവേഷണ സ്ഥാപനം (Tribal Research Institute) എന്ന നിലയിൽ ഒട്ടേറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഭിന്ന തലങ്ങളിൽ സംസ്ഥാനത്തിലെ ഗോത്ര ജനസമൂഹങ്ങളുടെ ഉന്നമനത്തിനും അവകാശ സംരക്ഷണത്തിനും സഹായകമായിട്ടുണ്ട്.

## കേരളത്തിലെ പട്ടികവർഗ്ഗക്കാർ (2011 സെൻസസ്)

| ക്രമ നമ്പർ | പട്ടികവർഗ്ഗം | പുരുഷൻ | സ്ത്രീ | ആകെ | % ആകെ ജനസംഖ്യ |
|---|---|---|---|---|---|
| 1 | അടിയാൻ | 5515 | 6011 | 11526 | 2.377 |
| 2 | അരനാടൻ | 129 | 154 | 283 | 0.058 |
| 3 | ഇരവാലൻ | 2362 | 2435 | 4797 | 0.989 |
| 4 | ഹിൽപുലയ, മലപുലയൻ, കുറുമ്പ പുലയൻ കരവഴി പുലയൻ പാമ്പ പുലയൻ | | | | |
| | 1461 | 1498 | 2959 | 0.610 | |
| 5 | ഇരുളർ, ഇരുളൻ | 11766 | 11955 | 23721 | 4.893 |
| 6 | കാടർ, വയനാട് കാടർ | 1454 | 1495 | 2949 | 0.608 |
| 7 | കാണിക്കാരൻ, കാണിക്കാർ | 9975 | 11276 | 21251 | 4.383 |
| 8 | കാട്ടുനായിക്കൻ | 9039 | 9160 | 18199 | 3.754 |
| 9 | കൊച്ചു വേലൻ | 22 | 16 | 38 | 0.008 |
| 10 | കൊറഗ | 778 | 804 | 1582 | 0.326 |
| 11 | കുടിയ, മേലക്കുടി | 403 | 382 | 785 | 0.162 |
| 12 | കുറിച്യൻ, കുറിച്ചിയൻ | 17643 | 17528 | 35171 | 7.254 |
| 13 | കുറുമർ, മുള്ളുകുറുമൻ, മുള്ളകുറുമൻ, മലക്കുറുമൻ | 12148 | 12357 | 24505 | 5.054 |

| | | | | | |
|---|---|---|---|---|---|
| 14 | കുറുമ്പർ, കുറുമ്പൻ | 1302 | 1284 | 2586 | 0.553 |
| 15 | മഹാമലസർ | 71 | 83 | 154 | 0.032 |
| 16 | മലൈ അരയൻ, മലഅരയൻ | 16622 | 16594 | 33216 | 6.851 |
| 17 | മലൈ പണ്ടാരം | 1227 | 1195 | 2422 | 0.500 |
| 18 | മലൈവേടൻ, മലവേടൻ | 3901 | 4248 | 8149 | 1.681 |
| 19 | മലക്കുറവൻ | 88 | 87 | 175 | 0.036 |
| 20 | മലസർ | 1607 | 1588 | 3195 | 0.659 |
| 21 | മലയൻ, നാട്ടുമലയൻ, കൊങ്ങമലയൻ | 2290 | 3027 | 5317 | 1.220 |
| 22 | മലയരയർ | 762 | 806 | 1568 | 0.323 |
| 23 | മന്നാൻ | 4792 | 4988 | 9780 | 2.017 |
| 24 | മുതുവാൻ, മുഡുഗർ, മുഡുവാൻ | 11931 | 11815 | 23746 | 4.898 |
| 25 | പള്ളിയൻ, പള്ളിയാർ, പലിയൻ | 736 | 728 | 1464 | 0.302 |
| 26 | പണിയൻ | 42775 | 45675 | 88450 | 18.243 |
| 27 | ഉള്ളാടൻ | 7877 | 8353 | 16230 | 3.348 |
| 28 | ഊരാളി | 5602 | 5577 | 11179 | 2.306 |
| 29 | മലവേട്ടുവൻ | 8852 | 9017 | 17869 | 3 .686 |
| 30 | തേൻകുറുമ്പൻ, ജേനുകുറുമ്പൻ | 10 | 15 | 25 | 0.005 |
| 31 | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ | 859 | 886 | 1745 | 0.360 |
| 32 | ചോലനായിക്കൻ | 72 | 52 | 124 | 0.026 |
| 33 | മാവിലാൻ | 14972 | 15895 | 30867 | 6.366 |
| 34 | കരിംപാലൻ | 6902 | 7196 | 14098 | 2.908 |
| 35 | വെട്ടകുറുമൻ | 346 | 393 | 739 | 0.152 |
| 36 | മലണിക്കർ | 474 | 549 | 1023 | 0.211 |
| | സമുദായം രേഖപ്പെടുത്താത്തവർ | 62352 | 30838 | 31514 | 0.262 |
| | **ആകെ** | **238203** | **246636** | **484839** | |

# കുറിപ്പുകൾ

i PC രശ്മിപ്രഭ യു.പി

ii PC രശ്മിപ്രഭ യു.പി

iii PC കെ.എസ് പ്രദീപ് കുമാർ

iv PC ഷെബിൻ മൂപ്പരുവീട്

v PC കെ.എസ് പ്രദീപ് കുമാർ

vi PC ഷെബിൻ മൂപ്പരുവീട്

vii PC കെ.എസ് പ്രദീപ് കുമാർ

viii PC കെ.എസ് പ്രദീപ് കുമാർ

ix PC ബാലൻ നന്മണ്ട

x PC കെ.എസ് പ്രദീപ് കുമാർ

xi PC കെ.എസ് പ്രദീപ് കുമാർ

xii PC കിർടാഡ്സ്

xiii PC ഷെബിൻ മൂപ്പരുവീട്

xiv PC ഷെബിൻ മൂപ്പരുവീട്

xv PC കെ.എസ് പ്രദീപ് കുമാർ

xvi PC കെ.എസ് പ്രദീപ് കുമാർ

xvii PC കെ.എസ് പ്രദീപ് കുമാർ

xviii PC ഷെബിൻ മൂപ്പരുവീട്

xix PC കെ.എസ് പ്രദീപ് കുമാർ

xx PC കെ.എസ് പ്രദീപ് കുമാർ

xxi PC കെ.എസ് പ്രദീപ് കുമാർ

xxii PC കെ.എസ് പ്രദീപ് കുമാർ

xxiii PC കെ.എസ് പ്രദീപ് കുമാർ

xxiv PC ഷെബിൻ മൂപ്പരുവീട്

xxv PC കിർടാഡ്സ്

xxvi PC കെ.എസ് പ്രദീപ് കുമാർ

xxvii PC കെ.എസ് പ്രദീപ് കുമാർ

xxviii PC കെ.എസ് പ്രദീപ് കുമാർ

xxix PC കെ.എസ് പ്രദീപ് കുമാർ

xxx PC കെ.എസ് പ്രദീപ് കുമാർ

xxxi PC അനീഷ് എം.എസ്

xxxii PC അനീഷ് എം.എസ്

xxxiii PC അനീഷ് എം.എസ്

xxxiv ('സ്വതന്ത്ര്യ ഇന്ത്യയിൽ പട്ടികജാതി പട്ടിവർഗ്ഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളികൾ' സംബന്ധിച്ച് 2018 –ൽ കേരള സംസ്ഥാന നിയമസഭ സംഘടിപ്പിച്ച സാമാജികരുടെ ദേശീയ കോൺഫറൻസിൽ പ്രൊഫ. (ഡോ) ഗോപാൽ ഗുരു നടത്തിയ പ്രഭാഷണത്തെ അധികരിച്ചുള്ള റിപ്പോർട്ട്)

xxxv PC കെ.എസ് പ്രദീപ് കുമാർ

xxxvi PC അനീഷ് എം.എസ്

xxxvii PC കിർടാഡ്സ്

xxxviii PC കിർടാഡ്സ്

xxxix PC കിർടാഡ്സ്

xxxx PC കിർടാഡ്സ്

xxxxi PC കിർടാഡ്സ്

xxxxii PC സരിഗ & ഷബാന

xxxxiii PC ഷെബിൻ മൂപ്പരുവീട്

xxxxiv PC ഷെബിൻ മൂപ്പരുവീട്

xxxxv PC കിർടാഡ്സ്

xxxxvi PC കിർടാഡ്സ്

xxxxvii PC ഷെബിൻ മൂപ്പരുവീട്

xxxxviii PC കിർടാഡ്സ്

xxxxix PC ഷെബിൻ മൂപ്പരുവീട്

# കേരളത്തിലെ പട്ടിക വർഗ്ഗ ജനതയുടെ സവിശേഷതകൾ ജീവിത ചുറ്റുപാടുകൾ

# Specialties and Life Settings of Tribal People in Kerala

ഗോത്ര ജനതയിലെ ബഹുഭൂരിപക്ഷവും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. നഗര പ്രദേശങ്ങളിലെ ഗോത്ര ജനതയുടെ പ്രാ ശതമാനം മാത്രമാണ്. ഗ്രാമങ്ങളിലാവട്ടെ കുന്നിൻ പ്രദേശങ്ങളിലോ, വനപ്രദേശങ്ങളിലോ, ഉൾവനത്തിലോ ആണ് ഗോത്ര സ മിക്ക താമസ ഇടങ്ങളും സങ്കേതങ്ങളും കാണുവാൻ സാധിക്കുക. അത്തരമൊരു ജീവിതം ശാസ്ത്ര സാങ്കേതിക മുന്നേ ദ്രുതഗതിയിൽ മാറുന്ന ലോകക്രമത്തിന്റെയും ഫലമായി ഉടലെടുക്കുന്ന ജീവിത ചുറ്റുപാടുകളോട് വേണ്ട രീതിയിൽ ജീവിക്കുന്നതിന് കഴിയാത്ത സാഹചര്യം മിക്ക ഗോത്ര സങ്കേതങ്ങളിലും സമൂഹങ്ങളിലും നിലനിർത്തുന്നുണ്ട്. ഇതിന് കാരണം അനേക വർഷങ്ങളിലൂടെ മറ്റു ജനവിഭാഗങ്ങളാൽ രൂപപ്പെടുത്തിയ, തങ്ങൾക്കു തികച്ചും അപരിചിതമാ ഉപാധികളെയും ആചാരാനുഷ്ഠാനങ്ങളെയും മറ്റും ഉൾക്കൊണ്ട് ജീവിക്കുവാൻ ചുരുങ്ങിയകാലയളവിൽ നിർബന്ധിക്കപ്പെട്ടു എന്നതാണ്. ഈയൊരു സാഹചര്യത്തിലാണ് മാറിവരുന്ന ലോകക്രമത്തിന് അനുസൃതമായി ഗോത്ര ജന പ്രാപ്തരാക്കുന്നതിലേക്ക് വിവിധങ്ങളായ പരിശീലന പരിപാടികൾ ഗോത്ര സമുദായംഗങ്ങൾക്കും സർക്കാർ വ ജീവനക്കാർക്കുമായി വകുപ്പ് സംഘടിപ്പിക്കുന്നത്. 2019–20 വർഷത്തെ പരിശീലന പരിപാടികളെ ഉദ്ദേശിച്ചുള്ള ഈ സംസ്ഥാനത്തിലെ ഗോത്ര ജനതയുടെ സവിശേഷതകളെക്കുറിച്ചും ജീവിത സാഹചര്യങ്ങളെക്കുറിച്ചും പട്ടിക വർഗ്ഗ സ വികസനത്തിൽ വിവിധ സാമൂഹിക–സാംസ്ക്കാരിക ഘടകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുമുള്ള കൃത്യമായ ധാരണ സഹായകമാണ്.

KIRTADS Department
www.kirtads@kerala.gov.in

ISBN 9 788194 168515

Anthropology/Sociology/Folklore/ History/Social Sciences

The Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes (KIRTADS)
Kozhikode, Kerala